Reg. No. C. 101 M: 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 ഇടവം 24—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ജൂൺ 7 | ലക്കം 39

## ജീവിതമൂല്യം

(ജോസഫ് അഞ്ചനാട്ട് ബി. എ.)

ഈ ദൃശ്യപ്രപഞ്ചത്തെയും അതിൽ പ്രവർത്തനംനടത്തുന്ന പ്രകൃതിശക്തികളെയും നിരീക്ഷണംചെയ്യുന്ന എല്ലാവർക്കും സ്പഷ്ടമായി ഗ്രഹിക്കാവുന്ന ഒരു കാര്യമുണ്ടു്. അതായതു്, പ്രകൃതിശക്തികളെല്ലാം പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു് നിയതമായ ചില നിയമങ്ങൾക്കു വിധേയമായിട്ടാണു്. ലോകാരംഭംമുതൽ സൂര്യൻ കിഴക്കുദിക്കുകയും പടിഞ്ഞാറു് അസ്തമിക്കുകയും ചെയ്യുന്നു. സുദീർഘമായ ഈ കാലയളവിനുള്ളിൽ ഒരൊററ ദിവസത്തേക്കെങ്കിലും ഈ നിയമത്തിനു വിരുദ്ധമായി അതു പ്രവർത്തിച്ചിട്ടില്ല. ഏററവും സൂക്ഷ്മതയോടുകൂടി നിർമ്മിച്ചിരിക്കുന്ന ഘടികാരത്തെപ്പോലും പരാജയപ്പെടുത്തത്തക്കവിധം, അത്ര വലിയ സമയനിഷ്ഠയോടുകൂടിയാണു് ബ്രഹ്മാണ്ഡമായ ആ ആകാശഗോളം സ്വകൃത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. സമുദ്രം അടുത്തുള്ള ഭൂവിഭാഗങ്ങളെയൊന്നും ആക്രമിച്ചുകടക്കാതെ, നിർദ്ദിഷ്ടസ്ഥാനത്തുമാത്രം നിലകൊള്ളുന്നു. അനന്തമായ ആകാശമണ്ഡലത്തിലെ അനേകകോടി നക്ഷത്രങ്ങൾ തങ്ങളുടെ നിലയും ഗതിയും അണുവിട തെററാതെ ഭ്രമണംചെയ്തുകൊണ്ടിരിക്കുന്നു. ഋതുചക്രം അനുസ്യൂതം കറങ്ങുന്നു. ഇങ്ങനെ വിചക്ഷണനായ ഒരു യാന്ത്രികവിദഗ്ദ്ധൻ ക്രമപ്പെടുത്തി നടത്തുന്ന ഒരു യന്ത്രസമൂഹംപോലെയാണു് ഈ പ്രപഞ്ചം പ്രവർത്തനം നടത്തുന്നതു്.

ഇനി ഒരു മനുഷ്യൻെറ പ്രവൃത്തികളെ പരിശോധിക്കുക. ഏതൊരു വ്യക്തിയുടെയും ഏതെങ്കിലുമൊരു പ്രവൃത്തിയുടെ പിന്നിൽ ഒരു ഉദ്ദേശ്യവും ഒരു ലക്ഷ്യവും നിലനില്ക്കുന്നതായി കാണാം. ബുദ്ധിശക്തി ശരിയായി വികസിച്ചിട്ടില്ലെന്നു നാം പരിഗണിക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾപോലും ഒരു ഉദ്ദേശ്യമില്ലാതെ—അതെത്രതന്നെ ബാലിശവും അസ്പഷ്ടവുമായിരുന്നുകൊള്ളട്ടെ—യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നുവേണം വിചാരിക്കുവാൻ. മററു മൃഗങ്ങൾ കേവലം പ്രകൃതിദത്തമായ വാസനകളനുസരിച്ചു് പ്രവൃത്തികളിലേർപ്പെടുമ്പോൾ, മനുഷ്യൻമാത്രം ഓരോന്നിൻെറയും കാര്യകാരണങ്ങളെപ്പററി ചിന്തിച്ചു്, ഭവിഷ്യത്തുകളെ തൂക്കിനോക്കി വ്യക്തമായ തീരുമാനങ്ങൾ ചെയ്യുന്നു. ഭാവിയിൽ ഒരു ഭിഷഗ്വരനാകുവാൻ ഉദ്ദേശിക്കുന്ന ആൾ, വൈദ്യവിഷയകമായ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വക്കീലാകുവാൻ ഇച്ഛിക്കുന്നവൻ നിയമശാസ്ത്രത്തിൽ പ്രാവീണ്യം നേടുന്നു. തകരവിളക്കിനു മുമ്പിൽ കുനിഞ്ഞുകിടന്നു്, നോട്ടുബുക്കിൽ എന്തൊക്കെയോ കുത്തിക്കുറിക്കുന്ന ചെറുവിദ്യാർത്ഥിയുടെ ലക്ഷ്യം, വല്ലവിധേനയും പരീക്ഷയിൽ ഒന്നു കടന്നുകൂടിയാൽ മതിയെന്നാണു്. ഇങ്ങനെ മനുഷ്യൻെറ ഗൗരവതരവും നിസ്സാരവുമായ എല്ലാ പ്രവൃത്തികളെയും അപഗ്രഥിച്ചുനോക്കുന്നപക്ഷം, അവയ്ക്കു പ്രചോദനം നല്കുന്ന ചില ലക്ഷ്യങ്ങൾ നിലനില്ക്കുന്നതായി കാണാം. സുബുദ്ധി നശിച്ച നിർഭാഗ്യവാന്മാർമാത്രമാണു് ഈ നിയമത്തിനൊരപവാദം.


പ്രപഞ്ചസംവിധാനത്തിൽ കാണുന്ന അത്ഭുതാവഹമായ ക്രമീകരണം, അതു ഒരു ലക്ഷ്യത്തോടുകൂടി വിനിർമ്മിതമാണെന്നു തെളിയിക്കുന്നു. മനുഷ്യവ്യക്തിയുടെ നിസ്സാരമായ പ്രവർത്തനങ്ങളിൽപ്പോലും ഒരു ലക്ഷ്യം അവനെ നയിക്കുന്നു. വസ്തുതകൾ ഇങ്ങനെയിരിക്കെ, മനുഷ്യജീവിതമാകുന്ന ആ മഹാ പ്രശ്നത്തിൻെറതന്നെ ലക്ഷ്യമെന്താണെന്നുള്ളതിനെപ്പററി നാം ചിന്തിച്ചുപോകുന്നു. മനുഷ്യജീവിതത്തിൻെറ യഥാർത്ഥമായ മൂല്യവും അർത്ഥവും എന്തു് എന്ന ബൃഹത്തായ പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ ഏതോ ഒരു ലക്ഷ്യത്തോടുകൂടിയെന്നവിധം ക്രമീകൃതമായി പ്രവർത്തനം നടത്തുമ്പോൾ, ഒരു പൈതലിൻെറ നിസ്സാരമായ ഒരു ലീലപോലും ഒരു ഉദ്ദേശ്യത്താൻ നയിക്കപ്പെടുമ്പോൾ, മനുഷ്യജീവിതംമാത്രം ഉദ്ദേശ്യരഹിതവും അർത്ഥരഹിതവുമാണെന്നുവരുമോ? വലിയ ചിന്തകന്മാരെയും തത്വവാദികളെയും മാത്രമല്ല, കേവലം സാധാരണക്കാരെപ്പോലും അലട്ടുന്നവയാണു് പ്രസ്തുത പ്രശ്നങ്ങൾ. ആ പ്രശ്നങ്ങൾക്കു തൃപ്തികരമായ പ്രത്യുത്തരം ലഭിക്കാതിരിക്കുന്ന കാലത്തോളം, മനുഷ്യഹൃദയം തികച്ചും അസ്വസ്ഥമായിരിക്കും.

പൗരാണികകാലത്തു് നോർത്തംബ്രിയായെ ഭരിച്ചിരുന്ന ഒരു രാജാവു് ക്രിസ്തുമതം സ്വീകരിക്കുവാൻ നിശ്ചയിച്ചു. അതറിഞ്ഞു് അദ്ദേഹത്തിൻെറ സദസ്യരിലൊരാൾ അദ്ദേഹത്തോടു പറഞ്ഞു: "തിരുമേനി, ശീതകാലത്തെ തണുപ്പേറിയ രാത്രികളിൽ നാം തീകാഞ്ഞുകൊണ്ടിരിക്കുമ്പോൾ, പലപ്പോഴും കണ്ടിട്ടുള്ള ഒരു സംഭവം അങ്ങു് ഓർക്കുന്നുണ്ടോ? ഇരുളിൽനിന്നും തുറന്നിട്ടിരിക്കുന്ന ജനാലയിൽക്കൂടി ഒരു ചെറിയ പക്ഷി, നമ്മുടെ മുറിക്കുള്ളിലേക്കു പാഞ്ഞുകയറി, അല്പസമയം ചുററിപ്പറന്ന ശേഷം, എതിരെയുള്ള ജനാലയിൽക്കൂടി വീണ്ടും ഇരുളിലേക്കു നിഷ്ക്രമിക്കുമായിരുന്നു. അതുപോലെതന്നെയാണു് മനുഷ്യൻെറ ജീവിതവും. ജനനമാകുന്ന ജനാലയിൽക്കൂടി ഈ ജീവിതത്തിലേക്കു നാം പ്രവേശിക്കുന്നു. മരണത്തിൻെറ കവാടം കടന്നു അനന്തതയിലേക്കു നിഷ്ക്രമിക്കുന്നു. ഇരുളിൽനിന്നു വന്നു, ഇരുളിലേക്കു നടന്നകലുന്നവരാണു നാം. ഈ പ്രശ്നത്തിനു തൃപ്തികരമായ സമാധാനം നല്കുവാൻ അങ്ങയുടെ പുതിയ മതത്തിനു കഴിയുമെങ്കിൽ, ഞാനും അതു സ്വീകരിച്ചുകൊള്ളാം."

നോർത്തംബ്രിയായിലെ ആ രാജസേവകൻ പ്രകടിപ്പിച്ച മനോഭാവം, അദ്ദേഹത്തിനുമാത്രം സ്വന്തമായിട്ടുള്ള ഒന്നല്ലായിരുന്നു. ക്രിസ്തുമതത്തിൻെറ ആവിർഭാവത്തിനുമുൻപു പ്രാബല്യത്തിലിരുന്ന പേയ്ഗനിസത്തിനു്, ജനതതിക്കു സമർപ്പിക്കുവാൻ വ്യക്തമായ ഒരു ജീവിതതത്വശാസ്ത്രം (Philosophy of life) ഉണ്ടായിരുന്നില്ല. ജീവിതത്തിലെ ഉററുനോക്കുന്ന പ്രശ്നങ്ങളുടെ മുൻപിൽ അവർ കണ്ണടച്ചുകളഞ്ഞു. ജീവിതത്തിൻെറ യഥാർത്ഥമായ മൂല്യത്തെപ്പററി നിഷ്കൃഷ്ടമായ ഒരു ബോദ്ധ്യമില്ലാതിരുന്നതിനാൽ, സുഖഭോഗലാലസതയുടെ അടിത്തട്ടുവരെ അവർ മുങ്ങിത്തപ്പി. പൗരാണികയവനലോകത്തിലെ ഏററവും വലിയ തത്വജ്ഞാനായിരുന്ന സോക്രട്ടിസിനുപോലും, മനുഷ്യജീവിതത്തിൻെറ യഥാർത്ഥമായ ഉദ്ദേശ്യത്തെക്കുറിച്ചോ, മരണാനന്തരസ്ഥിതിയെക്കുറിച്ചോ വ്യക്തമായ അറിവൊന്നും ഇല്ലായിരുന്നു. തത്ഫലമായി "തിന്നുക, കുടിക്കുക, ആനന്ദിക്കുക; എന്തുകൊണ്ടെന്നാൽ നാളെ നാം മരിക്കും" എന്ന മനോഭാവം പേയ്ഗൻ ജനസാമാന്യത്തിൽ ദൃഢമൂലമായിത്തീർന്നു. അങ്ങനെ ജീവിതമൂല്യത്തെപ്പററിയുള്ള ഭയനീയമായ അജ്ഞത ഒരു മൂടൽമഞ്ഞുപോലെ പൗരാണികലോകത്തെ ഗ്രസിച്ചിരുന്നു.

പൊടുന്നനവെ പലസ്തീനയുടെ പ്രാന്തങ്ങളിൽ മനോഹരമായ ഒരു പ്രഭാപൂരം ദൃശ്യമായി. "ഞാൻ ലോകത്തിൻെറ ദീപമാകുന്നു" എന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപനംചെയ്തുകൊണ്ടു് ക്രിസ്തുനാഥൻ മുമ്പോട്ടുവന്നു. അജ്ഞതയുടെയും അവ്യക്തതയുടെയും അനിശ്ചിതത്വത്തിൻെറയും തമസ്സിൽ തപ്പിത്തടഞ്ഞിരുന്ന ലോകത്തിനു്, മററന്തിനെക്കാളുമാവശ്യം സനാതനസത്യത്തിൻെറ കിരണകന്ദളം പൊഴിക്കുന്ന ഒരു ദീപംതന്നെയായിരുന്നു. അവിടുത്തെ അനുഗാമികൾക്കു് ഇനി അന്ധകാരത്തിൽ നടക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കാരണം വഴിയും സത്യവും ജീവനുമായ അവിടുന്നു് യഥാർത്ഥമായ വഴിയും, അവികലമായ സത്യവും, ശാശ്വതമായ ജീവനും ലോകത്തിനു കാണിച്ചുകൊടുത്തു. മനുഷ്യജീവിതത്തിൻെറ അർത്ഥത്തെപ്പററി വാദപ്രതിവാദം നടത്തേണ്ട ആവശ്യം അതിൽപ്പിന്നെ തത്വവാദികൾക്കു ഇല്ലാതായി. മനുഷ്യൻ എവിടെനിന്നു വരുന്നുവെന്നും എവിടേക്കുപോകുന്നുവെന്നുമുള്ള സുപ്രധാനമായ പ്രശ്നങ്ങൾക്കു് വ്യക്തവും സുഗമവുമായ സമാധാനം ലോകത്തിനു ലഭിച്ചു. "ലോകം മുഴുവൻ നേടിയെന്നിരുന്നാലും ആത്മാവു നശിച്ചാൽ എന്തുഫലം?" "ഒരു മനുഷ്യൻ തൻെറ ആത്മാവിനു പകരമായി എന്തു കൊടുക്കും?" ക്രിസ്തു ലോകത്തിനു നല്കിയ പുതിയജീവിതതത്വശാസ്ത്രം സമഗ്രമായി അടക്കിക്കൊള്ളുന്ന അർത്ഥഗംഭീരമായ വാക്യങ്ങളാണിവ.

കത്തോലിക്കമതം പ്രസന്നതയുടെ മതമാണു്. കാരണം ജീവിതത്തെപ്പററി പ്രസന്നമായ ഒരു തത്വശാസ്ത്രമാണു് അതിനുള്ളതു്. ഇന്നു ജീവിക്കുന്ന ഏററം വിനീതമായ ഒരു കത്തോലിക്കനുപോലും, ഒരു പിഞ്ചുപൈതലിനുപോലും, ക്രിസ്തുവിനുമുമ്പുള്ള തത്വവാദികളെക്കാൾ ഈ വിഷയത്തിൽ ഉറപ്പുണ്ടു്. നീ എന്തിനു ലോകത്തിൽ ജീവിക്കുന്നുവെന്നു് ഒരു പിഞ്ചുപൈതലിനോടു ചോദിച്ചാൽ, തൻെറ ചെറിയ വേദോപദേശത്തിലെ മനോഹരമായ വാക്കുകളിൽ അവൻ മറുപടി പറയും: "ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു സേവിച്ചു നിത്യമായി രക്ഷപെടുവാൻ." ഇരുളിൽ മരുഭൂമിയിൽക്കൂടി ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയുന്ന വഴിപോക്കനെപ്പോലെയോ, ആകാശത്തിൽക്കൂടി എവിടേക്കെന്നില്ലാതെ പായിക്കപ്പെടുന്ന ശരൽക്കാലമേഘത്തെപ്പോലെയോ, "കാലപ്രവാഹത്തിലാലംബമില്ലാതെ ഝോലതുരന്ദിരന്ന"പ്പോലെയോ, അല്ല ഒരു കത്തോലിക്കൻ. ജീവിതമാകുന്ന ഈ പ്രയാണത്തിൽ മാർഗ്ഗം തെളിക്കുവാൻ വിശ്വാസത്തിൻെറ കൈത്തിരി അവൻെറ കൈവശമുണ്ടു്. അനിശ്ചിതത്വത്തിനും ആപത്ശങ്കയ്ക്കും അവനു് അവകാശമില്ല. അവൻെറ ജീവിതനൗകയ്ക്കു ചെന്നെത്തി വിശ്രമിക്കുവാൻ സുനിശ്ചിതമായ ഒരു തുറമുഖമുണ്ടു്.



കൊററമത്തിപ്പള്ളി

# യാക്കോബായസഭാംഗങ്ങളും കത്തോലിക്കാ പുനരൈക്യവും

“യാക്കോബ്യർ ആദിയായ അകത്തോലിക്കരുടെ മാനസാന്തരത്തിനു പററിയ നിരവധി ലേഖനങ്ങളും വാർത്തകളും പ്രതിവാരം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന “സത്യദീപം” ഇന്നാട്ടിലെ സത്യാന്വേഷികളായ അകത്തോലിക്കരുടെയിടയിൽ പ്രചരിപ്പിക്കുന്നതിന് കേരളീയകത്തോലിക്കർ കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നുള്ള വിവരവും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. വായിച്ചുകഴിഞ്ഞശേഷം പത്രങ്ങളും പുസ്തകങ്ങളും യാക്കോബായസഹോദരങ്ങൾക്ക് അയച്ചുകൊടുപ്പാൻ ആഗ്രഹിക്കുന്ന കത്തോലിക്കർ വിവരം അറിയിക്കുന്നപക്ഷം സത്യാന്വേഷികളായ അകത്തോലിക്കാസഹോദരങ്ങളുടെ മേൽവിലാസങ്ങൾ അയച്ചുകൊടുക്കുവാൻ ഈ ലേഖകൻ സന്നദ്ധനാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.”

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

## IV

യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനുവേണ്ടി കേരളീയ കത്തോലിക്കർ ഇനിയും എന്തെല്ലാമാണ് പ്രവർത്തിക്കേണ്ടതു് എന്നുള്ളതു് ഇത്തരുണത്തിൽ ചിന്തനീയമത്രേ. കൂനൻകുരിശു സത്യത്തിനുശേഷം യാക്കോബായബന്ധത്തിൽ അകപ്പെടുന്നതിനുള്ള നിർഭാഗ്യം സിദ്ധിച്ച തങ്ങളുടെ സഹോദരങ്ങളുടെ മാതൃസഭയിലേക്കുള്ള പ്രത്യാഗമനത്തിനുവേണ്ടി ഇവിടത്തെ കത്തോലിക്കർ ഇതിനകം കഴിവതു പരിശ്രമിച്ചുകൊണ്ടിരുന്നുവെന്നുള്ളതു പരമാർത്ഥംതന്നെ. പക്ഷേ, വിവിധകാരണങ്ങളാൽ പ്രസ്തുത പരിശ്രമങ്ങൾ പ്രതീക്ഷാനുസൃതമായ ഫലം അക്കാലത്തു പുറപ്പെടുവിക്കയുണ്ടായില്ലെങ്കിലും പുനരൈക്യപ്രസ്ഥാനാവിർഭാവത്തിനു് അവ മുഖാന്തരമായിത്തീർന്നുവെന്നുള്ളതിനു സംശയമില്ല. യാക്കോബ്യരുടെ പുനരൈക്യത്തിനു് അനുകൂലമായ ഒരന്തരീക്ഷം കത്തോലിക്കാസഭയിൽ സംജാതമാകുകയും, യാക്കോബായസഭയുടെ ആധുനികസ്ഥിതി പ്രസ്തുതസഭയിലെ അംഗങ്ങളുടെ കണ്ണുതുറപ്പിക്കുകയും, യഥാർത്ഥസമാധാനം കത്തോലിക്കാസഭയിൽമാത്രമേ ലഭിക്കയുള്ളുവെന്നും കത്തോലിക്കാസഭയല്ലാതെ യാക്കോബ്യർക്ക് ഇതരരക്ഷാമാർഗ്ഗം ഒന്നുംതന്നെയില്ലെന്നും പ്രസ്തുത സഭാനേതാക്കന്മാർ തുറന്നു സമ്മതിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കേരളീയകത്തോലിക്കർ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നപക്ഷം ഇവിടത്തെ അഞ്ചുലക്ഷം യാക്കോബായ സഹോദരങ്ങളും ആസന്നഭാവിയിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കതന്നെ ചെയ്യും. ആകയാൽ ഇതിലേക്കാവശ്യകവും പ്രായോഗികവുമായ വിവിധമാർഗ്ഗങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു.

### 1. പ്രാർത്ഥന

യേശുക്രിസ്തു ലോകത്തിൽ സ്ഥാപിച്ച സത്യസഭ കത്തോലിക്കാസഭയാണെന്നും, യാക്കോബായസഭ പ്രസ്തുതസഭയിൽനിന്നും വിച്ഛേദിക്കപ്പെട്ട സഭയാകയാൽ ശീശ്മസഭയാണെന്നും, ആത്മരക്ഷയേയും യഥാർത്ഥസമാധാനത്തേയും ആഗ്രഹിക്കുന്ന ഒരു യാക്കോബ്യൻ കത്തോലിക്കാസഭയെ ആശ്ലേഷിക്കേണ്ടതു് അവശ്യം ആവശ്യമാണെന്നും പരിപൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടും യാക്കോബായസഭാംഗങ്ങളായിത്തന്നെ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്ന ഒട്ടനേകരുണ്ടു്. പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള മനോധൈര്യത്തിന്റെ അഭാവമാണ് ഇവരെ യാക്കോബായസഭയിൽതന്നെ നിലനിർത്തിക്കൊണ്ടിരിക്കുന്നതു്. ദൈവവരപ്രസാദം സമൃദ്ധിയായി ഇവരുടെമേൽ വർഷിക്കപ്പെട്ടെങ്കിൽമാത്രമേ അതിനുള്ള ധൈര്യവും തൽഫലമായി പുനരൈക്യവും സാധിതപ്രായമായിത്തീരുകയുള്ളു. അപ്രകാരംതന്നെ കത്തോലിക്കാസഭയെപ്പററി യാതൊന്നും അറിയാതെ സുവിശ്വാസത്തിൽ ഇപ്പോഴും നിലകൊള്ളുന്ന യാക്കോബ്യരായ അനേകായിരങ്ങൾക്കും സത്യാന്വേഷണത്തിനുള്ള ആഗ്രഹവും സത്യഗ്രഹണത്തിനുള്ള മാർഗ്ഗങ്ങളും ദൈവാനുഗ്രഹത്താൽ മാത്രമേ ലഭിക്കയുമുള്ളു. ആകയാൽ ദൈവാനുഗ്രഹം ധാരാളമായി ഇവരുടെമേൽ വർഷിക്കുന്നതിനായി വേദപ്രചാരസക്തരായ എല്ലാ കത്തോലിക്കരും ഈയവസരത്തിൽ ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുന്നു.

### 2. പരസ്പരസഹകരണം

കത്തോലിക്കരും യാക്കോബ്യരും ഒരുമിച്ചു താമസിക്കുന്ന സ്ഥലങ്ങളിൽ പരസ്പരം യോജിച്ചു പ്രവർത്തിക്കാവുന്ന കാര്യങ്ങളിൽപ്പോലും യോജിച്ചുപ്രവർത്തിക്കാതെ ഇരുകൂട്ടരും ഇരുതട്ടുകളിലായി നിലകൊള്ളുന്ന കാഴ്ചയാണ് ഇപ്പോഴും പല സ്ഥലങ്ങളിലും കണ്ടുവരുന്നതു്. യാക്കോബ്യരെ, “വിശ്വാസവിപരീതികളും അനുസരണംകെട്ടവരുമായ ഇടത്തുട്ടുകാരാ”യി കരുതി കത്തോലിക്കരും, കത്തോലിക്കരെ “വേദവിപരീതികളും, അന്ധവിശ്വാസികളും, സംസ്കാരവിഹീനരുമായ റോമാക്കാരായി” കരുതി യാക്കോബ്യരും പ്രവർത്തിച്ചുകൊണ്ടിരുന്നതത്രേ ഇതിനുള്ള കാരണം. എന്നാൽ ഈ അടുത്തകാലത്തു രാഷ്ട്രീയകാര്യങ്ങളിലും മററും ഇരുകൂട്ടരും യോജിച്ചു പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുതയോജിപ്പ് ആഭ്യന്തരൈക്യത്തിനുള്ള ഒരു മുഖാന്തിരമായി ഇരുകൂട്ടരും പരിഗണിക്കാതിരിക്കുന്നതു സങ്കടാവഹമെന്നു പറയേണ്ടിയിരിക്കുന്നു. യാക്കോബ്യരുടെ കത്തോലിക്കാപുനരൈക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ചുമതല വൈദികന്മാർക്കോ, മെത്രാന്മാർക്കോ അഥവാ മലങ്കരറീത്തുകാർക്കോ മാത്രം ആണെന്നുള്ള ബോദ്ധ്യം നിമിത്തമോ എന്തോ ഇക്കേരളത്തിലെ സീറോ-മലബാർ റീത്തുകാരും ലത്തീൻ റീത്തുകാരുമായ അത്മേനികൾ ഇക്കാര്യത്തിൽ വേണ്ടവിധം പ്രവർത്തിക്കാത്തതും സങ്കടജനകംതന്നെ. രാഷ്ട്രീയകാര്യങ്ങളിലുംമററും യോജിച്ചുപ്രവർത്തിക്കുന്ന അവസരങ്ങളിൽ കത്തോലിക്കാനേതാക്കന്മാരായ അത്മേനികൾ യാക്കോബായസമുദായനേതാക്കന്മാരോടു കത്തോലിക്കാപുനരൈക്യത്തിന്റെ ആവശ്യകതയെക്കുറിച്ചുംമററും സംസാരിക്കുകയും ആയതിലേക്കു് അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിൽ അതു വലുതായ ഫലം പുറപ്പെടുവിക്കുമായിരുന്നു. തങ്ങളുടെ സമുദായത്തിലുള്ള നേതാക്കന്മാരായ അത്മേനികളുടെ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതിനു് ഇവിടത്തെ യാക്കോബായ സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും സന്നദ്ധത പ്രകടിപ്പിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആകയാൽ കത്തോലിക്കരായ അത്മേനിനേതാക്കന്മാർ ഇക്കാര്യത്തിൽ കൂടുതൽ താല്പര്യം ഇനിയുമെങ്കിലും പ്രകടിപ്പിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

### 3. മാതൃകാജീവിതം

യാക്കോബായസഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച പലരും തങ്ങളുടെ പുനരൈക്യത്തിനു പ്രേരകമായിത്തീർന്ന പ്രഥമവും പ്രധാനവുമായ കാരണം കത്തോലിക്കരുടെ ജീവിതമാതൃകയാണെന്നുള്ള പരമാർത്ഥം പലരുടേയും മാനസാന്തരചരിത്രം തെളിയിക്കുന്നുണ്ടു്. ഉദ്യോഗം നിമിത്തമോ ഇതരാവശ്യങ്ങൾ മൂലമോ കത്തോലിക്കരുടെ ഇടയിൽ താമസിക്കേണ്ടിവന്നതിന്റെ ഫലമായി കത്തോലിക്കരുടെ മതതീക്ഷ്ണത, പ്രാർത്ഥനാജീവിതം, വൈദികാധികാരികളോടുള്ള സ്നേഹവും ബഹുമാനവും അനുസരണവും, വി. കുർബാനയോടും പരിശുദ്ധ ദൈവമാതാവിനോടുമുള്ള ഭക്തി, പരോപകാരപ്രവർത്തനം ആദിയായ സംഗതികൾ നേരിട്ടു ഗ്രഹിക്കുന്നതിനു് ഇടയായിത്തീരുകയും തദ്വാരാ, കത്തോലിക്കാസഭയെപ്പററി പഠിക്കുന്നതിനും, അവസാനം പ്രസ്തുതസഭയെ ആശ്ലേഷിക്കുന്നതിനുമുള്ള ഭാഗ്യം അവർക്കു ലഭിക്കുകയും ചെയ്തു. കത്തോലിക്കരുടെ മാതൃകാജീവിതം പലരേയും കത്തോലിക്കാസഭയിലേക്കു് ആകർഷിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം സമ്മതിക്കുന്നതോടൊപ്പം പലേ കത്തോലിക്കരുടെയും ദുർമാതൃക ഒട്ടനേകം യാക്കോബായ സഹോദരങ്ങളെ കത്തോലിക്കാസഭയിൽനിന്നും അകററിനിർത്തുന്നതിനു് കാരണമാക്കിയിട്ടുണ്ടെന്നുള്ള പാരമാർത്ഥ്യവും സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. “കത്തോലിക്കരുടെയിടയിൽ അനേകം വർഷങ്ങൾ ഞാൻ താമസിച്ചിട്ടുണ്ടു്. അവരുടെ മൃഗീയമായജീവിതം, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, കപടഭക്തി എന്നിവ ഞാൻ നേരിട്ടു കണ്ടും കേട്ടും ഗ്രഹിച്ചിട്ടുണ്ടു്. അവർ ഉൾപ്പെട്ടു നില്ക്കുന്ന സഭ എത്ര നല്ലതാണെന്നു് ആരെല്ലാം പറഞ്ഞാലുംശരി, അതിൽ ചേരാൻ ഞാനില്ല” എന്നിങ്ങനെ ഒട്ടനേകം യാക്കോബ്യരുടെ നാവുകളിൽനിന്നും കേൾക്കുവാനുള്ള നിർഭാഗ്യം ഈ ലേഖകനും സിദ്ധിച്ചിട്ടുണ്ടു്. ആകയാൽ കത്തോലിക്കാസഭയുടെ മഹത്വവും സത്യവത്വവും മററുള്ളവരെ ഗ്രഹിപ്പിക്കുവാൻ തക്കവണ്ണം ഉത്തമകത്തോലിക്കാജീവിതം നയിക്കുന്നതിനു കത്തോലിക്കരേവരും പരിശ്രമിക്കുന്നപക്ഷം സ്വജീവിതമാതൃക മുഖാന്തിരം അനേകായിരം യാക്കോബായ സഹോദരങ്ങളെ കത്തോലിക്കാസഭയിലേക്കു് ആകർഷിക്കുന്നതിനു സാധിക്കുന്നതാണ്.

### 4. പ്രസംഗയോഗങ്ങൾ

കത്തോലിക്കാസഭയുടെ ചരിത്രം, വിശ്വാസവിഷയങ്ങൾ ആദിയായ കാര്യങ്ങളെപ്പററി യാതൊന്നും അറിവാൻ പാടില്ലാത്ത അനേകായിരങ്ങൾ ഇവിടത്തെ യാക്കോബായസഭയിൽ ഇപ്പോഴുമുണ്ടെന്നുള്ളതു് പരമാർത്ഥംമാത്രമാണ്. അകത്തോലിക്കാപ്രസംഗികന്മാരും എഴുത്തുകാരും വികൃതരൂപത്തിൽ കത്തോലിക്കാസഭയെ ചിത്രീകരിച്ചിട്ടുള്ളതു കാണുന്നതിനേ അവർക്ക് ഇതേവരെ സാധിച്ചിട്ടുള്ളു. തന്മൂലം നിരവധി തെററിദ്ധാരണകൾക്കു വശംവദരായിട്ടെങ്കിലും “സുവിശ്വാസികളാ”യിത്തന്നെ ഇപ്പോഴും യാക്കോബായസഭയിൽ അവർ നിലകൊള്ളുന്നു. സത്യവിശ്വാസം അവരെ ഗ്രഹിപ്പിക്കുന്നതിനും അവർക്കുണ്ടായിട്ടുള്ള തെററിദ്ധാരണകൾ ദൂരീകരിക്കുന്നതിനും പററിയ മാർഗ്ഗം അവരുടെ കേന്ദ്രസ്ഥലങ്ങളിൽ കത്തോലിക്കാപ്രസംഗയോഗങ്ങൾ നടത്തുകയെന്നുള്ളതത്രേ. പ്രസ്തുതയോഗങ്ങളിൽ വരുന്നതിനും പ്രസംഗങ്ങൾ കേൾക്കുന്നതിനും ഇവിടത്തെ യാക്കോബായ സഹോദരങ്ങൾ അതിയായ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളതിനു് ഇതിനകം നടത്തപ്പെട്ടിട്ടുള്ള കത്തോലിക്കാ കോൺഫറൻസുകൾ സാക്ഷ്യംവഹിക്കുന്നുണ്ടു്. പെരുന്നാളുകൾക്കും, വെടികെട്ടിനും മററുമായി ആയിരക്കണക്കിനു രൂപാ വ്യയംചെയ്യുന്നതിനു സന്നദ്ധതപ്രകടിപ്പിക്കുന്ന സഹൃദയരും ധനാഢ്യരുമായ കത്തോലിക്കർ ഇരുനൂറോ മുന്നൂറോ രൂപാമാത്രം വ്യയംചെയ്തു് യാക്കോബായ കേന്ദ്രങ്ങളിൽ ഇപ്രകാരമുള്ള ഓരോ കോൺഫറൻസു നടത്തിക്കുന്നതിനും, തദ്വാരാ കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങൾ നമ്മുടെ അകത്തോലിക്കാസഹോദരങ്ങളെ ഗ്രഹിപ്പിക്കുന്നതിനുമുള്ള സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവെങ്കിൽ വലുതായ പ്രയോജനം അതുമൂലം സിദ്ധിക്കുമായിരുന്നു. പുനരൈക്യകാംക്ഷികളായ കത്തോലിക്കർ വ്യക്തികളായോ, ഇടവകകളായോ ഇതിനുവേണ്ടി പ്രവർത്തിക്കുമെന്നു വിശ്വസിക്കട്ടെയോ?

### 5. പ്രസിദ്ധീകരണങ്ങൾ

കത്തോലിക്കാസഭയേയും യാക്കോബായസഭയേയും കുറിച്ചു കത്തോലിക്കാപണ്ഡിതന്മാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളും ലഘുലേഖകളും നമ്മുടെ മാതൃഭാഷയിൽത്തന്നെ നിരവധിയുണ്ടെങ്കിലും സത്യാന്വേഷികളായ യാക്കോബായക്കാരുടെയിടയിൽ അവയ്ക്കു വേണ്ടത്ര പ്രചാരം ഇതേവരെ ലഭിച്ചിട്ടില്ല. അപ്രകാരംതന്നെ കത്തോലിക്കാപത്രങ്ങളും മാസികകളും കാണുന്നതിനുപോലും ഇതേവരെ സാധിച്ചിട്ടില്ലാത്ത യാക്കോബായസഹോദരങ്ങളും ഒട്ടനവധിയുണ്ടു്. കത്തോലിക്കാപുസ്തകങ്ങളും പത്രങ്ങളും മററും വായിച്ചറിയുന്നതിനു് അതിയായ ആഗ്രഹമുള്ളവരെങ്കിലും വിലകൊടുത്തു പുസ്തകങ്ങൾ വാങ്ങിക്കുന്നതിനും പത്രങ്ങൾ വരുത്തുന്നതിനുമുള്ള സന്നദ്ധത പ്രകടിപ്പിക്കുന്ന യാക്കോബ്യർ വളരെ അപൂർവ്വമാണ്. ആകയാൽ സഹൃദയരായ കത്തോലിക്കർ സൗജന്യമായിത്തന്നെ പുസ്തകങ്ങളും പത്രങ്ങളും അവർക്ക് അയച്ചുകൊടുക്കേ

---

തോമസ് ഹെർബർട്ട് എന്ന ആംഗ്ലേയകവി നിർമ്മിച്ച “ദൈവത്തിന്റെ ദാനങ്ങൾ” (The Gifts of God) എന്ന കവിത മനോഹരമായ ഒരാശയത്തെ ഉൾക്കൊള്ളുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചശേഷം, ഒരു ഗ്ലാസ്സിനുള്ളിൽനിന്നും തന്റെ ദാനങ്ങൾ അവന്റെമേൽ വർഷിക്കുവാൻ തുടങ്ങി. ബുദ്ധി, കീർത്തി, ആരോഗ്യം, സൗന്ദര്യം എന്നിവയെല്ലാം ധാരധാരയായി അവന്റെമേൽ പതിച്ചു. അവസാനം സൗഭാഗ്യംമാത്രം ഗ്ലാസ്സിനുള്ളിൽ അവശേഷിച്ചു. അപ്പോൾ ദൈവം വിചാരിക്കുകയാണ്: “സൗഭാഗ്യംകൂടി അവനു നല്കിയാൽ അവൻ എന്നെ വിസ്മരിച്ചുകളയും. മററുഭാഗ്യങ്ങളെല്ലാം ആവശ്യംപോലെ അവനുണ്ടായിരുന്നുകൊള്ളട്ടെ. പക്ഷേ അവയോടുകൂടി സൗഭാഗ്യത്തിനുള്ള ഒരു ദാഹംകൂടി അവനിൽ കുടികൊള്ളട്ടെ.” “ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങൾ നിനക്കായി നീ സൃഷ്ടിച്ചു. നിന്നെ പ്രാപിക്കുന്നതുവരെ അവ വിശ്രമിക്കുകയില്ല” എന്ന സെന്റു് അഗസ്റ്റിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്ന ആശയവും അതുതന്നെ. എത്ര മനോജ്ഞമായ ഒരു ജീവിതതത്വശാസ്ത്രം!

വെളിച്ചത്തിനുമുമ്പിൽ കണ്ണടച്ചുനിന്നുകൊണ്ട് ഇരുളാണെന്നു പരാതിപ്പെടുന്ന പതിവു് ലോകത്തിനു് ഇന്നുമുണ്ടു്. വഴിതെററിയ കലയും ശാസ്ത്രവും പുതിയ ചില ജീവിതസിദ്ധാന്തങ്ങളെ ആധുനികമനുഷ്യനുമുമ്പിൽ സമർപ്പിച്ചിരിക്കുന്നു. മനുഷ്യാത്മാവിന്റെ അസ്തിത്വത്തെ നിഷേധിച്ചു്, മനുഷ്യനെ പരിണാമത്തിന്റെ ഉയർന്ന പടിയിലെത്തിയ ഒരു മൃഗമായിമാത്രം ചിത്രീകരിക്കുന്ന പരിണാമവാദവും, അവനെ സാമ്പത്തികപ്രചോദനങ്ങളാൽ മാത്രം നിയന്ത്രിക്കപ്പെടുന്ന വെറുമൊരു സാമ്പത്തികസൃഷ്ടിമാത്രമായി കാണുന്ന കമ്മ്യൂണിസവും, മനുഷ്യനെ അവന്റെ അത്യുത്തമമായ പദവിയിൽനിന്നും വ്യതിചലിപ്പിച്ചു് മൃഗത്തിന്റെ നിലയിലേക്കു തള്ളിത്താഴ്ത്തുന്നു. വികാരങ്ങളെ വിററു കാശുമാറുന്ന വഴിപിഴച്ച സാഹിത്യകാരൻ “തിന്നുക, കുടിക്കുക, എന്തുകൊണ്ടെന്നാൽ നാളെ നാം മരിക്കും” എന്ന പഴയ പെയ്ഗൻപല്ലവി ആവർത്തിക്കുന്നു. ഈ ചിന്താഗതികളുടേയും അസത്യങ്ങളുടേയും നടുവിൽ “ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തുഫലം?” എന്ന ക്രിസ്തുനാഥന്റെ വാക്കുകൾമാത്രം അക്ഷയമായ സത്യത്തിന്റെ കാഹളംപോലെ, അവസാനമില്ലാതെ പ്രതിദ്ധ്വനിച്ചുകൊണ്ടിരിക്കുന്നു.

ണ്ടിയിരിക്കുന്നു. യാക്കോബ്യർ ആദിയായ അകത്തോലിക്കരുടെ മാനസാന്തരത്തിനു പററിയ നിരവധിലേഖനങ്ങളും വാർത്തകളും പ്രതിവാരം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന "സത്യദീപം" ഇന്നാട്ടിലെ സത്യാന്വേഷികളായ അകത്തോലിക്കരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു കേരളീയകത്തോലിക്കർ കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നുള്ള വിവരവുംഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ! വായിച്ചു കഴിഞ്ഞശേഷം പത്രങ്ങളും പുസ്തകങ്ങളുംയാക്കോബായ സഹോദരങ്ങൾക്കു അയച്ചുകൊടുപ്പാൻ ആഗ്രഹിക്കുന്ന കത്തോലിക്കർ വിവരം അറിയിക്കുന്നപക്ഷം സത്യാന്വേഷികളായ അകത്തോലിക്കാ സഹോദരങ്ങളുടെ മേൽവിലാസങ്ങൾ അയച്ചുകൊടുക്കുവാൻ ഈ ലേഖകൻ സന്നദ്ധനാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ഒരൊററ പുസ്തകം വായിച്ചതുകൊണ്ടോ, ഒരു പ്രസംഗം കേട്ടതുകൊണ്ടോ മാത്രം ഒരു അകത്തോലിക്കാ സഹോദരൻ ഉടനടി കത്തോലിക്കാ സഭയെ ആശ്ലേഷിക്കുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. പിന്നെയോ, അവൻ വായിക്കുന്നതും കേൾക്കുന്നതും അവന്റെ മനസ്സിൽ സ്ഥലംപിടിക്കുകയും, കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനുമുള്ള ആഗ്രഹം അവനിൽ അങ്കുരിക്കുകയും, തൽഫലമായി കാലാന്തരത്തിൽ അവൻ സത്യം ഗ്രഹിച്ചു മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദനായി കത്തോലിക്കാസഭാംഗമായിത്തീരുകയും ചെയ്യുന്നതാണു്. ആകയാൽ ഉടനടി ഫലംകാണാത്തതുനിമിത്തം നിരാശയിൽ നിപതിക്കുകയും തുടർന്നു പ്രവർത്തിക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിക്കുകയും ചെയ്യുന്നതു ദൈവവിശ്വാസിയായ ഒരു കത്തോലിക്കനു അനുയോജ്യമായിട്ടുള്ളതല്ല. സഹോദരസ്നേഹത്താൽ പ്രേരിതരായി പ്രാർത്ഥനാപൂർവ്വം . വിവിധമാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടു അകത്തോലിക്കാ സഹോദരങ്ങളുടെ മാനസാന്തരാർത്ഥം പ്രവർത്തിക്കുന്ന കത്തോലിക്കനെ സ്നേഹസ്വരൂപനായ ദൈവം ഈ ലോകത്തിലും പരലോകത്തിലും അനുഗ്രഹിക്കുകയും അവന്റെ പ്രയത്നങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുകയും ചെയ്യും.

6. ധനസഹായം

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു വേദപ്രചരണത്തിനും സ്ഥാപനനിർമ്മാണത്തിനും മററുമായി പണം കൊടുത്തു അഭിവന്ദ്യതിരുമേനിമാരെ സഹായിച്ചുകൊണ്ടിരുന്ന കേരളീയ കത്തോലിക്കാ സഹൃദയന്മാരിൽ പലരും പിന്നീടു അപ്രകാരമുള്ള സഹായം ചെയ്യുന്നതിൽ വിമുഖത പ്രദർശിപ്പിക്കയാണു ചെയ്തിട്ടുള്ളതു്. പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു ആവശ്യമായ ധനസഹായം വിദേശത്തുനിന്നും ലഭിച്ചുകൊള്ളും എന്നുള്ള വിചാരം നിമിത്തമായിരിക്കാം അവർ തുടർന്നു സഹായിക്കാതിരുന്നിട്ടുള്ളതു്. ഔദാര്യനിധികളായ കത്തോലിക്കർ വിദേശത്തുനിന്നും അയച്ചുകൊടുത്ത പണംകൊണ്ടു ഇവിടത്തെ അകത്തോലിക്കാ കേന്ദ്രങ്ങളിൽ പല സ്ഥലങ്ങളിലും ദൈവാലയങ്ങൾ, സ്കൂളുകൾ, ആശ്രമങ്ങൾ ആദിയായ ഒട്ടനേകം സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, വേദപ്രചരണവേല ശക്തിമത്തായി നിർവ്വഹിക്കുന്നതിനും പുനരൈക്യപ്പെട്ട അഭിവന്ദ്യതിരുമേനിമാർക്കു ഇതിനകം സാധിച്ചിട്ടുണ്ടു. എന്നാൽ, യൂറോപ്പു, അമേരിക്ക ആദിയായ രാജ്യങ്ങളിൽനിന്നുമുള്ള ധനസഹായം ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്നതിനാൽ പണസംബന്ധമായ വിഷമങ്ങൾ വന്ദ്യതിരുമേനിമാർ അനുഭവിക്കുന്നുണ്ടെന്നുള്ളതു പ്രസ്താവിക്കാതിരിപ്പാൻ നിർവ്വാഹമില്ല. പുനരൈക്യപ്രവാഹത്തിന്റെ ശക്തി വർദ്ധിക്കുവാനുള്ള സകല ലക്ഷണങ്ങളും കണ്ടു തുടങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ അതിനുവേണ്ടി ധാരാളം പണം ചെലവുചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. കേരളീയകത്തോലിക്കർ ഈ അവസരത്തിൽ തങ്ങളുടെസഹായഹസ്തം നീട്ടിക്കൊടുത്തു പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. ഇപ്രകാരമുള്ള സംഭാവനകൾ ചെയ്യുന്നവരോടു പുനരൈക്യപ്പെട്ടിട്ടുള്ള കത്തോലിക്കരും, അവരുടെ സന്താനങ്ങളും എന്നാളും കൃതജ്ഞതയുള്ളവരായിരിക്കുകയും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണു്.

മേൽപ്രസ്താവിച്ച വിവിധമാർഗ്ഗങ്ങൾ, ഇവിടത്തെ യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാപുനരൈക്യത്തിനുവേണ്ടി, കേരളീയ കത്തോലിക്കർ ഉപയോഗിക്കുമെന്നു വിശ്വസിക്കുകയും, തൽഫലമായി ഇവിടത്തെ യാക്കോബായ സമുദായങ്ങളായ അഞ്ചുലക്ഷം സഹോദരങ്ങളും ആസന്നഭാവിയിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുമെന്നു പ്രതീക്ഷിക്കുകയും, അതിനുവേണ്ടി സഭാസ്ഥാപകനായ ക്രിസ്തുനാഥനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

[ലേഖകന്റെ മേൽവിലാസം:
റവ. ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി,
സെന്റ് ജോൺസ് കത്തീഡ്രൽ,
തിരുവല്ല.]


# ആത്മമിത്രം

കത്തോലിക്കാ പ്രവർത്തനങ്ങളെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുന്ന മാസിക. വരിസംഖ്യ 2 രൂപാ മുൻകൂർ.

മാനേജർ
ആത്മമിത്രം, അതിരമ്പുഴ



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ജോൺ കഴിപ്പുറമ്പിൽ
തൈക്കാട്ടുശേരി


ജീവചരിത്രപംക്തി

# മരിയാഗൊരേത്തി

(എ. വി. തോമസ്, ബോംബെ)

കഷ്ടിച്ചു പന്ത്രണ്ടുവയസ്സുപ്രായമുള്ള ഒരു കർഷകബാലികയുടെ ശരീരകാന്തിയാൽ ഒരു യുവാവു ആകൃഷ്ടനാകുന്നു. തന്റെ ദുരാശകൾക്കു വിധേയയായി പാപം ചെയ്യുന്നതിനു അവൻ അവളെ പ്രേരിപ്പിക്കുന്നു. എന്തുതന്നെവന്നാലും താൻ ദൈവത്തിനെതിരായി പാപം ചെയ്യുകയില്ലെന്നും തന്റെ ചാരിത്രത്തെ നഷ്ടപ്പെടുത്തുകയില്ലെന്നും പറഞ്ഞുകൊണ്ടു വിഷയാസക്തനായ ആ യുവാവിന്റെ നിർബന്ധപൂർവ്വമായ അഭ്യർത്ഥനയെ ആ നിർമ്മലബാലിക ധൈര്യപൂർവ്വം പരിത്യജിക്കുന്നു. കോപാന്ധനായ ആ ദുർമ്മോഹി കഠാരികൊണ്ടു ആ ബാലികയെ പല പ്രാവശ്യം കുത്തുകയും അതിന്റെ ഫലമായി അവൾ വീരമരണം പ്രാപിക്കുകയും ചെയ്യുന്നു. ഇതാണു മരിയാഗൊരേത്തിയുടെ ജീവിതകഥയുടെ രത്നച്ചുരുക്കം.

അശുദ്ധപാപങ്ങളിൽ ആണ്ടുകിടക്കുന്ന ഒരു ലോകത്തിൽ പാപത്തിലേക്കുള്ള പ്രലോഭനങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ധൈര്യവും പ്രേരണയും കത്തോലിക്കായുവാക്കൾക്കു നൽകുന്ന ഒരു മഹനീയമാതൃകയാണു ഗൊരേത്തിയുടെ ജീവിതകഥ. പുരാതനകാലത്തെ ആഗ്നസിനെപ്പോലെ, ദൈവത്തെ ഉപദ്രവിക്കുവാൻ വിസമ്മതിച്ചുകൊണ്ടു മരണം കൈവരിച്ച ആ


BEATA MARIA GORETTI
MARTIRE DELLA PUREZZA

ധുനികരക്തസാക്ഷിണിയാണു ഗൊരേത്തി. ഈ ബാലികയുടെ ജീവിതവും മരണവും ഇന്നത്തെ ബാലികമാർക്കും യുവതികൾക്കും പാവനമായ ജീവിതം നയിക്കുന്നതിനു ശക്തിമത്തായ ഉൽബോധനം നൽകുന്നു. വിഷയാസക്തിയിൽ ലയിച്ചിരുന്ന പുരാതനറോമയിൽ വിശുദ്ധ ആഗ്നസ് പരിശുദ്ധിയുടെ കൊടി ഉയർത്തി; ശുദ്ധത എന്ന പുണ്യത്തിന്റെ മാഹാത്മ്യം വിസ്മരിച്ചുകൊണ്ടു അശുദ്ധപാപങ്ങളിൽ ആനന്ദംതേടുന്ന ആധുനികലോകത്തു സ്വജീവത്യാഗമാകുന്ന കൊടിമരത്തിൽ ശുദ്ധതയുടെ കൊടി ഉയർത്തിയ വീരബാലികയാണു ഗൊരേത്തി. ഈ ജൂബിലിവത്സരത്തിലെ ജൂൺ 25-ാം൹ മാർപ്പാപ്പാതിരുമേനി റോമയിലെ വി. പത്രോസിന്റെ ദേവാലയത്തിൽവച്ചു ഈ കർഷകബാലികയേയും വിശുദ്ധരുടെ പട്ടികയിൽ ചേർക്കുന്നതാണു്.

## ജനനവും ബാല്യകാലവും

ഇററലിയിൽ വിശുദ്ധ ഫ്രാൻസിസിന്റെ ജന്മദേശമെന്നനിലയിൽ പ്രഖ്യാതമായിരിക്കുന്ന അസിസിയിൽനിന്നും ഉദ്ദേശം അമ്പതുമൈൽ വടക്കുമാറി കൊറിനാൾഡോ എന്ന ഗ്രാമത്തിൽ അസൂന്താ കർലിനി, ലൂയിജി ഗൊരേത്തി എന്നി കർഷകദമ്പതിമാരുടെ മൂന്നാമത്തെ സന്താനമായി 1890 ഒക്ടോബർ 16-ാം൹ മരിയാഗൊരേത്തി ഭൂജാതയായി. ആ സ്ഥലത്തെ പ്രാചീനമായ ആചാരമനുസരിച്ചു ഇരുപത്തിനാലു മണിക്കൂർ കഴിയുന്നതിനുമുമ്പായി ആ ശിശുവിനെ ജ്ഞാനസ്നാനപ്പെടുത്തി. മരിയാ, തെരേസാ എന്നിങ്ങനെ രണ്ടു പേരുകളാണു ജ്ഞാനസ്നാനാവസരത്തിൽ അവൾക്കു നൽകിയതു്. ദരിദ്രരായിരുന്ന അവളുടെ മാതാപിതാക്കന്മാർ ജീവസന്ധാരണത്തിനായി കഠിനമായി അദ്ധ്വാനിക്കേണ്ടിയിരുന്നു. പിതാവിന്റെ കൃഷിപ്പണിയിൽനിന്നും ലഭിച്ച ആദായം ആ കുടുംബത്തിന്റെ ആവശ്യങ്ങൾക്കു മതിയാകാതെ വന്നതിനാൽ മാതാവും പലപ്പോഴും വയലിൽ ജോലിചെയ്യേണ്ടതായി വന്നുകൂടി.

മരിയയുടെ മാതാവായ അസൂന്താ കത്തോലിക്കാമാതാക്കൾക്കു ഉത്തമമാതൃകയാണു്. ദാരിദ്ര്യത്തിന്റെ ക്ലേശങ്ങളോ കുടുംബസംരക്ഷണത്തിന്റെ ഉൽകണ്ഠയോ തന്റെ കുഞ്ഞിനെ പരിശുദ്ധിയുടെ മാർഗ്ഗത്തിൽക്കൂടി വളർത്തിക്കൊണ്ടുവരുന്നതിനു അവൾക്കു പ്രതിബന്ധമായില്ല. സമ്പത്തികമായി വീക്ഷിക്കുമ്പോൾ ഗൊരേത്തി കുടുംബം ദരിദ്രമായിരുന്നുവെങ്കിലും കുടുംബജീവിതത്തിന്റെ ആനന്ദത്തിനും വിജയത്തിനും അത്യന്താപേക്ഷിതമായ പല സൽഗുണങ്ങളും ആ കർഷകഗൃഹത്തിൽ വേണ്ടുവോളമുണ്ടായിരുന്നു. നിത്യജീവിതത്തെപ്പററി അവർ സദാ അനുസ്മരിക്കുകയും നശ്വരമായ ഈ ജീവിതത്തിൽ ദാരിദ്ര്യത്തോടുള്ള പോരാട്ടത്തിനിടയ്ക്കു സ്വർഗ്ഗപ്രാപ്തിക്കു ഉപകരിക്കുന്ന സൽകൃത്യങ്ങൾ അനുദിനം ധാരാളമായി ചെയ്യുന്നതിനു പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള ഒരു കത്തോലിക്കാകുടുംബത്തിൽ വളർന്നുവന്ന മരിയക്കു കുരിശുവരയ്ക്കുന്നതിനും സാധാരണപ്രാർത്ഥനകൾ ചൊല്ലുന്നതിനും വിശുദ്ധന്മാരുടെ പടങ്ങൾ തിരിച്ചറിയുന്നതിനും ചെറുപ്പത്തിൽ തന്നെ സാധിച്ചതു് അത്ഭുതമല്ലല്ലോ. ഉപദേശവും മാതൃകയുംവഴി അസൂന്തായും ലൂയിജിയും തങ്ങളുടെ ശിശുവിനെ പുണ്യമാർഗ്ഗത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനു പ്രത്യേകം ശ്രദ്ധിച്ചു. പ്രാർത്ഥനയുടേയും ആത്മപരിത്യാഗത്തിന്റേയും മാഹാത്മ്യം മരിയ വേഗത്തിൽ ഗ്രഹിച്ചു. പരിശുദ്ധ കന്യകയോടുള്ള സ്നേഹം കുട്ടിക്കാലത്തുതന്നെ അവളിൽ അടിയുറച്ചു. അതിന്റെ ബാഹ്യപ്രകടനമായി കൊന്തജപിക്കുന്നതിൽ അവൾ അത്യധികമായ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ആ ഗ്രാമപ്രദേശത്തെ മനോഹരമായ പ്രകൃതിസൗന്ദര്യത്തെ വർണ്ണിച്ചുകൊണ്ടു അസൂന്താ തന്റെ മകളുടെ മനസ്സിനെ പ്രകൃതിനാഥനായ ദൈവത്തിന്റെ പക്കലേക്കു തിരിച്ചു. അങ്ങനെ ഇളംപ്രായത്തിൽത്തന്നെ മരിയ ശിശുസഹജമായ രീതിയിൽ ദൈവവുമായി ഹൃദയാനുഹൃദയ സംഭാഷണം ചെയ്യുവാൻ തുടങ്ങി.

ഒരു വിദ്യാലയത്തിൽ പോയി ആധുനികരീതിയിലുള്ള പഠനം നടത്തുന്നതിനുള്ള സൗകര്യം മരിയക്കുണ്ടായില്ല. എഴുതുവാനും വായിക്കുവാനും അവൾക്കു വശമുണ്ടായിരുന്നോ എന്ന കാര്യം സംശയമാണു്. ഞായറാഴ്ചദിവസങ്ങളിൽ കുർബാന കഴിഞ്ഞുള്ള വേദോപദേശക്ലാസ്സുകളിൽമാത്രം അവൾ ഹാജരായിരുന്നു. പക്ഷെ മരിയയുടെ അഭ്യസനരംഗം അത്യുൽകൃഷ്ടമായ ഒരു വിദ്യാലയമായിരുന്നുവെന്നു പറയാം; അതേ, ഒരു നല്ല കത്തോലിക്കാകുടുംബമായിരുന്നു അവളുടെ ശിക്ഷണരംഗം; ഭക്തരായ മാതാപിതാക്കന്മാർ അവളുടെ അദ്ധ്യാപകരും. ഒരു കുട്ടിക്കു ഇതിനെക്കാൾ വിശിഷ്ടമായ വിദ്യാലയവും അദ്ധ്യാപകരും എവിടെയാണുള്ളതു്? ആറുവയസ്സിൽ മരിയ ആദ്യകുമ്പസാരം നടത്തുകയും മുമ്പിലത്തെ ഒപ്രുശുമാ സ്വീകരിക്കുകയും ചെയ്തു.

കേവലം ഒരു ചെറുബാലികയായിരുന്ന മരിയ സ്വമാതാവിനെ ഭവനജോലികളിൽ പലവിധത്തിലും സഹായിച്ചിരുന്നു. ഇക്കാലഘട്ടത്തിനിടയിൽ അസൂന്തായ്ക്കും ലൂയിജിക്കും മൂന്നു കുട്ടികൾകൂടി ജനിച്ചിരുന്നു. ഈ ഇളയസഹോദരങ്ങളെ ശുശ്രൂഷിക്കുന്നതിലും അവരെ പ്രാർത്ഥനകൾ പഠിപ്പിക്കുന്നതിലും മരിയ അതിവതൽപരയായിരുന്നു. ഈ സഹോദരങ്ങൾക്കു മരിയ ഒരു ചെറുമാതാവായിട്ടാണു വർത്തിച്ചതു്. അസൂന്തായുടെ ക്ലേശങ്ങളിൽ ആ മാതാവിനെ ആശ്വസിപ്പിക്കുന്നതിനും ആറുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന മരിയ ദത്തശ്രദ്ധയായിരുന്നു. ഒരിക്കൽ ഒരു വയലിലേക്കു പോകേണ്ട വഴിയിൽ പാമ്പുകൾ കാണുമെന്നു അസൂന്താ ഭയത്തോടെ പറഞ്ഞ അവസരത്തിൽ "അമ്മേ, ഭയപ്പെടേണ്ട ഞാൻ മുമ്പിൽ നടക്കാം" എന്നു ധൈര്യപൂർവ്വം പറഞ്ഞുകൊണ്ടു മരിയ അമ്മയെ ആശ്വസിപ്പിച്ചു. ഈ സംഭവം ആ ചെറുബാലികയുടെ നിസ്വാർത്ഥമായ പരസ്നേഹത്തിനു ഒരുദാഹരണമായി പരിഗണിക്കാം. മരിയയിൽ വളർന്നിരുന്ന ഉൽകൃഷ്ടമായ ഗുണഗണങ്ങളെ മനസ്സിലാക്കിയ അയൽക്കാരായ സ്ത്രീകൾ "നിന്റെ കുട്ടി ഒരു പുണ്യവതിയാണു്" എന്നു അസൂന്തായോടു പറയുമായിരുന്നു.

മരിയയെ വാഴ്ത്തപ്പെട്ടവൾ എന്നു പ്രഖ്യാപനംചെയ്ത പേപ്പൽ ഡിക്രിയിൽ അവളുടെ പ്രാർത്ഥനാസക്തിയെപ്പററി പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണു്: "ദൈവത്തിന്റെ ഈ ചെറുദാസിക്കു പ്രത്യേകാനുഗ്രഹങ്ങളും അസാധാരണവരപ്രസാദങ്ങളും നൽകി അനുദിനം അവളെ പുണ്യത്തിൽ വർദ്ധിപ്പിക്കുന്നതിനു പരിശുദ്ധാത്മാവു ആഗ്രഹിച്ചു. പ്രകൃതിപരവും ദൃശ്യവും ആയ വസ്തുക്കൾവഴി അവിടുന്നു അവളെ അദൃശ്യമായ സ്വർഗ്ഗീയസന്തോഷങ്ങളിലേക്കു മാധുര്യപൂർവ്വം ആകർഷിച്ചു. മനോജ്ഞമായ പുൽത്തകിടികളുടെയും നിർമ്മലമായ ആകാശത്തിന്റെയും സൗന്ദര്യത്താൽ ആകൃഷ്ടമായി വാനമ്പാടിപ്പക്ഷികൾ ചിറകുകൾ വിടർത്തിപാടിക്കൊണ്ടു അന്തരീക്ഷത്തിലേക്കു ഉയർന്നു അവിടെ സ്വാതന്ത്ര്യമായി വിഹരിച്ചു സന്തോഷിക്കുന്നു. അതുപോലെതന്നെ കൊറിനാൾഡോയിലെ നിർമ്മലബാലികയും പക്ഷികളുടെ ഗാനങ്ങളാലും പൂക്കളുടെ സൗന്ദര്യത്താലും ആകൃഷ്ടയായി, മന്ദമാരുതനിലും സൂര്യപ്രഭയിലും സന്തുഷ്ടയായി അവളുടെ ഹൃദയത്തെ അന്തരീക്ഷത്തിന്റെ അഭിരാമതയിലേക്കും അവിടെനിന്നും വാനമ്പാടികളുടെ സംഗീതത്തിലേക്കും അനന്തരം അത്യുന്നതനായ ദൈവത്തിന്റെ സിംഹാസനത്തിലേക്കും ഉയർത്തുകയും അവളുടെ ഹൃദയത്തിന്റെ ആഹ്ളാദത്തെ നിത്യതാപംവരെ ചൊരിയുകയും ചെയ്യുന്നു."

(തുടരും)

ചെറുകഥ

# മാമ്പഴം

(പി. ടി. ജോൺ)

ചാക്കോച്ചൻ ഒരു നല്ലയാളാണെന്ന് പരക്കെ വിശ്വാസമുണ്ട്. നാലുപേർ കൂടുന്ന പൊതുകാര്യങ്ങളിൽ ചാക്കോച്ചൻ പ്രഥമസ്ഥാനീയനാണ്. സമുദായകാര്യങ്ങളിലും മതസംഘടനകളിലും ചാക്കോച്ചന്റെ സ്ഥാനം അദ്വിതീയമാണ്. കുടുംബവഴക്കുകളും കക്ഷിമത്സരങ്ങളും പറഞ്ഞൊതുക്കുവാൻ അയാൾക്ക് ഒരു പ്രത്യേകസാമർത്ഥ്യം ഉണ്ടെന്ന് നാട്ടുകാർതന്നെ പറയാറുണ്ട്. ഇടവകപ്പള്ളിയിലെ പ്രധാന കാര്യനടത്തിപ്പുകാരനും മററാരുമല്ല.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. പതിവുപോലെ ചാക്കോച്ചൻ നേരത്തെ പള്ളിയിൽപോയി. അന്ന് അയാൾക്ക് വളരെ വൈകിയിട്ടേ തിരിച്ചുവരുവാൻ സാധിക്കുമായിരുന്നുള്ളൂ.

മൂത്തമകൻ ജോണി പള്ളിയിൽനിന്നും വന്നപ്പോൾ ഒരു വലിയ മാമ്പഴം കൊണ്ടുവന്നു. അവൻ അത് അവന്റെ ഭാര്യ കുഞ്ഞന്നാമ്മയ്ക്ക് സമ്മാനിച്ചു.

ഈ പ്രവൃത്തിയിൽ ജോണിക്ക് പ്രത്യേകമായ യാതൊരു ഉദ്ദേശവും ഇല്ലായിരുന്നു. മററാർക്കെങ്കിലും അതുകൊണ്ട് ക്ഷോഭമുണ്ടാകുമെന്നും അവൻ ഒട്ടും ധരിച്ചിരുന്നില്ല.

ചാക്കോച്ചന്റെ മകൾ റോസി വളരെ കുശാഗ്രബുദ്ധിയാണ്. അവൾക്ക് ഈ പ്രവൃത്തി തീരെ രസിച്ചില്ല. കുഞ്ഞന്നാമ്മ എന്തോ ആവശ്യങ്ങൾക്കായി വെളിയിൽ പോയിരുന്ന അവസരം നോക്കി റോസി വിവരം അമ്മയെ അറിയിച്ചു.

"ആഹ്ഹാ, അതുവോ? മനുഷ്യർക്കു കുറെയൊക്കെ വകതിരിവു വേണ്ടേ? ഈ കൊച്ചുങ്ങൾക്ക് എന്താ അതു കൊടുത്താൽ? അവർക്ക് കയ്ക്കുമോ? അവൻ ആർക്കാണ് കൊടുത്തതെന്നു നോക്കു്." അമ്മ ശകാരിച്ചു.

"അമ്മേ, ഒന്നാംതരം പാണ്ടിമാങ്ങായായിരുന്നു. എനിക്ക് കിട്ടിയാൽ കൊള്ളാമെന്ന് എന്താശിച്ചെന്നോ! അതു കണ്ടപ്പോൾ എന്റെ നാക്കത്തു വെള്ളംവന്നു." റോസി ഒരു ശ്വാസത്തിനു പറഞ്ഞുതീർത്തു.

ഈ പ്രസ്താവന പ്രകൃത്യാ കോപശീലയായ അമ്മയുടെ ക്രോധത്തെ ഊതിവളർത്തി.

"എന്തെടാ ഇതു്? നാണംമാനമില്ലേടാ? ഈ കുഞ്ഞുങ്ങൾക്ക് ഒരു പൂള് കൊടുത്താൽ എന്താ, നരകത്തിൽ പോകുമോ? നിന്റെ പൊന്നുംകുടം ഒണ്ടായിട്ട് എത്രനാളായി? ഇപ്പം ഈ പിള്ളേർ കൊള്ളരുതാത്തവരായി അല്ലേ?"

അമ്മയുടെ ദേഷ്യത്തിന് അതിരില്ലായിരുന്നു.

"അമ്മേ, കാര്യമറിയാതെ ദേഷ്യപ്പെടുന്നത് നന്നല്ല. അമ്മ ഇത്രയധികം കോപിക്കത്തക്കവിധം ഞാൻ തെററൊന്നും ചെയ്തിട്ടില്ല." ജോണി അറിയിച്ചു.

"ദേ, ഒരു കാര്യം ഞാൻ പറഞ്ഞേക്കാവല്ലോ. എന്നോട് കേറി വാദിക്കാൻ വരികയാണോ? തന്നത്താൻ നല്ല പിള്ള ചമയാൻ നോക്കേണ്ട."

ജോണിക്ക് അല്പം ദേഷ്യംതോന്നി. തന്റെ നിരപരാധിത്വബോധം അവനിൽ ഒരു വികാരവിപ്ലവംതന്നെ ഉളവാക്കി.

"ആരും എന്നോട് അധികമൊന്നും പറയേണ്ട. ഞാൻ ചെയ്തത് തെററാണെങ്കിൽ അത് അങ്ങനെ ഇരുന്നുകൊള്ളട്ടെ." ജോണി ഖണ്ഡിതമായി പറഞ്ഞു.

"അല്ലേലും ചേട്ടായിയുടെ സ്വഭാവം വളരെ ചീത്തയാണ്." ജോണിയുടെ അനുജൻ കുഞ്ഞ് വിധി കല്പിച്ചു.

ജോണി ക്ഷുഭിതനായി; കുഞ്ഞിന്റെ ചെവിക്കു പിടിച്ച് നാലു പ്രാവശ്യം ചുററിച്ചു. അതോടുകൂടി ഒരു ചെറിയ സമരംതന്നെ അവിടെ നടന്നു. കുഞ്ഞ് തീരെ ചെറുപ്പമെങ്കിലും അവന്റെ സർവശക്തിയും ഉപയോഗിച്ച് ചേട്ടന്റെ പുറത്ത് ഒരു ഇടികൊടുത്ത് സംതൃപ്തനായി. റോസി അവളുടെ കഴിവനുസരിച്ച് കൊള്ളുകയും കൊടുക്കുകയും ചെയ്തു. കുഞ്ഞന്നാമ്മ ബഹളം കേട്ട് ഓടിയെത്തി, ഭർത്താവിനെ രക്ഷിക്കുവാൻവേണ്ടി ശ്രമം ചെയ്തു. അമ്മയാകട്ടെ കൈയിൽ കിട്ടിയതെടുത്ത് എല്ലാവരെയും കണക്കിനു പ്രഹരിച്ചു.

അടുക്കളയിൽ രണ്ടു മൺഭരണികൾ പൊട്ടി; തവികൾ പലതും പുറത്തെറിയപ്പെട്ടു; ഉറങ്ങിക്കിടന്ന ശിശുവിന്റെ സുഖനിദ്ര ഭഞ്ജിക്കപ്പെട്ടു.

അല്പസമയത്തിനുള്ളിൽ കലഹം ശമിച്ചു. കുടുംബാന്തരീക്ഷം ഒരു നിശ്ചലാവസ്ഥയിൽ എത്തിച്ചേർന്നു. എല്ലാവരും പശ്ചാത്താപത്തോടുകൂടി ഓരോ മൂലയിലേക്കു നീങ്ങി. ആരും ഒന്നും മിണ്ടിയില്ല. ഓരോരുത്തർക്കും അവരവരുടെ സ്വന്തം ന്യായങ്ങൾ പലതുമുണ്ട് പറയുവാൻ. പക്ഷേ ആരുമാരും അവയെ പുറത്തുവിട്ടില്ല. അവർ നഷ്ടധൈര്യരായി, രൂക്ഷമായ ആന്തരികസമരത്തിനു വിധേയരായി അവിടവിടെ ഇരുന്നു.

തൊട്ടിയിൽനിന്നും ഉണർത്തപ്പെട്ട പെൺപൈതൽ നിർന്നിമേഷയായി തന്റെ സഹജാതരെ മാറിമാറി നോക്കിക്കൊണ്ടിരുന്നു. നിഷ്കളങ്കയായ ആ ശിശുവിന്റെ നീലിമയാർന്ന കണ്ണുകൾ കുറെയൊക്കെ പ്രായമായ ആ മനുഷ്യരുടെ മൗഢ്യത്തെ ശകാരിക്കുന്നതായി തോന്നി. വിദ്വേഷത്തിന്റെയും വിനാശത്തിന്റെയും നടുവിൽ ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവാഹിയെന്നവണ്ണം അവൾ അവിടെ ശയിച്ചിരുന്നു.

മണിക്കൂറുകൾ ഒന്നൊന്നായി കഴിഞ്ഞുപോയി. അന്നത്തെ പകലോനും പടിഞ്ഞാറെ ചക്രവാളത്തിൽ മറഞ്ഞു. ആരും ആരോടും ഒന്നും പറയുന്നില്ലെങ്കിലും ആ കുടുംബചക്രം ഇഴഞ്ഞിഴഞ്ഞ് മുന്നോട്ടുകറങ്ങി. ഒരു യാന്ത്രികവിധേയമെന്നവണ്ണം സന്ധ്യാപ്രാർത്ഥനകളും കഴിഞ്ഞു. അപ്പച്ചൻ വരുമ്പോൾ പകൽ നടന്ന അന്യായത്തെപ്പററി നിവേദനം നടത്തണമെന്ന് ഓരോരുത്തരും നിശ്ചയിച്ചു.

അന്നു രാത്രി കുറെ വൈകിയിട്ടാണു ചാക്കോച്ചൻ വന്നത്. എങ്കിലും ആരും ഉറങ്ങിയിട്ടില്ല. സന്ധ്യയാകുമ്പോൾ ഉറങ്ങുന്ന കുസൃതിയായ കുഞ്ഞുപോലും "കണ്ണിലെണ്ണയുമൊഴിച്ച്" അപ്പച്ചനെ കാത്തിരുന്നിരുന്നു. മൗനവും മ്ലാനതയും നിറഞ്ഞ ആ അന്തരീക്ഷം ചാക്കോച്ചനെ സംശയാധീനനാക്കി. എങ്കിലും ബുദ്ധിമാനായ ചാക്കോച്ചൻ അതു മനസ്സിലാക്കിയ ഭാവമേ കാണിച്ചില്ല.

കുളിയും ഊണും കഴിഞ്ഞ് ഇറയത്ത് ഇട്ടിരുന്ന ഒരു കസാലയിൽ ചാക്കോച്ചൻ ഉപവിഷ്ടനായി. ഒരു മുറുക്കാൻചെല്ലം അടുപ്പിച്ചുവച്ച് മുറുക്കിത്തുടങ്ങി.

ആദ്യം ആരാണു നിവേദനം സമർപ്പിക്കേണ്ടത് എന്നു കക്ഷികൾതമ്മിൽ ഒരു മൗനമത്സരം നടന്നു. അവസാനം ചാക്കോച്ചന്റെ ഭാര്യതന്നെ മൗനം ലംഘിച്ച് പ്രാരംഭമിട്ടു.

"പിന്നെയേ, ഈ പിള്ളേർക്ക് എന്തോ കാര്യം പറയാനുണ്ടെന്ന്."

"ഉം, എന്താണു കാര്യം?" ചാക്കോച്ചൻ സഗൗരവം ഒരു വിധിയാളനെപ്പോലെ ചോദിച്ചു.

കുട്ടികൾ അല്പം ഭയപ്പെട്ടു. എന്തുപറയണമെന്നു അറിയാതെ എല്ലാവരും കുഴങ്ങി. കുറച്ചുനേരത്തേക്ക് ഒരു നിശ്ശബ്ദത സർവത്ര വ്യാപിച്ചു. വാത്സല്യനിധിയായ ഒരു പ്രിയപിതാവും കർക്കശനായ ഒരു ന്യായാധിപനായിമാറുന്നതെങ്ങനെയെന്നും എപ്പോഴെന്നും അവർ നല്ലവണ്ണം മനസ്സിലാക്കി. ഒടുവിൽ കുഞ്ഞുതന്നെ ധൈര്യപ്പെട്ടു.

"അപ്പച്ചാ, ഈ ചേട്ടായിയെ മര്യാദയ്ക്കു നിറുത്തണം. ഞങ്ങൾക്ക് ഇവിടെ വലിയ പ്രയാസമാ കേട്ടോ."

റോസി—"ആങ്ങള വലിയ കുശുമ്പനാണ്. അതാണു ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം."

ചാക്കോ—"ഏതു കുഴപ്പങ്ങൾ? കാര്യം പറ."

കുഞ്ഞ്—"ഞാൻ പറയാം. ചേട്ടായി ഒരു മാമ്പഴം കൊണ്ടുവന്നു. അതു എത്ര സ്വാദുള്ളതായിരുന്നെന്നോ!"

ചാ—"നീ തിന്നോ?"

കുഞ്ഞ്—"ഇല്ല."

ചാ—"പിന്നെ എങ്ങനെയാണ് സ്വാദുള്ളതായിരുന്നെന്നു പറയുന്നത്?"

കുഞ്ഞ്—"റോസി പറഞ്ഞതാണ്."

ചാ—"റോസീ, എന്താണിപ്പറയുന്നത്? മാങ്ങാ കൊണ്ടുവന്നിട്ട്?"

റോസി—"അമ്മ ശകാരിച്ചു. ചേട്ടായി ഞങ്ങളെ—" റോസി കരഞ്ഞു.

"മാങ്ങാകൊണ്ടുവന്നതിനു അമ്മ ശകാരിച്ചോ? എന്താണിതു്?" ചാക്കോച്ചൻ ഭാര്യയോടായി ചോദിച്ചു.

"ജോണി മാങ്ങാകൊണ്ടുവന്നു കുഞ്ഞന്നാമ്മയ്ക്കു കൊടുത്തു. ഈ പിള്ളേർക്ക് എന്താ കൊടുത്താൽ? അവന്റെ അധികപ്രസംഗം അല്ലേ? അങ്ങനെയാണോ ചെയ്യേണ്ടതു്?" അവൾ വിശദീകരിച്ചു.

ചാക്കോച്ചനു സകലതും മനസ്സിലായി. കുഞ്ഞിനു കിട്ടിയ അടിയുടെ സ്മാരകങ്ങൾ കാലിൽ പതിഞ്ഞുകിടന്നത് അവൻ അപ്പച്ചനെ കാണിച്ചു. ജോണി മൂകനായി, പശ്ചാത്താപവിവശനായി, അല്പം അകലത്തായി നില്ക്കുന്നതും ചാക്കോച്ചൻ കാണാതിരുന്നില്ല. അപ്പച്ചൻ ജോണിയോട് ഈ അന്യായങ്ങൾക്കെല്ലാം പ്രതികാരം ചെയ്യുന്നതു കണ്ടു സന്തോഷിക്കുവാൻ കുഞ്ഞു തയ്യാറായിനിന്നു. അവൻ വിജയഭാവത്തിൽ തുടർന്നു.

"ചേട്ടായിക്ക് നമ്മുടെ തെങ്ങിൻപറമ്പിൽ ഒരു പുരവച്ചുകൊടു! അതാ നല്ലത്. പിന്നെ ഞങ്ങളെ ഇങ്ങനെ തല്ലുകേം മററുമില്ല."

ചാക്കോച്ചൻ കുഞ്ഞിന്റെ നേർക്ക് അയച്ച ഒരു നോട്ടത്തിന്റെ കാർക്കശ്യം അവനെ മൂകനാക്കി. അവൻ ചെയ്തതും പറഞ്ഞതും എല്ലാം അബദ്ധമായിപ്പോയി എന്നു അവനു ബോദ്ധ്യമായി.

"എന്താ ജോണീ, നീ എന്തു പറയുന്നു?" ചാക്കോച്ചൻ ജോണിയെ വിളിച്ചു ചോദിച്ചു.

"അപ്പച്ചാ, വാസ്തവംപറഞ്ഞാൽ മാങ്ങാ അവൾക്കു കൊടുത്തപ്പോൾ ഞാൻ ഇതൊന്നും ഉദ്ദേശിച്ചില്ല. കുഞ്ഞു ഏതോ അനാവശ്യം പറഞ്ഞപ്പോൾ എനിക്ക് അല്പം ദേഷ്യം വന്നു. ഞാൻ അവന്റെ ചെവിക്കു പിടിച്ചു. അല്പം വഴക്കുമുണ്ടായി. ഇനിമേലിൽ അങ്ങനെ സംഭവിക്കുകയില്ല." ജോണിയുടെ കണ്ണുകളിൽനിന്നും ബാഷ്പകണങ്ങൾ ഇററിററുവീഴുന്നത് ചാക്കോച്ചൻ കണ്ടു.

"ഇത്ര നിസ്സാരമായ ഒരു കാര്യത്തിനു നിങ്ങൾ ശണ്ഠയുണ്ടാക്കിയതു ശിക്ഷാർഹമാണ്. ഇരുഭാഗക്കാരും വളരെ തെററു ചെയ്തു. തമ്മിൽ തമ്മിൽ ക്ഷമിക്കുകയില്ലെങ്കിൽ ദൈവം നിങ്ങളോടു ക്ഷമിക്കുകയില്ല. നിങ്ങൾക്ക് പശ്ചാത്താപം ഉണ്ടെന്നു കാണുന്നതുകൊണ്ടു ഇപ്രാവശ്യം ഞാൻ നിങ്ങളെ ശിക്ഷിക്കുന്നില്ല; എങ്കിലും സൂക്ഷിച്ചുകൊള്ളുക."

ചാക്കോച്ചൻ വിധിപ്രസ്താവിച്ചു. വിധിയുടെ അവസാനവാചകം എല്ലാവരുടെയും ഹൃദയങ്ങളിൽ നല്ലവണ്ണം പതിഞ്ഞു.

"കുഞ്ഞന്നാമ്മേ!" ചാക്കോച്ചൻ വിളിച്ചു.

"എന്തോ!" അവൾ വിളികേട്ടു.

"നീ മററുള്ളവർക്ക് മാമ്പഴം കൊടുക്കാതിരുന്നതു് എന്താണ്?" ചാക്കോച്ചൻ ചോദിച്ചു.

"അപ്പച്ചാ, അപ്പച്ചൻ ഇവിടെ ഇല്ലാതിരുന്നതുകൊണ്ട് ഞാൻ അതു സൂക്ഷിച്ചു വച്ചിരിക്കയായിരുന്നു. ഞാൻ ഇവിടെ ഇല്ലായിരുന്നപ്പോഴാണ് വഴക്കു തുടങ്ങിയത്. ഉടനെ വിവരം പറഞ്ഞാൽ വഴക്കു വർദ്ധിക്കുമെന്ന് അറിയാമായിരുന്നതുകൊണ്ട് ഞാൻ മിണ്ടാതിരുന്നു."

മാമ്പഴം ചാക്കോച്ചന്റെ സമക്ഷം സമർപ്പിക്കപ്പെട്ടു. പശ്ചാത്താപവിവശരായ ആ കുടുംബാംഗങ്ങൾ വീണ്ടും ഒരു പാത്രത്തിൽനിന്നും ഭക്ഷിച്ചു.

## 5-ാം ശതാബ്ദപൂർത്തി

വത്തിക്കാൻ ഗ്രന്ഥശാല സ്ഥാപിതമായിട്ട് ഈ വർഷത്തിൽ 5 ശതാബ്ദം തികയുന്നതാണ്. അതിന്റെ സ്മരണയ്ക്കായി പ്രോട്ടസ്റ്റന്റ് നവീകരണകാലത്തെ പല ഗ്രന്ഥങ്ങളും പ്രദർശിപ്പിക്കപ്പെടുന്നതായിരിക്കും. 1450-ലെ 6-ാമത്തെ വിശുദ്ധ വത്സരത്തിൽ 5-ാം നിക്കളോസ് മാർപ്പാപ്പായാലാണ് പ്രസ്തുത ഗ്രന്ഥശാല സ്ഥാപിതമായത്.

## സൗജന്യമോ?

സത്യദീപം 21-ാം 22-ാം പുസ്തകങ്ങൾ ബയന്റു ചെയ്തത് അഞ്ചൽ ചെലവുൾപ്പെടെ ക. 8—0—0
കുത്തിക്കെട്ടിയതു്. " 7—0—0
(പണം മുൻകൂറയച്ചുതരുന്നവർക്കുമാത്രം.) കൂടാതെ ഒററപ്രതികൾ 2 ണ. വിലവച്ചു ആവശ്യമുള്ളവർക്കും കൊടുക്കുന്നതാണ്. ഉടനെ അപേക്ഷിക്കുക.

കെ. പി. പോൾ
തോട്ടകം, വൈക്കം

പുസ്തകാഭിപ്രായം

## സുന്ദർകഹാനിയാം

(ഗ്രന്ഥകർത്താ: പണ്ഡിററ് സി. വി. ജോസഫ് ആർ. ബി. വി. പി. എച്ച്. പി., ടീച്ചർ, സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, തേവര, വില 8 ണ)


ഹിന്ദിഭാരതത്തിലെ രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെട്ടതോടുകൂടി, പ്രസ്തുത ഭാഷാഭ്യസനത്തിൽ അഭൂതപൂർവ്വകമായ ഒരുണർവ്വ് ദിക്കെങ്ങും ദൃശ്യമായിട്ടുണ്ട്. അനതിവിദൂരമായ ഭാവിയിൽ ഹിന്ദി ഏതദ്ദേശീയഭാഷകളുടെ "രാജ്ഞി"യും, വിജ്ഞാനത്തിന്റെ വിസ്തൃതമായ സ്രോതസ്സും, രാഷ്ട്രീയനേട്ടങ്ങളുടെ ചവിട്ടുപടിയുമായി വിരാജിക്കുമെന്നതിനു സംശയമില്ല. ദക്ഷിണേന്ത്യരെ സംബന്ധിച്ചിടത്തോളം ഒരുകാര്യം പ്രത്യേകം ശ്രദ്ധാർഹമായിട്ടുണ്ട്; രാഷ്ട്രഭാഷ സമർത്ഥമായി കൈകാര്യം ചെയ്യാൻ സാധിക്കാത്തിടത്തോളംകാലം, രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ രംഗങ്ങളിൽ അവർക്ക് ഉത്തരേന്ത്യരോടു കിടനില്ക്കാൻ സാധിക്കുന്നതല്ല. ആകയാൽ, സ്വാതന്ത്ര്യഭാരതത്തിൽ ആശയവിനിമയത്തിനുള്ള പ്രധാനോപാധിയായി പരിണമിക്കാൻ പോകുന്ന ഹിന്ദിയിൽ വ്യുല്പത്തി സമ്പാദിക്കുന്ന കാര്യത്തിൽ നാം യാതൊരു അനാസ്ഥയും പ്രദർശിപ്പിച്ചുകൂടാത്തതാകുന്നു. ക്രിസ്ത്യാനികൾ പ്രത്യേകിച്ചും ഏതത്സംബന്ധമായ അവരുടെ സുഖസുഷുപ്തിയിൽനിന്നും ഉണരേണ്ടതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നു പറയാം.

ഹിന്ദിഭാഷാഭ്യസനത്തിൽ ഉത്സുകരായവർക്കു വേണ്ട സഹായം നല്കണമെന്ന ഉദ്ദേശ്യത്തോടുകൂടി പണ്ഡിററ് സി. വി. ജോസഫ് രചിച്ചിരിക്കുന്ന ഒരു അഭിനവഗ്രന്ഥമാണ് "സുന്ദർകഹാനിയാം". "ഹിന്ദിശിക്ഷക", "ഹിന്ദി കഥാകലിക" എന്നിവ പരിശ്രമശാലിയായ ഈ യുവാവിന്റെ ഇതരകൃതികളത്രെ. സത്യം, നീതി, സദാചാരം ആദിയായ ഉൽകൃഷ്ടാദർശങ്ങൾ ബാലികാബാലന്മാരുടെ ഹൃത്തടങ്ങളിൽ നട്ടുവളർത്തുന്നതിനു പര്യാപ്തമായ 21 കഥകളുടെ സമാഹാരമാണു പ്രകൃതഗ്രന്ഥം. ഭാഷാഭ്യസനത്തോടൊപ്പം സുകൃതാഭ്യസനവും നിർവ്വഹിക്കുന്നതിനു പര്യാപ്തമായ പശ്ചാത്തലം സൃഷ്ടിക്കുന്നതിനുള്ള ഗ്രന്ഥകാരന്റെ പരിശ്രമം സർവ്വഥാ ശ്ലാഘനീയമായിരിക്കുന്നു. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നതിനു പുറമെ, ഇതുപോലെ വേറെയും ഗ്രന്ഥങ്ങൾ രചിച്ച്, ഹിന്ദിഭാഷാഭ്യസനത്തിൽ കേരളീയർക്ക് മാർഗ്ഗംതെളിക്കണമെന്നു ഗ്രന്ഥകാരനോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## മാർട്ടിന്റെ മംഗല്യം

(ഗ്രന്ഥകർത്താ: ഫാ. മാത്യു പഴേടം M. S. F. S. വശം 39. വില ണ. 4. സെന്റു ജോസഫ് പ്രസ്സ്, മാന്നാനം.)

കുസുമഗ്രന്ഥാവലിയിൽ 116-ാം നമ്പരായി പ്രകാശിതമായ ഒരു പ്രഹസനമാണ് "മാർട്ടിന്റെ മംഗല്യം അഥവാ മിഷൻസേവനരംഗങ്ങൾ." കേരളീയരെ പ്രേഷിതരംഗങ്ങളുമായി പരിചയപ്പെടുത്തണമെന്നുള്ള രചയിതാവിന്റെ അഭിലാഷം രൂപംപ്രാപിച്ചതത്രെ ഈ പുസ്തകം. "എല്ലാവർക്കും എല്ലാമായി" ജീവിക്കുന്ന ഒരു മിഷനറി വൈദികന്റെ പ്രവർത്തനപരിധി ഈ പ്രഹസനംവഴി പ്രകാശിപ്പിച്ചിരിക്കുന്നു. വാർഷികയോഗങ്ങളിലുംമററും വിജയപ്രദമായി ചുരുങ്ങിയ സമയത്തിനുള്ളിൽ അഭിനയിച്ചുതീർക്കാവുന്നതാണ് ഈ പ്രഹസനം.



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# പ്രാർത്ഥന

പ്രിയകുഞ്ഞുങ്ങളേ,

പ്രാർത്ഥനയെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ പറയാമെന്നു മുൻലക്കത്തിൽ വല്യച്ചൻ അറിയിച്ചിരുന്നല്ലോ. ഒരു നല്ലമകൻ, അവൻെറ പിതാവിനു അവൻെറമേലുള്ള ആധിപത്യത്തെ ഏററു അനുസരിച്ചുകൊണ്ടും, സ്വന്തം ആശ്രയാവസ്ഥയെ സമ്മതിച്ചുകൊണ്ടും സ്നേഹബഹുമാനസമന്വിതം അദ്ദേഹത്തെ "അപ്പാ" എന്നു വിളിക്കുന്നു. അപ്പനു എന്തെങ്കിലും അനിഷ്ടം, താനോ തൻെറ സഹോദരങ്ങളോ, വരുത്തിയിട്ടുണ്ടെങ്കിൽ അതിനു മാപ്പപേക്ഷിച്ചുകൊണ്ടു അവൻ അപ്പനെ സമാശ്വസിപ്പിക്കുന്നു. തനിക്കു ആവശ്യമുള്ള കാര്യങ്ങളെല്ലാം അവൻ അപ്പനോടു ചോദിക്കുന്നു. ഇപ്രകാരമെല്ലാം മനുഷ്യർ തങ്ങളുടെ സ്വർഗ്ഗീയപിതാവായ ദൈവത്തോടു വർത്തിക്കുമ്പോൾ അതിനു പ്രാർത്ഥന എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ ഈ അവസരങ്ങളിലെല്ലാം ആത്മാവു ദൈവത്തിൻെറ പക്കലേക്കു ഉയരുകയാണു ചെയ്യുന്നതു. ദൈവത്തോടു സംഭാഷണംചെയ്യുമ്പോഴെല്ലാം നമ്മുടെ ആത്മാവു ദൈവത്തിൻപക്കലേക്കു ഉയരുന്നുണ്ടു. ദൈവത്തോടുള്ള മനുഷ്യരുടെ സംഭാഷണം തന്നെയാണു പ്രാർത്ഥന.

ദൈവത്തോടുള്ള സംഭാഷണാവസരത്തിൽ പല കാര്യങ്ങൾ നമുക്കു അവിടുത്തെ അറിയിക്കാം. അവിടുന്നു നമ്മുടെ സ്രഷ്ടാവാകുന്നു എന്നുള്ള നമ്മുടെ ബോദ്ധ്യം വെളിപ്പെടുത്തുന്നതിനുവേണ്ടി "എൻെറ ദൈവമേ" എന്നു അങ്ങയെ വിളിക്കാം. "എൻെറ ദൈവമേ, അവിടുന്നു എൻെറ സ്രഷ്ടാവാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എൻെറ സഹോദരങ്ങളായ എല്ലാ മനുഷ്യരുടെയും, ഞാൻ കാണുന്ന ഈ പ്രപഞ്ചത്തിൻെറയും സ്രഷ്ടാവു അങ്ങുന്നാണെന്നു ഞാൻ വിശ്വസിക്കുന്നു," എന്നു അങ്ങയോടു പറയാം. ദൈവം സ്രഷ്ടാവാണെങ്കിൽ സൃഷ്ടികൾക്കു അവിടുത്തോടു ചില കടപ്പാടുകളെല്ലാമുണ്ടു. ഈ കടപ്പാടുകൾ അവർ നിർവ്വഹിക്കണം. ബുദ്ധിയുള്ള സൃഷ്ടി തൻെറ സ്രഷ്ടാവിനോടു, സ്രഷ്ടാവെന്ന നിലയിൽ പ്രദർശിപ്പിക്കുന്ന ബഹുമാനത്തിനാണു ആരാധന എന്നു പറയുന്നതു. അതുകൊണ്ടു നമുക്കു വീണ്ടും ദൈവത്തോടു പറയാം: "എൻെറ ദൈവമേ, അങ്ങേ ഞാൻ ആരാധിക്കുന്നു. അങ്ങേ ആരാധിക്കാത്തവർക്കുവേണ്ടിയും അങ്ങേ ഞാൻ ആരാധിക്കുന്നു."

നമ്മുടെ ശരീരവും ആത്മാവും അവയുടെ എല്ലാ കഴിവുകളും ദൈവത്തിൽനിന്നാണു നമുക്കു ലഭിച്ചിരിക്കുന്നതു. മാത്രമല്ല ഈ സമയംവരെ നമ്മെ സംരക്ഷിച്ചുകൊണ്ടുപോന്നിട്ടുള്ളതും ഓരോ വിനാഴികയിലും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതും അവിടുന്നല്ലാതെ മററാരുമല്ല. ഒരുപക്ഷേ നാം വിചാരിച്ചേക്കാം, നമ്മുടെ മാതാപിതാക്കന്മാരാണു നമ്മെ സംരക്ഷിച്ചുകൊണ്ടുപോരുന്നതെന്നു. അവർ ചിലതെല്ലാം ചെയ്യുന്നുണ്ടു, ശരിതന്നെ. പക്ഷേ അവർ ദൈവത്തിൻെറ ഉപകരണങ്ങൾ മാത്രമാണു. അടുക്കളയിൽ നില്ക്കുന്ന വേലക്കാരി കഞ്ഞിയും കറിയും വച്ചു നിങ്ങൾക്കു വിളമ്പിത്തരുന്നതുകൊണ്ടു നിങ്ങളിൽ ആരെങ്കിലും പറയുമോ, അവയെല്ലാം തരുന്നതു അവളാണെന്നു? ഇല്ല. അപ്പൻ സമ്പാദിച്ചുകൊണ്ടുവരുന്ന സാമാനങ്ങൾ അപ്പൻെറ അല്ലെങ്കിൽ അമ്മയുടെ നിർദ്ദേശപ്രകാരം അവൾ ഉണ്ടാക്കിത്തരികമാത്രമേ ചെയ്യുന്നുള്ളു. മാതാപിതാക്കന്മാർ തന്നെയാണു അവയുടെ ദാതാക്കൾ. ഇതുപോലെതന്നെ നമ്മെ നേരിട്ടു സംരക്ഷിക്കുന്നതിനു ദൈവം നിയമിച്ചിരിക്കുന്നവരാണു നമ്മുടെ മാതാപിതാക്കന്മാരും, അദ്ധ്യാപകന്മാരും, വൈദികരും, നമ്മെ സഹായിക്കുന്ന മറെറല്ലാവരും. ഇപ്രകാരം ദൈവം നമ്മെ സംരക്ഷിക്കുന്നതുകൊണ്ടു നാം അങ്ങയോടു കടപ്പെട്ടവരാണു. തന്മൂലം നാം ദൈവത്തോടു ഇങ്ങനെ നന്ദിപറയണം: "എൻെറ ദൈവമേ, അവിടുന്നു ഇല്ലായ്മയിൽനിന്നു എന്നെ സൃഷ്ടിക്കുകയും, രക്ഷിക്കുകയും, പരിപാലിക്കുകയും ചെയ്തതിനെയും, ഓരോ വിനാഴികയിലും എനിക്കു ആവശ്യമായ സകല ഉപകാരങ്ങളും ചെയ്തുവരുന്നതിനെയും കുറിച്ചു അങ്ങയോടു ഞാൻ നന്ദിപറയുന്നു. എൻെറ ദൈവമേ, അങ്ങയിൽനിന്നു ധാരാളം നന്മകൾ സ്വീകരിച്ചിരുന്നിട്ടും അങ്ങയോടു നന്ദിഹീനരായി വർത്തിക്കുന്നവർക്കുവേണ്ടിയും അങ്ങയോടു ഞാൻ നന്ദി പറയുന്നു."

ഇതുവരെ പറഞ്ഞവയെല്ലാം ഒരുവിധത്തിൽ ദൈവത്തെ സംബന്ധിക്കുന്നവയാണു. ഇനിയു നമുക്കു ആവശ്യമുള്ള കാര്യങ്ങൾ സംബന്ധിച്ചു ദൈവത്തോടു പറയേണ്ടതായിട്ടുണ്ടു. നമുക്കു ആവശ്യമായ എല്ലാ നന്മകളും നാം പ്രാപിക്കേണ്ടതു ദൈവത്തിൽനിന്നാണു. നമ്മുടെ ശരീരത്തിനു പല നന്മകളും ആവശ്യമുണ്ടാകും. അവ നാം ദൈവത്തോടു ചോദിക്കണം. നമ്മുടെ ആത്മാവിനു വേണ്ടിയവയും നാം ദൈവത്തോടു ചോദിക്കണം. പഠനം സംബന്ധിച്ചും പണം സംബന്ധിച്ചും മററു ലൗകികകാര്യങ്ങൾ സംബന്ധിച്ചും നമുക്കു ദൈവത്തോടു ചോദിക്കേണ്ടതായിട്ടുണ്ടു. അന്യർക്കുവേണ്ടിയും പല നന്മകൾ ദൈവത്തിൻെറ പക്കൽനിന്നും നമുക്കു വാങ്ങേണ്ടതായിട്ടുണ്ടു. ഇവയെല്ലാം നാം ദൈവത്തോടു ചോദിക്കണം. ഒരു നല്ല മകൻ, അവൻ ആവശ്യപ്പെടുന്നവയെല്ലാം കൊടുക്കുവാൻ പ്രാപ്തനായ തൻെറ പിതാവിനോടു ചോദിക്കുന്നതുപോലെ സ്നേഹത്തോടും മനോവിശ്വാസത്തോടും, പ്രതീക്ഷയോടുംകൂടി നമുക്കും ഇതരന്മാർക്കും ആവശ്യമായ കാര്യങ്ങൾ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവിനോടു നാം ചോദിക്കണം, അപേക്ഷിക്കണം. ഇതും പ്രാർത്ഥനയാണു.

ഇങ്ങനെ ദൈവത്തെ ആരാധിക്കുന്നതും അങ്ങയോടു കൃതജ്ഞത പ്രകാശിപ്പിക്കുന്നതും, പാപങ്ങൾക്കു മാപ്പപേക്ഷിക്കുന്നതും, ആവശ്യമുള്ള നന്മകൾ ചോദിക്കുന്നതുമെല്ലാം ശരിയായ പ്രാർത്ഥനയാണു. ഈ രീതിയിലെല്ലാമാണു നാം പ്രാർത്ഥിക്കേണ്ടതു. ഇങ്ങനെ പ്രാർത്ഥിക്കുന്നതിനു നമ്മുടെ മുദ്രാവാക്യത്തിലെ "പ്രാർത്ഥന" നിങ്ങൾക്കു പ്രേരകമായിത്തീരട്ടെ.

### പ്രബന്ധമത്സരം

മേയ് മാസത്തിൽ ജപമാലഭക്തിയെക്കുറിച്ചു നടത്തിയ പ്രബന്ധമത്സരത്തിൽ ആകെ 19 പേർ പങ്കെടുത്തു. വിജയികളായവരുടെ പേരുവിവരം താഴെ ചേർക്കുന്നു. ആൺകുട്ടികൾ: I സമ്മാനം സി. സി. ജോസഫ് ചിറൻതാമരയൂർ (70 ശതമാനം); II സമ്മാനം എം. റി. സെബാസ്റ്റ്യൻ മൂന്നാനപ്പള്ളിൽ, തിടനാടു & എം. എൽ. ആൻറണി, മുളവട്ടൂർ (60 ശതമാനം വീതം). പെൺകുട്ടികൾ: I സമ്മാനം വന്യംപറമ്പിൽ ജോസഫ് അന്നമ്മ, മുട്ടം (70 ശതമാനം); II സമ്മാനം ഫിലിപ്പു റോസമ്മ, വാഴപ്പിള്ളി & പാലാത്തറ തോമസ് മേരിക്കുട്ടി, വാഴപ്പള്ളി (60 ശതമാനം വീതം). ഒന്നാം സമ്മാനത്തിനു അർഹരായവർക്കു "മതപാഠം" എന്ന പുസ്തകവും രണ്ടാം സമ്മാനത്തിനർഹരായവർക്കു "മാർത്തോമ്മാശ്ലീഹായും മലങ്കരയും" എന്ന പുസ്തകവും അയച്ചുകൊടുക്കുന്നു. എല്ലാവർക്കും വല്യച്ചൻെറ ഹാർദ്ദമായ അനുമോദനങ്ങൾ. ജൂൺമാസത്തിലെ പ്രബന്ധമത്സരത്തിൽ കൂടുതൽപേർ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

താഴെ പറയുന്ന പ്രയോഗങ്ങളുടെ അർത്ഥം പറയുക: 1) അപ്പസ്തോലികസഭകൾ 2) അപ്പസ്തോലിക് ഡെലഗേററ് 3) അപ്പസ്തോലിക ബന്ധവിമോചനങ്ങൾ 4) അപ്പസ്തോലിക് സ്കൂൾ 5) അപ്പസ്തോലികസിംഹാസനം.

### ഉത്തര

1) അപ്പസ്തോല(ശ്ലീഹ)ന്മാരാൽസ്ഥാപിക്കപ്പെടുകയോ ഭരിക്കപ്പെടുകയോ ചെയ്തിട്ടുള്ള സഭകളെ ഉദ്ദേശിച്ചു 2 മുതൽ 4 വരെ നൂററാണ്ടുകളിൽ സാധാരണമായിരുന്ന ഒരു പ്രയോഗമാണിതു. ഈ അർത്ഥത്തിൽ കൊറിന്തിലെ സഭ ഒരു അപ്പസ്തോലികസഭയാണു; കാരണം അതു പൗലോസ്ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണു. വി. തോമാശ്ലീഹായാൽ സ്ഥാപിതമായ കേരളസഭയും ഒരു അപ്പസ്തോലികസഭയാണു.

2) ഓരോ രാജ്യങ്ങളിൽ സഭാകാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി നിയമിതനാകുന്ന പേപ്പൽ പ്രതിനിധി.

3) മാർപ്പാപ്പായോ തിരുമേനിയാൽ അധികാരപ്പെടുത്തപ്പെടുന്ന മററാരെങ്കിലുമോ ആശീർവ്വദിക്കുന്ന കൊന്തകൾ, കുരിശുരൂപങ്ങൾ, കാശുരൂപങ്ങൾ ആദിയായവയ്ക്കുള്ള ബന്ധവിമോചനങ്ങൾ.

4) മിഷനറിമാരോ ഇടവകവൈദികരോ ആയി ജോലിചെയ്യുന്നതിനു ഉദ്ദേശിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള വിദ്യാലയം.

5) ശ്ലൈഹികാധികാരത്തിൻെറ കേന്ദ്രമായ റോമാസിംഹാസനം.

## ചോദ്യോത്തരപംക്തി

**ചോ:** "പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുതു; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു." (മത്തായി 6: 7). കത്തോലിക്കർ അവരുടെ കൊന്തനമസ്കാരത്തിലും മററും 50-ം 150-ം പ്രാവശ്യം ഒരു പ്രാർത്ഥന തന്നെ ആവർത്തിച്ചുചൊല്ലുന്നതു ഈ ഇനത്തിൽ പെടുകയില്ലേ? ആദ്യം പ്രാർത്ഥിച്ചതു കേൾക്കേണ്ടവർ കേട്ടെങ്കിൽ പിന്നെ തുടരെ 50-ം, 150-ം പ്രാവശ്യം ആവർത്തിക്കേണ്ട ആവശ്യം വരുന്നില്ലല്ലോ."

**ഉ:** കത്തോലിക്കരുടെ പ്രാർത്ഥന മേൽപ്പറഞ്ഞതരം "അതിഭാഷണം" അല്ലെന്നുള്ളതാണു ഈ ചോദ്യത്തിനുള്ള സമാധാനം. ശ്രോതാക്കളെ ഓരോ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനും മററുംവേണ്ടി പ്രാസംഗികന്മാർ വാക്ചാതുരിയിൽ ശ്രദ്ധവയ്ക്കുയും ആശയങ്ങൾ വിവിധരൂപത്തിൽ, വേറെവേറെ വാക്കുകളിൽ, വിശദീകരിച്ചുകൊടുക്കുകയും ചെയ്യാറുണ്ടല്ലോ. ഏതാണ്ടതുപോലെ പുറജാതിക്കാർ തങ്ങളുടെ വാഗ്വൈഭവവും ശബ്ദജാലവുംകൊണ്ടു ദേവന്മാരെ സ്വാധീനരാക്കാമെന്നു വിശ്വസിച്ചിരുന്നു. അത്തരമൊരു പ്രാർത്ഥനാരീതി അവലംബിക്കരുതെന്നാണു ക്രിസ്തു പ്രബോധിപ്പിക്കുന്നതു. വാക്കുകളുടെ ബാഹുല്യത്തിലും ഭംഗിയിലുമല്ല പ്രാർത്ഥനയുടെ സാഫല്യം അടങ്ങിയിരിക്കുന്നതു; പ്രത്യുത ദൈവവുമായുള്ള ഹൃദയത്തിൻെറ ഐക്യത്തിലാണു. ആകയാൽ പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ നമ്മുടെ ആവശ്യങ്ങൾ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കേണ്ടിയിരിക്കുന്നു.

മനോഹരമായ ഒരു ചെറിയ പ്രാർത്ഥന ആവർത്തിക്കുമ്പോൾ അതു മേൽപ്പറഞ്ഞതരം ഒരു "അതിഭാഷണം" ആകുന്നില്ല. കാരണം, ശബ്ദബാഹുല്യവും വാക്ചാതുരിയുംകൊണ്ടു കാര്യം നേടാമെന്ന മിഥ്യാബോധം പ്രാർത്ഥിക്കുന്ന ആൾ പുലർത്തുന്നില്ല; അനേകകാര്യങ്ങൾ പറഞ്ഞുതീർത്തില്ലല്ലോ എന്ന ഉൽക്കണ്ഠ അയാൾ പ്രദർശിപ്പിക്കുന്നുമില്ല. തനിക്കു ആവശ്യമുള്ളവ ഏവയെന്നു സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനു അറിയാമെന്നു അയാൾക്കു ബോദ്ധ്യവുമുണ്ടു.

കേൾക്കേണ്ടവർ കേട്ടാൽ പിന്നെ എന്തിനു അക്കാര്യം ചർവ്വിതചർവ്വണം ചെയ്യുന്നു എന്നു ചോദ്യകാരൻ ചോദിക്കുന്നു. അതിനു പറയാനുള്ള ഒന്നാമത്തെ സമാധാനം, പ്രസ്തുതവാദം ശരിയാണെങ്കിൽ ജീവിതത്തിൽ ഒരിക്കൽ മാത്രം ദൈവത്തോടു പ്രാർത്ഥിച്ചാൽ മതിയെന്ന നിഗമനത്തിൽ നാം എത്തേണ്ടിവരുമെന്നാണു. "ദൈവമേ! എനിക്കു ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും തന്നരുളേണമെ; എൻെറ ആത്മാവിനെ രക്ഷിച്ചരുളേണമെ," എന്നു ഒരു പ്രാവശ്യം പ്രാർത്ഥിച്ചുകഴിഞ്ഞാൽ പിന്നെ കൈയുംകെട്ടി മിണ്ടാതിരിക്കാം. ദൈവം ആ പ്രാർത്ഥന കേട്ടില്ലെന്നു വരുമോ? "കേൾക്കേണ്ടവർ കേട്ടുകഴിഞ്ഞാൽ" പിന്നെ എന്തിനതു ആവർത്തിക്കുന്നു? പക്ഷേ ഈ നിഗമനം സ്വീകാര്യമല്ലെന്നു ചോദ്യകാരനും സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. "പരീക്ഷയിൽ ഉൾപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" (മാർക്ക് 14: 38), "ഇടവിടാതെ പ്രാർത്ഥിപ്പിൻ" (I തെസ. 5: 16-18) എന്നൊക്കെയാണല്ലോ വേദപുസ്തകം ഉൽബോധിപ്പിക്കുന്നതു. ആകയാൽ, അയൽക്കാരൻെറ വാതില്ക്കൽ അപ്പത്തിനായി വീണ്ടും വീണ്ടും മുട്ടുന്ന ആളെപ്പോലെ ദൈവകാരുണ്യത്തിൻെറ കവാടത്തിങ്കൽ ആവർത്തിച്ചാവർത്തിച്ചുമുട്ടുന്നതുപ്രയോജനരഹിതമല്ലെന്ന തീരുമാനത്തിൽ നാമെത്തുന്നു. രണ്ടാമതായി, പ്രാർത്ഥനയുടെ ഉദ്ദേശ്യം വെറും അഭ്യർത്ഥനമാത്രമല്ല; ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതുകൂടിയാണു. (അങ്ങേ വിശുദ്ധരെ വാഴ്ത്തുമ്പോഴും അങ്ങയെതന്നെയാണല്ലോ നാം സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നതു.) ആകയാൽ ഒരേ ജപം ആവർത്തിച്ചുചൊല്ലുമ്പോൾ നാം ദൈവത്തെ വീണ്ടും വീണ്ടും സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തെ എത്ര സ്തുതിച്ചാലും അതു അധികമായിപ്പോയെന്നുവരികയില്ല. ലൗകികനേതാക്കന്മാരായ ഗാന്ധിജി, നെഹ്റു ആദിയായവരുടെ നേർക്കുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിനായി "ഗാന്ധിജി കി ജെ," "നെഹ്റു കി ജെ" എന്നുംമററുമുള്ള ജയഘോഷങ്ങൾ ആവർത്തിക്കുക സാധാരണമാണല്ലോ. എന്തുകൊണ്ടു അപ്രകാരം ദൈവത്തിൻേറയും ദൈവമാതാവിൻേറയും മററു വിശുദ്ധന്മാരുടേയും അപദാനങ്ങളെ പ്രാർത്ഥനാദ്വാരാ വീണ്ടും വീണ്ടും പ്രകീർത്തിച്ചുകൂടാ? കൊന്തനമസ്കാരത്തിൽ "നന്മനിറഞ്ഞമറിയം" അമ്പതോ നൂററമ്പതോ പ്രാവശ്യം ഉരുവിടുമ്പോൾ മാതാവിൻെറ അപദാനങ്ങളെ നാം വീണ്ടും വീണ്ടും പ്രകീർത്തിക്കയും അങ്ങനെ സകല അനുഗ്രഹങ്ങളുടേയും ദാതാവായ ദൈവത്തെ സ്തുതിക്കയുമാണു ചെയ്യുന്നതു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM JUNE 7, 1950 || No. 39


# സോവ്യററ് ഗവമ്മെൻറിന്റെ മതപ്രചരണവിരോധം

സോവ്യററുറഷ്യയിൽ സ്റ്റാലിന്റെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട പുതിയ ഭരണഘടനയിലെ 124-ാം വകുപ്പിൽ മതത്തിനു് അനുകൂലമായ പ്രചരണം, അക്ഷരത്തിലല്ലെങ്കിലും കാര്യത്തിൽ നിഷേധിച്ചിരിക്കുകയാണെന്നു് ആ വകുപ്പിന്റെ പിന്നിലുള്ള ചരിത്രത്തിൽനിന്നും ഞങ്ങൾ കഴിഞ്ഞ ലേഖനത്തിൽ സമർത്ഥിച്ചിരുന്നല്ലോ. ഈ സമർത്ഥനത്തിന്റെ സ്ഥിരീകരണമായി, സോവ്യററുറഷ്യയിൽ ആരംഭംമുതൽക്കും, വിശിഷ്യ പ്രസ്തുതവകുപ്പു പുതിയ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചതിനുശേഷവും, അവിടെ നടന്നിട്ടുള്ള മതപീഡനത്തിന്റെ ഒരു സംക്ഷിപ്തവിവരണമാണു് ഈ ലേഖനത്തിൽ നല്കാനുദ്ദേശിക്കുന്നതു്.

### വിവിധ പീഡനോപായങ്ങൾ

സോവ്യററുറഷ്യയിൽ മതപീഡനം നടത്തുവാൻ പലതരം ഉപായങ്ങളാണു് ആദ്യന്തം സ്വീകരിച്ചുപോന്നിട്ടുള്ളതു്. (1) പ്രത്യക്ഷമായ അക്രമപ്രയോഗം. വൈദികരേയും പ്രവർത്തനോത്സുകരായ അത്മേനികളേയും കാരാഗൃഹത്തിലടയ്ക്കുകയോ വധിക്കുകയോ ചെയ്യുക; ദേവാലയങ്ങൾ ബലപ്രയോഗത്താൽ അടച്ചുപൂട്ടുകയും, ആ കെട്ടിടങ്ങൾ പലപ്പോഴും മതപരമല്ലാത്തതോ മതവിരുദ്ധംതന്നെയോ ആയ സമ്മേളനങ്ങൾക്കും മററുമായി വിനിയോഗിക്കുകയും ചെയ്യുക; വിശുദ്ധ സ്വരൂപങ്ങളും വിശുദ്ധ പാത്രങ്ങളും നശിപ്പിക്കുകയും അശുദ്ധമാക്കുകയും ചെയ്യുക. (2) ക്രൈസ്തവസഭകളുടെ ജീവിതം തടസ്സപ്പെടുത്തത്തക്കവണ്ണമുള്ള കൈകടത്തൽ. ക്രിസ്തീയസഭകൾക്കു നിയമപരവും സാമ്പത്തികവുമായ ജീവിതം നയിക്കുവാൻ ആവശ്യകമായ മാർഗ്ഗങ്ങൾ ഇല്ലാതാക്കുക; വൈദികമണ്ഡലത്തിൽ ഉയർന്നപടിയിലും താഴ്ന്നപടിയിലുമുള്ള ആളുകൾ തമ്മിലുണ്ടായിരിക്കുന്ന സാധാരണമായ ബന്ധങ്ങൾക്കു ഭംഗം വരുത്തുക; ക്രിസ്തീയസഭകളിൽ പിളർപ്പു് (ശീശ്മ) ഉളവാക്കുവാൻ സഹായിക്കുക; ക്രിസ്തീയസഭകളുടെ പരസ്നേഹപരവും സാംസ്കാരികവും സാമുദായികവുമായ പ്രവർത്തനങ്ങളെ നിരോധിക്കുക. (3) മതത്തിനെതിരായുള്ള വ്യത്യസ്തഗണന. വൈദികർക്കെതിരായി ഔദ്യോഗികവും ദൂരവ്യാപകവുമായ വ്യത്യസ്തഗണനയോടുകൂടി പെരുമാറുക; ഔദ്യോഗികമായിട്ടല്ലെങ്കിലും ഏററവും ഫലപ്രദമായിത്തന്നെ പ്രവർത്തനോത്സുകരായ അത്മേനികൾക്കെതിരായും വ്യത്യസ്തഗണനയോടുകൂടിയ നടപടികൾ സ്വീകരിക്കുക. (4) മതപരമായ വിദ്യാഭ്യാസത്തിന്റെ ഉന്മൂലനാശം. സ്കൂളുകളിൽനിന്നു മാത്രമല്ല, ദേവാലയങ്ങളുൾപ്പെടെയുള്ള സകല വിദ്യാദാനസ്ഥാനങ്ങളിൽനിന്നും മതപരമായ ബോധനം വേരോടെ പറിച്ചുകളയുക. (5) മതപരമായ ജീവിതത്തിനു ചേർന്ന ഭക്താനുഷ്ഠാനങ്ങൾ തടസ്സപ്പെടുത്തുക.

### പീഡനത്തിന്റെ വിവിധ കാലദശകൾ

ഈ മതപീഡനോപായങ്ങൾ സകലവും ഒന്നിച്ചു് ഒരേസമയത്തല്ല പ്രയോഗിക്കപ്പെട്ടിട്ടുള്ളതു്. പല കാലദശകളിലും പല തോതിലുമായിട്ടായിരുന്നു അവയുടെ പ്രയോഗം. ഒന്നാമത്തെ കാലഘട്ടം 1917-മുതൽ 1922-വരെ ഉള്ളതായിരുന്നു. അക്കാലത്തെ മതപീഡനനയത്തിൽ മൂന്നു പ്രത്യേകതകൾ കാണാം. നിയമപരമായ അസ്തിത്വവും ഭൗതികമായ ജീവിതമാർഗ്ഗങ്ങളും ക്രിസ്തീയസഭകൾക്കു് ഇല്ലാതാക്കുകയായിരുന്നു ഇതിൽ ആദ്യത്തേതു്. 1918 ജനുവരി 23-ാംനു-യിലെ ഉത്തരവനുസരിച്ചു ക്രിസ്തീയസഭകളുടെ സകല സ്വത്തുക്കളും "രാഷ്ട്രസാൽക്കരിക്കപ്പെട്ടു"; പ്രതിഫലമൊന്നും കൊടുക്കാതെ അവ മുഴുവനും ഗവമ്മെൻറിൽനിന്നു കണ്ടുകെട്ടിയെടുത്തെന്നു താൽപര്യം. ഈ ഉത്തരവിനാൽ അതുവരെ ഉടമയിലിരുന്ന സ്വത്തുക്കൾ സഭകൾക്കു നഷ്ടപ്പെട്ടുകമാത്രമല്ല, പുതുതായി സ്വത്തുക്കൾ സമ്പാദിക്കുവാൻ പാടുള്ളതല്ലെന്നും വന്നുകൂടി. "യാതൊരു മതസഭയ്ക്കോ മതസംഘടനയ്ക്കോ സ്വകാര്യസ്വത്തു് ഉടമയിൽ വയ്ക്കുവാൻ അവകാശമില്ല; ആ സംഘടനകളെ നിയമദൃഷ്ടിയിൽ അവകാശരക്ഷിതരായ ആളുകളായി (Juridical Person) ഗണിക്കുന്നതല്ല" എന്നായിരുന്നു ഉത്തരവിലെ ഒരു ഭാഗം. ഇടവകകൾക്കോ രൂപതകൾക്കോ മററു സംഘടനകൾക്കോ യാതൊരു സ്വത്തും സമ്പാദിക്കുവാനോ ഉടമയിൽ വയ്ക്കുവാനോ പാടുള്ളതല്ലെന്നുവന്നാൽ മതപരമായ പ്രചരണം നടത്തുവാനെന്നല്ല, മതപരമായ ജീവിതം നയിക്കുവാൻ പോലും അസാദ്ധ്യമാണെന്നു സ്പഷ്ടമല്ലയോ?

ഈ കാലദശയിലെ മതപീഡനത്തിന്റെ രണ്ടാമത്തെ പ്രത്യേകത വൈദികരേയും വൈദികശുശ്രൂഷകരേയും സമുദായികമണ്ഡലത്തിൽ അധഃസ്ഥിതരായി ഗണിച്ചിരുന്നുവെന്നതാണു്. 1918-ലെ ഭരണഘടനയുടെ 65-ാംവകുപ്പിൽ വൈദികരേയും വൈദികശുശ്രൂഷകരേയും തൊഴിലാളിഗണത്തിൽ പെടാത്തവരും മുതലാളികളുടെ സേവകന്മാരും ആയിട്ടാണു് പ്രഖ്യാപിച്ചിരുന്നതു്. ആ നിലയിൽ അവർക്കു് വോട്ടവകാശം നിഷേധിക്കപ്പെട്ടിരുന്നു. റേഷൻകാർഡുകൾ വിതരണം ചെയ്യപ്പെടുന്ന അവസരങ്ങളിൽ, വോട്ടവകാശം ഇല്ലാത്തവരെന്ന കാരണത്താൽ, ഇവർക്കു കാർഡുകൾ ലഭിച്ചിരുന്നില്ല; അഥവാ ലഭിച്ചാൽ അവ ഏററവും താഴ്ന്നതരത്തിലുള്ളവയായിരുന്നു. അവരുടെ കുട്ടികൾക്കു സെക്കൻററിസ്കൂളുകളിലും സർവ്വകലാശാലകളിലും വിദ്യാഭ്യാസം ചെയ്യുവാനുള്ള അവകാശവും നഷ്ടപ്പെട്ടിരുന്നു. ഇവർക്കുള്ള ഏകജീവിതമാർഗ്ഗം ഇടവകജനങ്ങളുടെ അല്പസ്വല്പങ്ങളായ സംഭാവനകൾമാത്രമായിരുന്നു. അവയ്ക്കും മികച്ച ആദായനികുതിയാണു് അവർ നൽകേണ്ടിയിരുന്നതു്. മതപ്രചരണം നടത്തുന്നതിൽ പ്രധാനഭാഗം വഹിക്കുന്നതു വൈദികരും വൈദികശുശ്രൂഷകന്മാരുമാകയാൽ അവരുടെമേൽ പ്രയോഗിക്കുന്ന ഈ പീഡനോപായങ്ങൾ ഫലത്തെ സംബന്ധിച്ചിടത്തോളം മതപ്രചരണത്തിന്റെമേൽത്തന്നെ പ്രയോഗിക്കുന്നതാണെന്നു സമ്മതിക്കേണ്ടയോ?

മൂന്നാമത്തെ പ്രത്യേകത മനുഷ്യജീവിതത്തിലെ വിവിധരംഗങ്ങളിൽ പൊതുവിലും, വിദ്യാഭ്യാസരംഗത്തിൽ പ്രത്യേകിച്ചും ക്രൈസ്തവസഭയ്ക്കുള്ള സ്വാധീനശക്തി നശിപ്പിക്കുകയെന്നതായിരുന്നു. സർക്കാരും പബ്ലിക്കും പ്രൈവററും വക സ്കൂളുകളിൽ മതബോധനം പാടില്ലെന്നു മുൻപ്രസ്താവിച്ച ഉത്തരവിലെ 9-ാംവകുപ്പിൽ നിരോധിച്ചു. 18 വയസ്സിൽ താഴെയുള്ള ആളുകളുടെ സംഘടിതഗണങ്ങൾക്കു മതബോധനം നിരോധിച്ചുകൊണ്ടു 1921-ൽ വേറൊരുത്തരവു പുറപ്പെട്ടു. പ്രായപൂർത്തിവന്നവർക്കുതന്നെയും സെമ്മിനാരികളിൽമാത്രമേ മതബോധനം നൽകുവാൻ അനുവാദമുണ്ടായിരുന്നുള്ളു. എന്നാൽ ആ സ്ഥാപനങ്ങൾതന്നെയും പ്രൊവിൻഷ്യൽ അധികാരികളുടെ പ്രത്യേകമായ അനുമതികൂടാതെ തുറക്കുവാൻ പാടില്ലെന്നായിരുന്നു ചട്ടം. ഈ അനുമതി ലഭിക്കുക അത്ര എളുപ്പമല്ലായിരുന്നെന്നു് പറയണമെന്നില്ലല്ലോ. കുടുംബങ്ങൾക്കുള്ളിൽനിന്നുതന്നെയും ക്രൈസ്തവസഭകളുടെ സ്വാധീനശക്തി വിട്ടുവിക്കുവാൻവേണ്ടിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ബാല്യത്തിലും പ്രായപൂർത്തിവന്നശേഷവും മതബോധനത്തെ നിശ്ശേഷം തടയുകയോ കർക്കശമായി നിയന്ത്രിക്കുകയോ ചെയ്യുന്നതും മതപ്രചരണത്തെ സാരമായി ബാധിക്കുന്ന നടപടികളാണെന്നുള്ളതിനു സംശയമുണ്ടോ?

### രണ്ടാമത്തെ പീഡനകാലം

1923 മുതൽ 1929 വരെ മതപീഡനത്തിന്റെ രണ്ടാമത്തെ കാലഘട്ടമായി ഗണിക്കാം. മുൻപു പ്രയോഗിച്ചിരുന്ന പീഡനോപായങ്ങൾ കൂടുതൽ വിസ്തൃതമായും കർക്കശമായും ഈ കാലഘട്ടത്തിൽ സ്വീകരിക്കപ്പെട്ടു. 1924 ജൂലൈ 16-ാംനു-യിലേയും സെപ്റ്റംബർ 1-ാംനു-യിലെയും ഉത്തരവിൻപ്രകാരം ദേവാലയങ്ങളിൽ മതബോധനം നൽകുന്നതും, മൂന്നു കുട്ടികളിലധികം വരുന്ന ഗണങ്ങൾക്കു പ്രൈവററായി മതബോധനം നൽകുന്നതും നിരോധിച്ചിരുന്നു. 1923 ജൂലൈ 30-ാംനു-വരെ സർക്കാർ ഒഴിവുദിവസങ്ങളും ക്രൈസ്തവസഭകളിലെ ഒഴിവുദിവസങ്ങളും ഒന്നിച്ചാണുവന്നതു്. എന്നാൽ ആ തിയതി മുതൽ സർക്കാർ ഒഴിവുദിവസങ്ങൾ ഒരു "പുതിയ കലണ്ടർ" അനുസരിച്ചു മാററപ്പെട്ടു. തന്നിമിത്തം ക്രൈസ്തവസഭയിലെ ഒഴിവുദിവസങ്ങൾ ജോലിദിവസങ്ങളായിത്തീരുകയും അവയെ ഭക്തിപൂർവ്വം ആചരിക്കുവാൻ ക്രിസ്ത്യാനികൾക്കു സാദ്ധ്യമല്ലാതായിത്തീരുകയും ചെയ്തു. വേറൊരു ഉത്തരവിനാൽ വൈദികരുടെ പള്ളിപ്രസംഗങ്ങളെല്ലാം സർക്കാരുദ്യോഗസ്ഥന്റെ പരിശോധനയ്ക്കു മുൻകൂട്ടി വിധേയമാക്കേണ്ടതാണെന്നു നിശ്ചയിച്ചു. ആ ഉത്തരവിന്റെ പ്രാരംഭത്തിൽ മതത്തെ "ജനങ്ങളെ മൂഢരാക്കുന്ന ഉപകരണം" എന്നാണു വിളിച്ചിരുന്നതു്. "ഈ അപമാനത്തിലും മൂഢതയിലുംനിന്നു ജനങ്ങളുടെ മനസ്സിനെ വിമോചിക്കാൻ തക്കവണ്ണം വിദ്യാഭ്യാസം നയിക്കേണ്ടതാണെന്നും" അതിൽ പ്രസ്താവിച്ചിരുന്നു. ഈ കാലഘട്ടത്തിന്റെ അവസാനത്തിൽ ക്രിസ്തീയജീവിതമുറയുടെ സകല ചിഹ്നങ്ങളും അപഹാസ്യങ്ങളാക്കിത്തീർക്കുവാൻപോരുന്ന നടപടികൾ സ്വീകരിക്കപ്പെട്ടു. "ഈസ്റ്റർഭക്ഷണ"ത്തിന്റെ വില്പനയും "ക്രിസ്മസ്സ്ട്രീ" നടത്തലും 1928-ൽ നിരോധിച്ചു. ഷാപ്പുകളിൽ ക്രിസ്മസ്സ് സംബന്ധമായ അലങ്കാരങ്ങളൊന്നും പാടില്ലെന്നു നിശ്ചയിച്ചു. അതിനുപകരം "ക്രിസ്മസ്സ്" വിരുദ്ധസാഹിത്യങ്ങൾ പ്രത്യേകം തയാറാക്കി കുന്നുകുന്നായി വെക്കപ്പെട്ടു.

### മൂന്നാമത്തെ കാലഘട്ടം

1929 മുതൽക്കുള്ളതാണു് മതപീഡനത്തിന്റെ മൂന്നാമത്തെ കാലഘട്ടം. 1929 മേയ് 22-ാംനു- ഭരണഘടനയിൽത്തന്നെ ഒരു ഭേദഗതി വരുത്തുകയുണ്ടായെന്നു് കഴിഞ്ഞ ലേഖനത്തിൽ ഞങ്ങൾ പ്രസ്താവിച്ചിരുന്നല്ലോ. മതത്തിനു് അനുകൂലവും പ്രതികൂലവുമായ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരുന്നതിനുപകരം "മതപരമായ ആരാധനയുടേയും മതവിരുദ്ധപ്രചരണത്തിന്റേയും സ്വാതന്ത്ര്യം" അതിൽ കൊള്ളിച്ചതായിരുന്നു ഈ മാററം. ഇതേത്തുടർന്നു മററുപല നിയന്ത്രണങ്ങളും പുതിയ ഉത്തരവിൻപ്രകാരം ഏർപ്പെടുത്തി. ഏതെങ്കിലും ഒരു സഭാവിഭാഗത്തിലെ അംഗങ്ങളായവർ ഒരേ പട്ടണത്തിലോ ഒരേ ഗ്രാമത്തിലോ വസിക്കുന്നവരായിരുന്നാൽ മാത്രമേ അവർക്കു് മതപരമായ സംഘടന രൂപീകരിക്കുവാൻ പാടുള്ളുവെന്നായി. പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ക്രിസ്ത്യാനികൾക്കു്, കത്തോലിക്കർക്കു പ്രത്യേകിച്ചും, ഈ നിരോധനം വളരെ ഹാനികരമായിരുന്നു. ഒരു മതസംഘടനയ്ക്കു ഒരു ദേവാലയക്കെട്ടിടംമാത്രമേ ഉപയോഗിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. മതസംഘടനകൾ ധനശേഖരം ചെയ്യരുതെന്നും വിലക്കിയിരുന്നു. ട്രേഡ്യൂണിയനുകളിലെ അംഗങ്ങൾക്കു മതസംഘടനകളിൽ അംഗങ്ങളായിരിക്കുവാൻ പാടില്ലെന്നും നിശ്ചയിച്ചു. ക്രൈസ്തവസഭകളുടെ അംഗങ്ങളായ അൽമേനികളിൽ പ്രവർത്തനോത്സുകരായവർക്കെല്ലാം സാമുദായികമായ അധഃസ്ഥിതത്വം കല്പിക്കപ്പെട്ടിരുന്നു. തന്മൂലം വിശ്വസ്തരായ ക്രിസ്ത്യാനികൾക്കു രാജ്യഭരണത്തിലോ വ്യവസായത്തിലോ മററുതൊഴിലുകളിലോ പ്രവേശിച്ചു അഭിവൃദ്ധിപ്രാപിക്കുവാൻ യാതൊരവസരവും ലഭിച്ചിരുന്നില്ല.

സംക്ഷിപ്തമായ ഈ വിവരണത്തിൽനിന്നു കാണാൻ കഴിയും, മതപ്രചരണസ്വാതന്ത്ര്യം സോവ്യററുറഷ്യയിൽ അക്ഷരപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരുന്നുവെന്നാൽത്തന്നെയും, അതിനെതിരായ നടപടികളാണു് ആദ്യന്തം അവിടെ സ്വീകരിച്ചിരുന്നതെന്നു്. മുകളിൽ പറഞ്ഞ മൂന്നു കാലഘട്ടങ്ങളിലും ഞങ്ങൾ വിവരിച്ച പീഡനോപായങ്ങൾക്കുപുറമെ പ്രത്യക്ഷമായ അക്രമപ്രയോഗങ്ങളും സ്വീകരിക്കപ്പെട്ടിരുന്നു. അവയെപ്പററി അടുത്തലക്കത്തിൽ പറഞ്ഞുകൊള്ളാം.

# പ്രസാധകക്കുറിപ്പുകൾ

### ദേവാലയഗീതങ്ങൾ

ദേവാലയഗീതങ്ങളെപ്പററി ഒരു കുറിപ്പെഴുതാൻ ഞങ്ങൾ വിചാരിച്ചിരിക്കവേയാണു താഴെ ചേർക്കുന്ന കത്തു ഞങ്ങളുടെ ഒരു മാന്യമിത്രത്തിൽനിന്നും ഞങ്ങൾക്കു ലഭിച്ചതു്: "പ്രിയ ബ. അച്ചാ, യാദൃച്ഛികമായി രണ്ടു തിരുനാളുകളിൽ സംബന്ധിക്കാൻ ഇടയായി. പള്ളിക്കമ്മാരികൾ ആരംഭിക്കുന്നതിനുമുൻപും അതു കഴിഞ്ഞും അനേകായിരം ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ കൂടിനില്ക്കുന്ന സ്ഥലത്തേക്കു്, പള്ളിത്തിരുകർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും പള്ളിയിൽനിന്നും പുറത്തേക്കുള്ള വി. കർബാനയുടെ പ്രദക്ഷിണത്തിൽ സഹകരിക്കുന്നതിനും കാത്തുനില്ക്കുന്ന ജനതതിയുടെ ശ്രവണപുടങ്ങളിലേക്കു്, പള്ളിക്കമ്മാരികളുടെ പ്രാരംഭഗാനങ്ങൾ എന്നോണം, ഉച്ചഭാഷിണിയിലൂടെ തമിഴ്, ഹിന്ദി, സിനിമയിലെയും, മനുഷ്യന്റെ മൃഗീയവികാരത്തെ ഉദ്ദീപിപ്പിക്കുന്നതും അശ്ലീലമായ അർത്ഥം സ്ഫുരിക്കുന്നതുമായ പാട്ടുകൾ പ്രക്ഷേപണം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. അവ ഉത്തരവാദിത്വമുള്ള ആരുടെയും ശ്രദ്ധയിൽപ്പെട്ടു കാണാത്തതിൽ വ്യസനിക്കുന്നു. എന്റെ അന്വേഷണത്തിൽ ഇപ്പോൾ മിക്കപള്ളികളിലും ഇതൊരു പതിവാണെന്നു കേൾക്കുന്നു. ഇതൊരു പതിവായാലും, പരിഷ്കാരമായാലും അവസാനിപ്പിക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നു.

"ഒരു പള്ളിയിൽ ഭക്തിസംവർദ്ധകമായ സ്ലപസുപൂജയുടെ പാട്ടുകളോ, വാഴ്വിന്റെ പാട്ടുകളോ ഒന്നും ഉച്ചഭാഷിണിവഴി കേട്ടില്ല. പ്രസംഗവും ഞാൻ ശ്രവിച്ചില്ല. എന്നാൽ "വാഴ്കൈ" എന്ന തമിഴ് ചിത്രത്തിലെ നായിക ഒരു പുരുഷന്റെ വേഷത്തിൽ അവളുടെ കമിതാവിന്റെ മുൻപിൽ നൃത്തംചെയ്യുന്ന പാട്ടു സുവ്യക്തമായി 4 മൈൽ ദൂരത്തിൽ കേൾക്കാൻ കഴിഞ്ഞു. നമ്മുടെ പള്ളിപ്പെരുന്നാളുകൾ അജ്ഞാനികളുടെ അമ്പലങ്ങളിലെ ഉത്സവത്തെക്കാൾ മോശമായരീതിയിൽ അധഃപതിക്കുന്നതു വളരെ കഷ്ടമല്ലേ? അതിനാൽ ബ. അച്ചൻ സത്യദീപപംക്തിയിലൂടെ അതേപ്പററി വേണ്ടനിർദ്ദേശങ്ങൾ ഉടൻതന്നെ നൽകുമെങ്കിൽ അതു പലർക്കും ഉപകാരപ്രദമായിരിക്കുമെന്നുമാത്രമല്ല ഈ രോഗം പടർന്നുപിടിക്കാതിരിക്കുന്നതിനു ഒരു പ്രതിവിധികൂടി ആയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

### ഏതുരീതികൾ സ്വീകരിക്കാം?

നല്ലവയും ക്രിസ്തീയാദർശങ്ങൾക്കു യോജിക്കുന്നവയുമായ ഘടകങ്ങൾ എവിടെക്കണ്ടാലും അവയെല്ലാം സ്വീകരിച്ചു് സ്വകീയമാക്കുന്നതിൽ തിരുസ്സഭ ഒരിക്കലും വൈമുഖ്യം പ്രദർശിപ്പിക്കുന്നതല്ല. തത്വശകലങ്ങളെയും ആചാരനടപടികളേയും സംബന്ധിച്ചുമാത്രമ

ല്ല, ഗാനരീതികളെ സംബന്ധിച്ചും ഇളവാസ്തവമാണ്. എന്നാൽ മറ്റെല്ലാം കാര്യങ്ങളിലുമെന്നപോലെ ഗാനരീതികളുടെ കാര്യത്തിലും ക്രിസ്തീയസംസ്കാരത്തിനും ആദർശത്തിനും യോജിക്കുന്നവ മാത്രമേ സ്വീകരിക്കാവൂ എന്നു തിരുസ്സഭ നിഷ്കർഷിക്കുന്നുണ്ട്. ഈ കാര്യം 1948 സെപ്റ്റംബർ 15-ാംനു- യിലെ പ്രസാധകക്കുറിപ്പുകളിൽ ഞങ്ങൾ അനുസ്മരിപ്പിച്ചിരുന്നു. ആ ഭാഗം ഇവിടെ പകർത്താം. "ദേവാലയകർമ്മങ്ങളിൽ ഉപയോഗിക്കുന്ന സംഗീതത്തിന്റെ രീതികൾ വ്യക്തിപരമായ അഭിരുചിയെ അടിസ്ഥാനമാക്കിയുള്ളവയാകരുത്; നേരെമറിച്ച് അവ സഭയോടും ക്രിസ്തുനാഥനോടും നമുക്കുണ്ടായിരിക്കേണ്ട വിധേയത്വത്തേയും വിശ്വസ്തതയേയും ആധാരമാക്കിയുള്ളവയായിരിക്കണം" എന്നിങ്ങനെ ആർച്ചുബിഷപ്പ് ഡൗണി ലിവർപൂളിൽവച്ചു നടത്തിയ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി: തിരുമേനി തുടർന്നു: "സഭയുടെ ആദർശങ്ങളും പ്രമാണങ്ങളും ലോകത്തിന്റേതിൽനിന്നു വിഭിന്നമാണ്. കത്തോലിക്കാദേവാലയങ്ങളുടെ ശില്പസംവിധാനവും, സഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന ഭാഷയും, റീത്തുകളും കർമ്മരീതികളും, പുരോഹിതരുടെ തിരുവസ്ത്രങ്ങളും സാധാരണ ജീവിതത്തിൽ പ്രകടിതമാകുന്ന വാസനകളിൽനിന്നും സമ്പ്രദായങ്ങളിൽനിന്നും വിഭിന്നമായിരിക്കുന്നതുപോലെതന്നെയാണ് സഭയിലെ സംഗീതരീതിയും...... സഭ എല്ലായ്പോഴും കലകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തദനുസരണം ആധുനികരീതിയിലുള്ള പാട്ടുകൾ പാടുന്നതിനു് അനുവദിക്കുകയും ചെയ്യുന്നു. പക്ഷേ അവയുടെ രീതികൾ ഗൗരവമുള്ളതും ഭക്തിപരവും ലൗകികാത്രപിയിൽനിന്നും വിമുക്തവുമായിരിക്കണം." ആർച്ചുബിഷപ്പ് തിരുമേനിയുടെ ഈ ഉദ്ബോധനം കേരളീയകത്തോലിക്കർക്കും ഉപകരിക്കുന്നതാണ്. സിനിമാശാലകളിലും നാടകവേദികളിലും കേൾക്കുന്ന സംഗീതങ്ങളുടെ രീതികൾ അതേപടി ദേവാലയഗീതങ്ങളിലും പകർത്തുന്നതു് എപ്പോഴും ആശാസ്യമായിരിക്കുമെന്നു തോന്നുന്നില്ല. ആ രീതികൾ ആസ്വാദ്യങ്ങളും ആനന്ദദായകങ്ങളുമായിരിക്കാം. പക്ഷേ ദേവാലയഗീതങ്ങൾ ഭക്തിസാന്ദ്രങ്ങളായിരിക്കണമെന്നുള്ളതു് ഒഴിച്ചുകൂടാത്ത ഒരു സംഗതിയാകുന്നു."


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## അടുത്തയാഴ്ചയിൽ

ജൂൺ

11 ഞാ: ബെഞ്ഞമാസ്
12 തി: യോഹന്നാൻഫക്കുന്തോസ്
13 ചൊ: അന്തോനീസ്
14 ബു: ബസീലിയൂസ്
15 വ്യാ: ജമ്മിനാ
16 വെ: കൊച്ചുകുരിയാക്കോസ്
തിരുഹൃദയത്തിന്റെ തിരുനാൾ
17 ശ: ആവിത്തൂസ്

## തൊഴിലാളികളുടെ ഏകാന്തധ്യാനം

തൊഴിലാളികളെ ഉദ്ദേശിച്ച് എറണാകുളത്തു നടത്തിയ ഏകാന്തധ്യാനത്തെപ്പററി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു ദ്യോഗികറിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"വരാപ്പുഴ അതിരൂപത തൊഴിലാളി ഫെഡറേഷൻ സ്പെഷൽ ഡയറക്ടർ ബഹുമാന്യശ്രീ ഫാദർ ജെറോം ടി. ഒ. സി. ഡി. അവർകളുടെ പരിശ്രമഫലമായി, സ്ഥലം കാർമ്മൽ റിട്രീററ് മന്ദിരത്തിൽ വെച്ച്, തൊഴിലാളികളെ ഉദ്ദേശിച്ച് ഏപ്രിൽ 22-ാംനു- മുതൽ സമാരംഭിക്കപ്പെട്ട ഏകാന്തധ്യാനപ്രസ്ഥാനം തുടർച്ചയായി ആറുതവണത്തെ ധ്യാനത്തിനുശേഷം പര്യവസാനിച്ചിരിക്കുന്നു.

ആറു ബാച്ചുകളിലായി ആകെ 125 പേരോളം ഈ ധ്യാനങ്ങളിൽ സംബന്ധിക്കുകയുണ്ടായി. ഇവരിൽ ഭൂരിഭാഗവും ടാററാ കമ്പനിയിലെ കത്തോലിക്കാ തൊഴിലാളികളായിരുന്നു. മഞ്ഞുമ്മൽ ആശ്രമത്തിലെ സുപ്രസിദ്ധ വാഗ്മികളായ ബ. വൈദികരാണു് ധ്യാനപ്രസംഗങ്ങൾ നടത്തിയതു്. അവരുടെ പ്രസംഗങ്ങളും ഉപദേശങ്ങളും വിജ്ഞാനപ്രദങ്ങളും ഹൃദയാവർജ്ജകങ്ങളുമായിരുന്നു. ഞങ്ങളുടെ ജീവിതത്തിൽ ഇദംപ്രഥമമായി ഇത്തരം ഒരു ധ്യാനത്തിൽ സംബന്ധിക്കുവാനുള്ള ഭാഗ്യം സിദ്ധിക്കുകയും തൽഫലമായി ഹൃദയസമാധാനവും ആശ്വാസവും ലഭിക്കുകയും ചെയ്തതിൽ അവർക്കുള്ള ചാരിതാർത്ഥ്യം സീമാതീതമാണ്. ഈ പ്രസ്ഥാനം ഇപ്പോൾ നിർത്തേണ്ടിവന്നതിൽ അവർക്കു വലിയ ഇച്ഛാഭംഗമുണ്ടു്. വിദ്യാലയങ്ങൾ തുറക്കാറായതുമൂലം ആശ്രമത്തിലെ വിദ്യാർത്ഥികൾക്കു സ്ഥലസൗകര്യത്തിനുവേണ്ടി ഈ പ്രസ്ഥാനം നിർത്താതെ നിവൃത്തിയില്ലതാനും.

ഈ പ്രസ്ഥാനം വിജയപ്രദമാക്കുന്നതിനു ഫാദർ ജെറോം ടി. ഒ. സി. ഡി. അവർകളും മഞ്ഞുമ്മൽ ആശ്രമത്തിലെ മററു ബ. വൈദികരും, കാർമ്മൽ റിട്രീററിലെ കാര്യസ്ഥനായ ബ. ബ്രദറും, വേലക്കാരും അനുഷ്ഠിച്ചിട്ടുള്ള ത്യാഗപൂർണ്ണമായ സേവനങ്ങൾ എന്നും തൊഴിലാളികളായ ഞങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നതായിരിക്കും.......

തൊഴിലാളികൾക്കു ഇത്തരം ധ്യാനപ്രസ്ഥാനങ്ങൾകൊണ്ടു ലഭിക്കാവുന്ന ഗുണങ്ങൾ നിസ്തുലങ്ങളാണ് എന്നു ഞങ്ങൾ സ്വാനുഭവത്തിൽനിന്നു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. എല്ലാ തൊഴിലാളികേന്ദ്രങ്ങളിലും എന്നുവേണ്ട എല്ലാ ഇടവകകളിലും തന്നെ ഇത്തരം ധ്യാനപ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതു തൊഴിലാളികൾക്കു ഒരു വലിയ അനുഗ്രഹമായിരിക്കും. അധികൃതരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ക്ഷണിക്കുവാൻ ഈ അവസരം ഞങ്ങൾ വിനിയോഗിച്ചുകൊള്ളുന്നു."

## ഇടവകവാർത്തകൾ

അങ്കമാലി ക്ലാരമഠത്തിലെ 17 നവകന്യകകൾക്കു എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു് ജൂൺ 1-ാംനു- സഭാവസ്ത്രം നല്കിയിരിക്കുന്നു. തദവസരത്തിൽ വേറെ 20 പേർ പ്രതവാഗ്ദാനം നടത്തുകയുണ്ടായി.

—പുളിങ്കുന്നു്—ശ്രീ ഐ. സി. ചാക്കോ ഉൾപ്പെടെ പ്രമുഖരായ പലരുടേയും പരിശ്രമഫലമായി പുന്നക്കുന്നത്തുശേരിയിൽ പണിയാരംഭിച്ചിരിക്കുന്ന വി. യൗസേപ്പുപിതാവിന്റെ ദേവാലയത്തിനായുള്ള ധനശേഖരണത്തിനുവേണ്ടി സുപ്രസിദ്ധ കഥാപ്രസംഗികനായ ശ്രീ ജോസഫ് കൈമാപറമ്പൻ സ്ഥലം ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് ജൂൺ 2-ാംനു- ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—കോട്ടപ്പടി യുവജനകത്തോലിക്കാപ്രവർത്തനത്തിന്റെ ഇക്കൊല്ലത്തെ 4-ാം ജനറൽ ബോഡി യോഗത്തിൽ "പിടിയരിസമ്പ്രദായം" നടപ്പിൽ വരുത്തുവാനും അതിൽനിന്നു കിട്ടുന്ന ആദായം സാധുസംരക്ഷണാർത്ഥം ചെലവഴിക്കുവാനും തീരുമാനിച്ചു. തദനന്തരം താഴെ പറയുന്നവരെ ഉദ്യോഗഭാരവാഹികളായി തിരഞ്ഞെടുത്തു: കെ. വി. പി. കുര്യൻ (പ്രസിഡണ്ടു്), എം. എ. ആന്റണി (വൈസ് പ്രസിഡണ്ടു്), സി. ഐ. ദേവസി (സിക്രട്ടറി), വി. എൽ. ഫ്രാൻസിസ് (ജോയിന്റ് സിക്രട്ടറി), പി. ററി. ലൂയിസ് (ഖജാൻജി), വി. എൽ. കുര്യാക്കോസ് (ഗയിംസ് കാപ്റ്റൻ).

—എലിക്കുളം ലിജിയൻ ഓഫ് മേരി, സി. ഇ. സി. സൊഡാലിററി, മിഷൻ ലീഗ് ഇവയുടെ സംയുക്തവാർഷികം റവ. ഫാ. സെബാസ്ത്യൻ കുഞ്ചെറക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 28-ാംനു- നടത്തിയിരിക്കുന്നു. റവ. ഫാ. തോമസ് തൊട്ടിയിൽ, ശ്രീ എ. എസ്. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. "ഉത്തമപുത്രൻ" എന്ന പ്രഹസനം ബാലികമാരാൽ അഭിനയിക്കപ്പെട്ടു.

—സേവിയൂർപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻസഖ്യത്തിന്റെ 3-ാം വാർഷികം മേയ് 28-ാംനു- റവ. ഫാ. ജോർജ്ജ് തെക്കേക്കര പി എച്ച്. ബി. ബി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. കെ. എ. ഡി. ജോസ്, എം. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

—കരുവന്നൂർ സെന്റ് ആന്റണീസ് വായനശാലയുടെ ഒരു സാധാരണയോഗം മേയ് 28-ാംനു- റവ. ഫാ. എസ്. തേർമഠം എം. ഒ. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—ളുണ്ടത്തുംകടവു പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻസഖ്യത്തിന്റെ 13-ാമതു വാർഷികം റവ. ഫാ. ജോസഫ് പള്ളത്തുശേരിയുടെ അദ്ധ്യക്ഷതയിൽ മേയ് 28-ാംനു- സമ്മേളിച്ചു. മിസ് എ. വി. കൊച്ചുത്രേസ്യ, റവ. ഡീക്കൻ ഏലിയാസ് ഒ. സി. ഡി., മി. വി. ജെ. മാത്യു എന്നിവർ ഓരോ പ്രസംഗം ചെയ്തു. യോഗാനന്തരം "മോചനം" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.



പരേതനായ
ശ്രീ കണ്ടത്തിൽ വക്കി തോമ

—സുപ്രസിദ്ധകഥാപ്രസംഗകൻ ശ്രീ ജോസഫ് ചിറയേടൻ തൃശ്ശൂർ ടൗൺഹാളിൽവച്ച് ഒരു കഥാപ്രസംഗം ഏററം വിജയകരമായി നടത്തിയിരിക്കുന്നു.

—റവ. ഫാ. മാത്യു മങ്കുഴിക്കരി കരിമണ്ണൂർ പള്ളിയിൽ മേയ് 29-ാം തീയതി മുതൽ ഏകാന്തധ്യാനം പ്രസംഗിച്ചു. അൻപതു് ആളുകൾ സംബന്ധിച്ചിരുന്നു. തദവസരത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കയുണ്ടായി: "ഇന്നത്തെ ലോകം നന്നാകണമെങ്കിൽ വി. ഫ്രാൻസീസ് അസീസിയുടെ ചൈതന്യം അത്യാവശ്യമാണ്. ഇതാണ് ഇന്നത്തെ ആവശ്യം." ധ്യാനം നടത്തിയവരുടെ ഹൃദയങ്ങളിൽ ഈ പ്രസ്താവന ആഴമായി പതിഞ്ഞു. ജൂൺ 1-ാം തീയതി ബ. ലിയോ അച്ചൻ O. F. M. കപ്പുച്ചിൻ, 34 ആളുകളെ ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ ചേർത്തു. അവരിൽ 32 ആളുകളും യുവാക്കന്മാരാണെന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമാണ്.

—കോട്ടവള്ളിപ്പള്ളിയിലെ മരിയൻസഖ്യത്തിന്റെയും സൺഡേസ്കൂളിന്റെയും സംയുക്തവാർഷികം മേയ് 28-ാംനു- റവ. ഫാ. ജോർജ്ജ് ചേലാട്ടു ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. റവ. ഫാ. ആന്റണി മൂത്തേടൻ, റവ. ബ്രദർ ഫ്രാൻസീസ് പയ്യപ്പിള്ളി ബി. എസ് സി. എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

—ആരക്കുഴ ഫൊറോനാപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻസഖ്യത്തിന്റെ 23-ാമതു വാർഷികം മേയ് 28 ാംനു- വെരി റവ. ഫാ. തോമസ് നെടുംപുറത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കെ. വി. ഒ. റോക്കി ബി. എ., സി. എ. മാത്യു ബി. എ. ബി. എൽ. എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ത്യാഗിനി" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

## ചരമം

ഇൻഡ്യാഗവമ്മെന്റിന്റെ ധനകാര്യവകുപ്പിൽ ഇക്കണോമിക് ഇൻവെസ്റ്റിഗേറർ മി. എം. ജെ. പോൾ എം. എ. എൽ എൽ. ബി. യുടെ പിതൃവ്യനും മി. കുഞ്ഞുവറീതു മേനാച്ചേരിയുടെ പിതാവും ഒരു മൃഗവൈദ്യനുമായ പാലയ്ക്കപ്പൊക്കത്തു (കുനമ്മാവ്) മേനാച്ചേരി വറീതു കൊച്ചുവുസേപ്പ് അവർകൾ 69-ാമത്തെ വയസ്സിൽ മേയ് 26-ാംനു- ചരമംപ്രാപിച്ചിരിക്കുന്നു.

R. I. P.

"തിരുമുഖഭക്തി" എന്ന ലഘുലേഖയും തിരുമുഖകാശുരൂപവും വില്പാനുണ്ട്.

Fr. Boniface O. S. B,
St. John de Britto's,
Fort Cochin.

## വിനോദവീഥി

"ഈ കോട്ടു നന്നായിരിക്കുന്നു. ഇതു തയിച്ച ആളുടെ മേൽവിലാസം ഒന്നു പറഞ്ഞുതരാമോ?"

"അയാളുടെ മേൽവിലാസം പറഞ്ഞുതരാം. പക്ഷേ എന്റെ മേൽവിലാസം അയാളോടു പറഞ്ഞേക്കരുതു്."

* * *

വധു (ജിജ്ഞാസാപൂർവ്വം): "ഉച്ചഭാഷിണി കണ്ടുപിടിച്ചിട്ട് എത്രനാളായി?"

വരൻ: "അതു സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ കണ്ടുപിടിച്ചതല്ലേ? ആദ്യത്തെ ഉച്ചഭാഷിണി നിർമ്മിച്ചതു ഒരു വാരിയെല്ലിൽ നിന്നാണ്."

* * *

വിദ്യാർത്ഥി: "ഒരു കുട്ടി ചെയ്യാത്ത കാര്യത്തിനു് അയാളെ ശിക്ഷിക്കുമോ?"

അദ്ധ്യാപകൻ: "ഒരിക്കലുമില്ല."

വിദ്യാർത്ഥി: "എന്നാൽ സാർ, ഞാൻ കണക്കു ചെയ്തിട്ടില്ല."

* * *

അമ്മ: "വികൃതിക്കുട്ടികൾ പോകുന്നതു എവിടെയാണെന്നു് അറിയാമോ നിനക്കു്?"

ജോണി: "ഇന്നസ്ഥലമെന്നില്ല. അവർ എവിടേയും പോകും."

—

കമ്മ്യൂണിസ്റ്റ് നേതാവിന്റെ

## മാനസാന്തരം

ഇററലിയിലെ കമ്മ്യൂണിസ്റ്റ് നേതാവായ വിൻസൻസോ ലൂസോമി വിയററി ദേവാലയത്തിനു മുൻപിൽനിന്നു പ്രസംഗിക്കുമ്പോൾ മതവിരുദ്ധമായ ഒരു മുദ്രാവാക്യം ഉച്ചരിച്ച് ആകാശത്തിലേക്കു കൈ ഉയർത്തി. ഉടനെ ദുസ്സഹമായ വേദനയാൽ അദ്ദേഹം കരഞ്ഞുപോയി. അദ്ദേഹത്തിന്റെ കൈ ഒടിഞ്ഞിരുന്നു.

ആരും അദ്ദേഹത്തെ സ്പർശിച്ചിട്ടില്ല. ആരും യാതൊന്നും അദ്ദേഹത്തിന്റെ നേർക്കു എറിഞ്ഞിട്ടുമില്ല. സംഭവദിനത്തിന്റെ അടുത്തദിവസം അദ്ദേഹം പാപസങ്കീർത്തനം നടത്തി ദിവ്യകാരുണ്യം സ്വീകരിച്ചു. അദ്ദേഹത്തെ കാണുന്നതിനായി ആയിരക്കണക്കിൻ ജനങ്ങൾ ഭവനത്തിൽ തിങ്ങിക്കൂടിയെങ്കിലും അദ്ദേഹം മൗനമായിരുന്നതേയുള്ളൂ.


കുർബാനകുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊച്ചുപോസാരിവക്കി ബ്രദേഴ്സ്- എറണാകുളം




ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു, പുത്രി മിസിസ് ഇന്ദിരാ ഗാന്ധിയുമൊരുമിച്ച് മേയ് 31-ാംനു വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തി. ജൂൺ 2-ാംനു വില്ലിംഗ്ടൺ വിമാനത്താവളത്തിൽ എത്തിച്ചേർന്നപ്പോൾ രാജപ്രമുഖനും കൊച്ചി മഹാരാജാവും മന്ത്രിമാരുംകൂടി അദ്ദേഹത്തെ സ്വീകരിച്ചു. അനന്തരം പ്രത്യേകബോട്ടുമാർഗ്ഗം എറണാകുളം ഹജ്ജൂർജട്ടിയിൽ ആഗതനായ അദ്ദേഹത്തെ സ്വീകരിക്കുന്നതിന് എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാർ, അങ്കമാലി, കൊച്ചി യാക്കോബായ മെത്രാന്മാർ ആദിയായവർ സന്നിഹിതരായിരുന്നു.

മുൻപരിപാടിയനുസരിച്ച് മേയ് 1-ാംനു തിരുവനന്തപുരത്തുവച്ചും 2-ാം തിയതി എറണാകുളത്തുവച്ചും അദ്ദേഹം പൊതുജനങ്ങളെ അഭിമുഖീകരിച്ച് സുദീർഘമായ ഓരോ പ്രസംഗം ചെയ്കയുണ്ടായി. എറണാകുളത്തുവച്ചു നടന്ന കോൺഗ്രസ് പ്രവർത്തകസമ്മേളനത്തിൽ ചോദ്യങ്ങൾക്കുത്തരമായി പണ്ഡിററ് നെഹ്റു കമ്മ്യൂണിസത്തെപ്പററിയുള്ള തന്റെ അഭിപ്രായം പ്രകടമാക്കി. "കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയം ദേശീയവിരുദ്ധമാണെന്നു പറയാതെ തരമില്ല........ഇൻഡ്യയിലെ കൃഷിക്കാരുടേയും തൊഴിലാളികളുടേയും നന്മയിൽ കമ്മ്യൂണിസ്റ്റുകാർ ശ്രദ്ധിക്കുന്നില്ലെന്ന് എനിക്കു തീർത്തുപറയാൻ കഴിയും." എന്നിപ്രകാരമാണ് അദ്ദേഹം പ്രസ്താവിച്ചതു്. പൊതുയോഗങ്ങളിൽ അദ്ദേഹം യുവജനങ്ങളെ ഭാരതത്തിന്റെ പൊതുക്ഷേമാർത്ഥം പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്കയും കേവലം ഉദ്യോഗലബ്ധിയെ ലക്ഷ്യംവച്ചുകൊണ്ടുള്ള വിദ്യാഭ്യാസനയം അവസാനിപ്പിച്ച് ഉന്നതമായ ലക്ഷ്യങ്ങളോടുകൂടി വർത്തിക്കുവാൻ അവരെ ഉൽബോധിപ്പിക്കുകയും ചെയ്തു. മേയ് 2-ാംനു സായാഹ്നത്തിൽ അദ്ദേഹം കൊച്ചി തുറമുഖത്തുനിന്നും കപ്പൽകയറി ഇൻഡൊനേഷ്യയിലേക്കു പുറപ്പെട്ടു.

## ആവശ്യമുണ്ടു്

സെൻറ് ജോസഫ്സ് മെഡിക്കൽ സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന സന്യാസസഭയിൽ പ്രവേശിക്കുവാനാഗ്രഹിക്കുന്ന കത്തോലിക്കായുവതികൾ ഉടനെ അപേക്ഷിക്കുക.

സിസ്റ്റർ സുപ്പീരിയർ,
ധർമ്മഗിരി, കോതമംഗലം

— പണ്ഡിററ് നെഹ്റു തിരുവനന്തപുരത്തുവച്ച് ഡി. എസ്. പി.മാരായ കെ. ഇന്നസൻറ് പാമ്പ്ലാനി, അച്ചുതൻ എന്നിവർക്ക് ഓരോ പോലീസ് മെഡൽ നല്കിയിരിക്കുന്നു.

— ഗവമ്മെൻറ് അംഗീകരിക്കാത്ത സംഘടനകളിൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ചേരരുതെന്നും അങ്ങനെ ചേരുന്നവർ സർവ്വീസിൽനിന്നു പിരിച്ചുവിടുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾക്കു വിധേയരാകേണ്ടിവരുന്നതാണെന്നും ഗവമ്മെൻറിൽനിന്നും ഒരു പ്രസ്നോട്ടുമൂലം മുന്നറിയിപ്പു നല്കിയിരിക്കുന്നു.

— ഇപ്പോഴത്തെ സർവ്വകലാശാലാ സെനററിന്റെ കാലാവധി 1950 ഡിസമ്പർ 31-ാംനു വരെ ദീർഘിപ്പിച്ചിരിക്കുന്നു.

— വിദ്യാഭ്യാസഡയറക്ടർ മി. ഐ. എൻ. മേനോനെ ജൂൺ 16-ാംനു മുതൽ പെൻഷനു പ്രാരംഭമായ അവധിയിൽ പ്രവേശിച്ചുകൊള്ളുന്നതിനു് ഗവമ്മെൻറ് അനുവദിച്ചിരിക്കുന്നു. പകരം ഒഫിഷ്യേററിംഗ് വിദ്യാഭ്യാസഡയറക്ടരായി യൂണിവേഴ്സിററി കോളെജ് പ്രിൻസിപ്പാൾ മി. വി. സുന്ദരരാജനായിഡു എം. എ. ബി. എൽ. ആണ് നിയമിതനായിരിക്കുന്നതു്.

— ചിററൂർ ഗവമ്മെൻറ് കോളെജ് പ്രിൻസിപ്പാൾ മി. ടി. സി. ശങ്കരമേനോൻ എം. എ. യെ എറണാകുളം മഹാരാജാസ് കോളെജ് പ്രിൻസിപ്പാളായി നിയമിച്ചിരിക്കുന്നു.

— രാഷ്ട്രീയയാതനക്കാർക്കു ഭൂമി വിതരണം ചെയ്യുന്നതു സംബന്ധിച്ച നയം കൈകാര്യംചെയ്യുന്നതിനു് തിരു. ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററി പ്രസിഡണ്ട് ശ്രീ സി. കേശവൻ പ്രസിഡണ്ടായും ലാൻഡു വകുപ്പുമന്ത്രി ശ്രീ എ. ജെ. ജോൺ, ശ്രീ സി. നാരായണപിള്ള എന്നിവർ അംഗങ്ങളായും ഒരു കമ്മിററി നിയുക്തമായിരിക്കുന്നു.

— വിദ്യാലയങ്ങളിൽനിന്നു വിടുതൽ സർട്ടിഫിക്കററു കിട്ടുന്നതിനും കുട്ടികളെ ക്ലാസിൽ ചേർക്കുന്നതിനും യാതൊരു ഫീസും കൊടുക്കേണ്ടതില്ലെന്നു് ഗവമ്മെൻറിൽനിന്നും വിജ്ഞാപനം ചെയ്തിരിക്കുന്നു.

— കെ. എം. കെ. രാജ, കരിമ്പററ അച്ചുതമേനോൻ, ആർ കൊച്ചുകൃഷ്ണൻ എന്നിവർ ചേർന്നു കൊച്ചി ദേവസ്വം ബോർഡു രൂപവൽകൃതമായിരിക്കുന്നു.




ഇൻഡ്യക്കാവശ്യമുള്ള തീവണ്ടി എൻജിനും മററു സജ്ജീകരണങ്ങളും 1955 ഓടുകൂടി ഇൻഡ്യയിൽത്തന്നെ നിർമ്മിക്കുവാൻ സാധിക്കുന്നതാണെന്നു് ട്രാൻസ്പോർട്ടു മന്ത്രി മി. കെ. സന്താനം പ്രസ്താവിച്ചിരിക്കുന്നു.

— ഹൈദ്രബാദ് മന്ത്രിസഭയിലെ അംഗങ്ങളായ കെ. സി എസ്. ബക്കെ, രാജ, ദോണ്ഡുരാജ്ബഹദൂർ, പി. എച്ച്. കൃഷ്ണറാവു എന്നിവർ രാജിവയ്ക്കുകയും, ജനപ്രതിനിധികളായ കെ. ബി. രാമകൃഷ്ണറാവു, വിനായകറാവു കോരട്കർ, വി. ബാസവരാജു. പൂൾചന്ദ് ഗാന്ധി എന്നിവരെ പുതിയമന്ത്രിമാരായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

— ഇൻഡ്യാഗവമ്മെൻറിന്റെ നിയമവകുപ്പുമന്ത്രി ഡോക്ടർ അംബേദ്കർ ജൂൺ 8-ാംനു-യും റെയിൽവേമന്ത്രി മി. സന്താനം ജൂൺ 7-ാംനു-യും ഐക്യസംസ്ഥാനത്തെത്തുന്നതാണെന്നറിയുന്നു.

— വിദ്യാഭ്യാസമന്ത്രി മൗലാനാ അബ്ദുൾകലാം ആസാദ് പേർഷ്യ, ടർക്കി, പാരിസ്, ലണ്ടൻ എന്നീ സ്ഥലങ്ങളിൽ പര്യടനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

— മദ്രാസ് ഗവമ്മെൻറ് ഒരു പ്ലാനിംഗ് കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി മദ്രാസ് പ്രധാനമന്ത്രി പ്രസ്താവിച്ചിരിക്കുന്നു 4 പേരടങ്ങിയ പ്രസ്തുതകമ്മീഷന്റെ ചെയർമൻ ചീഫ് മിനിസ്റ്റർ തന്നെയായിരിക്കുമെന്നു പറയപ്പെടുന്നു.




ബൽജിയത്തിലെ പൊതുതിരഞ്ഞെടുപ്പിൽ അവിടത്തെ കത്തോലിക്കാപാർട്ടിയായ സോഷ്യൽ ക്രിസ്ത്യൻ പാർട്ടിക്കു മഹത്തായ വിജയം സിദ്ധിച്ചതായി പറയപ്പെടുന്നു.

— ഇൻഡൊനേഷ്യൻ സന്ദർശനത്തിനു ശേഷം പണ്ഡിററ് നെഹ്റു ജൂൺ 19-ാംനു പെനാങ്ക് (സിങ്കപ്പൂർ) സന്ദർശിക്കുന്നതാണു്.

— ജൂൺ 5-ാംനു ജപ്പാനിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ അവിടത്തെ ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ കക്ഷിക്കുതന്നെ ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു പ്രസ്തുത കക്ഷിക്കു് ഉപരിസഭയിൽ 132 സീററുകൾ ലഭിച്ചിട്ടും കമ്മ്യൂണിസ്റ്റ് കക്ഷിക്കു് ഒരു സീററുപോലും ലഭിക്കുകയുണ്ടായില്ല.

ഇംഗ്ലണ്ടിലെ
## വിദ്യാഭ്യാസപ്രശ്നം

ഈയിടെ ഇംഗ്ലണ്ടിലെ "ഹൗസ് ഓഫ് കോമൺസിൽ" വിദ്യാഭ്യാസപ്രശ്നത്തെപ്പററി ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ, പല സാമാജികന്മാരും പള്ളിവകസ്കൂളുകൾക്കു ധനസഹായം ചെയ്യുന്നതിനു ശക്തിയുക്തം വാദിക്കുകയുണ്ടായി. അവരിൽ മിക്കവരും അകത്തോലിക്കരും ഒരാൾ ഒരു ജൂതവാദിയുമായിരുന്നു. "പള്ളിസ്കൂളുകൾ രാജ്യത്തിനു് അത്യന്താപേക്ഷിതമാണു്. അവയെ ബലികഴിക്കാൻ പാടില്ലാത്തതാകുന്നു" എന്നത്രെ അവർ പാർലിമെൻറിനെ ഉദ്ബോധിപ്പിച്ചതു്.

## പുതിയപുസ്തകങ്ങൾ

1 ഡാനിയേലിന്റെ പഴങ്കഥകളും കോടതി വിധിയും by ഫാ. തോമസ് ഇഞ്ചയ്ക്കലോടി, വില 8 ണ.

2 ഭർത്താക്കന്മാരോടു് by ജോസഫ് മീനാട്ടൂർ എം. എ. എൽ. എൽ. ബി., വില 4 ണ.

3 കന്യാസ്ത്രീ (മരിയാമങ്കിന്റെ കള്ളക്കഥകളെ വെളിവാക്കുന്ന ഒരു വിമർശഗ്രന്ഥം) by എം. ഒ. ജോസഫ് നെടുങ്കുന്നം, വില 4 ണ.

മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ്
എറണാകുളം

## The Fruits of Illness

Many illnesses that men are made to endure are but temporary trials. They may be severe while they last, and may give rise to thoughts and even fears of death, but in due course, nature, assisted by the ministrations of a doctor, fights its way back toward good health once more. And in the quiet and peaceful days of convalescence, the patient should give much thought to making sure that his illness will bear the valuable fruit for which it was designed in the providence of God.

Illness should make and keep one *humble*. Humility is nothing but the recognition that we are in the hands of God, that He can do with us what He will, that it is our own great task to use our free will and the means of grace He provided to remain His friends. Of the fact that we are in God's hands a man who has been seriously ill has a dramatic object-lesson, a lasting memorial. God could have permitted his illness to end in death, to cripple him for life, to handicap him in any one of a hundred ways. God can permit him to be stricken with illness again, whenever He will. This thought should inspire the determination, in a convalescing person, never to try to get along without God, never to forget his own dependence, and always to be ready to accept God's will in every event over which he has no control.

Illness should make one *grateful* to God. It is so true as to be a platitude that human beings realize the greatness of God's ordinary gifts to them only when they are taken away. One from whom health has been taken for a while should be inspired to deepest gratitude for its return, and to daily prayers of thanksgiving for all the good things that have ever been given to him by God.

Illness should make one more *spiritual-minded* than he was before. A man learns in illness that health is a precarious thing—too precarious a thing on which to build his hopes and dreams of happiness. Far more stable and satisfying are the spiritual values that can be made objects of pursuit. A man who has attained to some degree of holiness has something that no material circumstance can take from him. Emerging from illness, therefore every man should be more concerned about holiness as a goal than ever before.

From the *Liguorian*

## തീർത്ഥകസംഘം

വൈദികരുൾപ്പെടെ 61 പേരടങ്ങിയ ഒരു തീർത്ഥകസംഘം ജൂൺ 5-ാംനു എസ്. എസ്. ചിത്രാൾ എന്ന കപ്പലിൽ റോമിലേക്കു പുറപ്പെട്ടിരിക്കുന്നു. തീർത്ഥകരെ യാത്രയയക്കുന്നതിനായി ബോംബെ സഹായമെത്രാൻ ഡോക്ടർ വലേര്യൻ ഗ്രേഷ്യസ് തിരുമേനി ബല്ലാർഡുപിയറിൽ സന്നിഹിതനായിരുന്നു.

## രാജ്ഞി വിശുദ്ധപദം പ്രാപിച്ചു

ഫ്രഞ്ചുരാജ്ഞിയായിരുന്ന ജീൻ ഡിവാലോയിസിനെ കഴിഞ്ഞ ഞായറാഴ്ച പരിശുദ്ധപിതാവു് വിശുദ്ധയായി പ്രഖ്യാപിച്ചിരിക്കുന്നു. ശരീരകാന്തി ഏററവും വിരൂപയെങ്കിലും അനിതരസാധാരണമായ ആദ്ധ്യാത്മികസൗന്ദര്യമുണ്ടായിരുന്ന പ്രസ്തുത വിശുദ്ധയെ അവരുടെ ജീവിതകാലത്തു സ്വപിതാവും ഭർത്താവും വെറുത്തിരുന്നു. അവരുടെ പിതാവു ലൂയി പതിനൊന്നാമനും ഭർത്താവു ലൂയി ഡി ഓർലിയൻസുമായിരുന്നു.

ആനൺസിയാദേ സന്യാസസഭയുടെ സ്ഥാപകയായ ഈ വിശുദ്ധ 1464 ൽ ജാതയായി. 1505 ഫെബ്രുവരി 4-ാംനു നിര്യാതയായി ജീവിതകാലത്തു ഇത്രയധികം ദുരിതങ്ങളും വിഷമതകളും അനുഭവിച്ചിട്ടുള്ള വിശുദ്ധർ ദുർല്ലഭംതന്നെ. ജനനാൽതന്നെ വിരൂപയും രോഗിണിയുമായിരുന്ന ജീനിനെ കൊട്ടാരത്തിൽനിന്നകററി ഒരു ഗ്രാമപ്രദേശത്തു തനിച്ചു സാധാരണസുഖസൗകര്യങ്ങൾ പോലുമില്ലാതെയാണു് പിതാവു താമസിപ്പിച്ചിരുന്നതു്. ഈ കാലംമുതൽ അവൾ തന്റെ ആശ്വാസവും സമാധാനവും ദൈവത്തിൽമാത്രമാണു് ദർശിച്ചതു്. പരിശുദ്ധകന്യകയോടും അവൾക്കു് ഈ കാലത്തു അതിയായ ഭക്തി തോന്നി. രാഷ്ട്രീയലക്ഷ്യങ്ങൾവച്ചു പിതാവായ 11-ാം ലൂയി രാജാവു അവളെ ഓർലിയൻസിലെ പ്രഭുവായ ലൂയിക്കു വിവാഹം ചെയ്തുകൊടുത്തു. ജീനിന്റെ വിഷമതകൾ അന്നുമുതൽ ശതക്കണക്കിനു വർദ്ധിക്കുകയാണുണ്ടായതു. ഭർത്താവു് അവളെ പരസ്യമായി നിന്ദിക്കുകയും ഒടുവിൽ ഉപേക്ഷിക്കുകയും ചെയ്തു തദനന്തരം പരിശുദ്ധകന്യകയെ അനുകരിച്ചു നിശ്ശബ്ദത, വിനയം എന്നീ രണ്ടു ഗുണങ്ങൾ ജീൻ പരിശീലിച്ചു 1500-ൽ ആനൺസിയാദ് സന്യാസസഭ സ്ഥാപിച്ചു. പരിശുദ്ധകന്യകയെ മാതൃകയാക്കി പ്രാർത്ഥനയും പ്രായശ്ചിത്തവും അനുഷ്ഠിക്കുക എന്നതാണു് ഈ സഭയുടെ മുഖ്യോദ്ദേശ്യം. നിർദ്ദയനായ ഭർത്താവു തന്നെ ഉപേക്ഷിച്ചെങ്കിലും മരണംവരെ ജീൻ അയാൾക്കുവേണ്ടി പ്രാർത്ഥിച്ചുപോന്നു. 14-ാം ബനഡിക്ട് മാർപ്പാപ്പാ അവളെ ഭാഗ്യപ്പെട്ടവൾ എന്നു നാമകരണം ചെയ്തു. വിശുദ്ധയെന്നു വിളിക്കുന്നതിനുള്ള നടപടികൾ 1614-ൽ ആരംഭിച്ചതാണെങ്കിലും ഇതുവരെ അതു പൂർത്തിയാകാതിരിക്കുകയായിരുന്നു.

വിൻസെൻറു ഡി പോൾ സഖ്യം 6

# ഔദാര്യശീലം

"സാധുക്കൾക്കുവേണ്ടി ചെയ്യുന്ന ത്യാഗം തൻെറ വരവിനു് അനുരൂപമായിട്ടുള്ളതാണോ എന്നു് ഓരോരുത്തനും ദൈവതിരുമുമ്പാകെ ശരിയായി ആത്മപരിശോധന ചെയ്യണം. സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിലെ ഓരോ അംഗവും, വിശാലമനസ്ഥിതിയോടെ ഉദാരമായി ഈ കത്തവ്യം നിറവേററേണ്ടതു് ഉചിതംമാത്രമാണു്." ഇങ്ങനെയാണു് ഔദാര്യശീലത്തെപ്പററി സഖ്യനിയമത്തിൽ പറഞ്ഞിരിക്കുന്നതു്. ഓരോ മീററിംഗിൻെറ അവസാനവും സാധുക്കളുടെ സഹായത്തിനായി ഒരു രഹസ്യപ്പിരിവു നടത്തുന്നു. സുവിശേഷത്തിലെ വിധവയെപ്പോലെ ഓരോരുത്തനും യഥാശക്തി രഹസ്യമായി ദാനംചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നതിനുവേണ്ടിയാണു് ഇങ്ങനെ രഹസ്യപ്പിരിവു നടത്തുന്നതു്. ഇന്നത്തെ സഖ്യത്തിൻെറ വിപുലമായ പ്രവത്തനങ്ങൾക്കു് അംഗങ്ങളിൽനിന്നുള്ള പിരിവു പോരാതെവരുന്നതുകൊണ്ടു് പൊതുജനങ്ങളിൽനിന്നും പിരിവെടുക്കുന്നു. എന്നിരുന്നാലും അംഗങ്ങളുടെ ഇടയിലുള്ള രഹസ്യപ്പിരിവു് ഇന്നും മീററിംഗുകളുടെ ഒരു പ്രധാനഭാഗമായി പരിഗണിക്കപ്പെട്ടുപോരുന്നു.

അംഗങ്ങളിൽനിന്നും ആണ്ടുതോറും ഒരു നിശ്ചിതസംഖ്യ പിരിക്കണമെന്നു് ഒരഭിപ്രായം പലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിലും അതു സംഘത്തിൻെറ അരൂപിക്കും പാരമ്പര്യത്തിനും വിരുദ്ധമാണെന്ന കാരണത്തിന്മേൽ ജനറൽകൗൺസിൽ ആ അഭിപ്രായം തിരസ്കരിക്കയാണു ചെയ്തതു്. എന്നിരുന്നാലും സാധുക്കളുടെ സഹായത്തിനായി സംഘാംഗങ്ങൾ യഥാശക്തി സംഭാവന ചെയ്യണമെന്നു് സംഘനിയമങ്ങൾ അനുശാസിക്കുന്നു. തങ്ങളാൽത്തന്നെ അസാദ്ധ്യമെന്നു സുവ്യക്തമാകുമ്പോൾമാത്രമേ സംഘാംഗങ്ങൾ ഇതരന്മാരുടെ സഹായം തേടാവൂ. വിൻസെൻറു ഡി പോൾ പുണ്യവാൻെറ കൊടിക്കിഴിൽ പരസ്നേഹത്തിൻെറ സന്നദ്ധഭടന്മാരായിത്തീന്നിരിക്കുന്ന സഖ്യാംഗങ്ങൾ നിവൃത്തിയുള്ളിടത്തോളം കോൺഫറൻസുകളുടെ സ്വന്തം ചെലവിൽ സാധുജനസേവനം നടത്തണമെന്നു് മുൻകാലത്തു് ചില പ്രമുഖാംഗങ്ങൾ നിഷ്കർഷിച്ചിരുന്നു. നമ്മുടെ അനുദിനജീവിതത്തിനു് അവശ്യം ആവശ്യമില്ലാത്ത പലതും പരിത്യജിച്ചുകൊണ്ടു് സാധുക്കളെ സഹായിക്കുന്നതിനു പണമുണ്ടാക്കാൻ നമുക്കു സാധിക്കുന്നതാണു്. ഇതെപ്പററി ഗോസ്സിൻ പറയുന്നതു ശ്രദ്ധേയമാണു്: "അതിൽത്തന്നെ നിർദ്ദോഷവും എന്നാൽ വളരെ വ്യയഹേതുകവുമായ ചില ആചാരങ്ങൾ ആധുനികരാഷ്ട്രങ്ങളിൽ ക്രമേണ സ്ഥലംപിടിച്ചിരിക്കുന്നു. യുവാക്കന്മാർ അവരുടെ പ്രായത്തിനു് അനുസൃതമായ തൈക്ഷ്ണ്യത്തോടെ ഈ ആചാരങ്ങളെ സ്വീകരിച്ചിരിക്കുന്നു.........ഈ ആചാരങ്ങളിലെ അനാവശ്യഭാഗങ്ങളെ പരിത്യജിച്ചു് ആ ദുഷിച്ച വാസനകളെ തൃപ്തിപ്പെടുത്തുന്നതിനായി നമ്മിൽ പലരും ചെലവഴിക്കുന്ന പണം അപ്പമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ധൈര്യം നമുക്കുണ്ടായാൽ നമ്മുടെ സമുദായം സന്തോഷിക്കും." പക്ഷേ ഗോസ്സിൻ ഉൽബോധിപ്പിച്ചിരിക്കുന്നതിനെ പ്രായോഗികമാക്കുന്നതിനു് വളരെ ത്യാഗം ആവശ്യമുണ്ടെന്നു സ്പഷ്ടമാണല്ലോ. ആത്മനിഗ്രഹസോപാനത്തിൻെറ ആദ്യത്തെ പടിയാണു് ഏററം പ്രയാസമേറിയതെന്നു് വിശുദ്ധ ജോൺ വിയാന്നി പ്രസ്താവിച്ചിരിക്കുന്നു. അനന്തരകാലത്തു് അതിരൂക്ഷമായ ആത്മനിഗ്രഹം പാലിച്ചുപോന്ന ഹെൻറി സൂസോ എന്ന സിദ്ധൻ ആദ്യകാലത്തു് ഒരു ആപ്പിൾ ഉപേക്ഷിക്കുന്നതിനു് വളരെ പണിപ്പെടേണ്ടിവന്നുവെന്നു് അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ പറയുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ ആശാനിഗ്രഹം ശീലിക്കുന്നതുമൂലം സഖ്യാംഗങ്ങളുടെ ആദ്ധ്യാത്മികജീവിതം കൂടുതൽ ബലവത്താകുന്നതും സാധുക്കളെ സഹായിക്കുന്നതിനു് ഗണ്യമായ ഒരു സംഖ്യ നിഷ്പ്രയാസം സമ്പാദിക്കാവുന്നതുമാണു്.

ഒരു സന്ദർശകൻ അയാളുടെ പരിരക്ഷണത്തിനു് ഏല്പിക്കപ്പെട്ടിരിക്കുന്ന കുടുംബത്തിനു് സ്വന്തം കൈയിൽനിന്നും യാതൊരു പണവും കൊടുക്കരുതെന്നു് നിയമം നിഷ്കർഷിക്കുന്നു. അവർക്കു കൂടുതൽപണം ആവശ്യമാണെങ്കിൽ അയാൾ കോൺഫറൻസിൽനിന്നും കൂടുതൽപണം ആവശ്യപ്പെടണം. അയാൾ കോൺഫറൻസിലേക്കു കൂടുതൽപണം സംഭാവന ചെയ്യുകയും അങ്ങനെ സാധുക്കൾക്കു് കൂടുതൽപണം നല്കുന്നതിനു് കോൺഫറൻസിനെ സഹായിക്കയും ചെയ്യാവുന്നതാണു്. പക്ഷേ ഇങ്ങനെയുള്ള അവസരങ്ങളിൽ അയാൾ സംഭാവനചെയ്യുന്ന പണം മുഴുവൻ അയാൾ ഉദ്ദേശിക്കുന്ന കുടുംബത്തിനു ലഭിച്ചില്ലെന്നുവരാം. രഹസ്യപ്പിരിവിൻെറ ഉദ്ദേശ്യംതന്നെ സംഘത്തിനു പൊതുവായ ഒരു ഫണ്ടു് ഉണ്ടാക്കണമെന്നുള്ളതാണു്. മററൊരുകുടുംബത്തിനു സഹായം കുറഞ്ഞുപോകത്തക്കവണ്ണം തൻെറ പരിരക്ഷണയ്ക്കു വിഷയമായ കുടുംബത്തിനു കൂടുതൽ സഹായം ആവശ്യപ്പെടാൻ യാതൊരു സന്ദർശകനും പാടുള്ളതല്ല.

കോൺഫറൻസുകളുടെ ഭൗതികധനം സാധുക്കൾക്കു നല്കുന്നതിനായി അവയുടെ അധീനത്തിലുള്ള വിഭവങ്ങളിൽ വളരെ തുച്ഛമായ ഒരു ഭാഗംമാത്രമാണു്. താൻ നല്കുന്ന ഭൗതികസഹായം വളരെ നിസ്സാരമാണെന്നു് ഒരു സന്ദർശകനു് അറിയാം. പണം യഥാത്ഥത്തിൽ ഒരന്ത്യത്തിലേക്കുള്ള ലക്ഷ്യംമാത്രമാണു്. ഒരു കോൺഫറൻസിൻെറ യഥാത്ഥധനം അതിൻെറ പരസ്നേഹചൈതന്യമാണു്. "ഞങ്ങൾക്കു് അല്പം മാത്രം ഉള്ളതുകൊണ്ടു് ഞങ്ങൾ അല്പം കൊടുക്കുന്നു...........എന്നാൽ ഞങ്ങൾ നല്കുന്ന നിസ്സാരമായ പണത്തെ നൂറുശതമാനം വർദ്ധിപ്പിക്കത്തക്ക ഹൃദയവിശാലത ഞങ്ങൾക്കുണ്ടു്. തന്മൂലം സാധുക്കൾ ഞങ്ങളെ സ്വാഗതംചെയ്യുന്നു" എന്നാണു് സംഘത്തിൻെറ "മാനുവലി"ൽ പറഞ്ഞിരിക്കുന്നതു്. സ്നേഹം, ദയ, സൗമനസ്യം മുതലായ സൽഗുണങ്ങളുടെ അക്ഷയമായ ഉറവയാണു് ഒരു യഥാത്ഥ ക്രിസ്തീയഹൃദയം. ഒരു സന്ദർശകൻ തൻെറ ഹൃദയത്തിൽനിന്നും ഈ വിഭവങ്ങളെ സാധുക്കൾക്കു ധാരാളമായി പകന്നുകൊടുത്തു് അവരെ സന്തുഷ്ടരാക്കുന്നു. ദാനങ്ങൾ സ്വീകരിക്കുന്നതു് ഒരു പോരായ്മയാണെന്നു തോന്നാത്തവിധം കൊടുത്തു് സാധുക്കളുടെ ആത്മാഭിമാനത്തിനു ക്ഷയംതട്ടാതെ അവരെ സന്തുഷ്ടരാക്കുന്നതിലാണു് ഒരു സന്ദർശകൻെറ വിജയം അടങ്ങിയിരിക്കുന്നതു്.

പണവും ഭക്ഷണസാധനങ്ങളും സാധുക്കൾക്കു കൊടുക്കുന്നതുപോലെതന്നെ ഉദാരമായിട്ടുള്ള ഒരു പ്രവൃത്തിയാണു് ഒരുവൻെറ സമയവും കഴിവുകളും സാധുക്കളുടെ നന്മയ്ക്കായി വിനിയോഗിക്കുന്നതു്. ഇതിനു ചിലപ്പോൾ ആദ്യത്തേതിനെക്കാൾ കൂടുതലായി വ്യക്തിഗതമായ ത്യാഗങ്ങൾ സഹിക്കേണ്ടതായിവന്നേക്കാം. പല ഗുണകാംക്ഷികളും ഭൗതികവിഭവങ്ങൾ ധാരാളമായി സംഭാവനചെയ്യുമ്പോൾ അതു സാധുക്കളുടെ ഇടയിൽ വിതരണംചെയ്തു് അവരെ തൃപ്തരാക്കുന്നതിനു് ഒരു സന്ദർശകനു വലിയ വിഷമമുണ്ടാകയില്ല. പക്ഷേ യഥാത്ഥത്തിൽ സാധുക്കളുടെ ദാസനായിത്തീരത്തക്കവണ്ണം തൻെറ കഴിവുകളും സമയവും സാധുക്കളുടെ സേവനത്തിനായി സമപ്പിക്കുന്നതിനു് കൂടുതൽ ഔദാര്യം ആവശ്യമുണ്ടു്. സാധുക്കളുടെ സമയവും സൗകര്യവും അനുസരിച്ചു് അവക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനു് ഒരു സന്ദർശകനു് കൂടുതലായ ത്യാഗബുദ്ധിയും ഔദാര്യമനോഭാവവും ആവശ്യമാണു്. അങ്ങനെ തൻെറ ഔദാര്യത്തെ പ്രദശിപ്പിക്കുന്നതിനു് സാധുക്കൾ നൽകുന്ന അവസരത്തെ ബുദ്ധിമാനായ ഒരു സന്ദർശകൻ ഒരിക്കലും പാഴാക്കുകയില്ല.

സാധുക്കളോടു് ഔദാര്യമനസ്ഥിതി പ്രകടിപ്പിക്കേണ്ടതുപോലെതന്നെ സഖ്യാംഗങ്ങളും പരസ്പരം ഉദാരമനസ്ഥിതിയോടെ പെരുമാറണം. ഒരുവനു് ഒരു കപ്പലിൽ രണ്ടുവിധം യാത്രചെയ്യാം. കപ്പലിലെ ജോലിക്കാരൻ എന്ന നിലയിലും കേവലം ഒരു യാത്രക്കാരൻ എന്ന നിലയിലും. ജോലിക്കാരനു് കപ്പലിൻെറ നടത്തിപ്പിൽ ചുമതലയും താല്പര്യവും ഉണ്ടായിരിക്കും. യാത്രക്കാരനാകട്ടെ സ്വന്തം സൗകര്യങ്ങളെ കവിഞ്ഞു് കപ്പലിൻെറ സുസ്ഥിതിയിൽ താല്പര്യമൊന്നും കാണുകയില്ല. സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിൽ ഓരോ അംഗവും ആ മഹാനൗകയിലെ ഒരു ജോലിക്കാരനാണു്. കേവലം യാത്രക്കാരായി അതിൽ ആരും ഇല്ല. സംഘത്തിൻെറ ക്ഷേമത്തിലും പുരോഗതിയിലും ഓരോ അംഗവും ബദ്ധതല്പരനാണു്. സംഘകാര്യങ്ങൾ സംബന്ധിച്ചു് കൂടുതൽ ജോലികൾ ചെയ്യേണ്ടതായി ഉള്ളപ്പോൾ യാതൊരുത്തനും തൻെറ ഭാഗം പൂണ്ണമായി ചെയ്യാതെ അതു മററൊരാളെ ഏല്പിക്കുന്നതു ശരിയല്ല. അങ്ങനെയുള്ള അംഗത്തിൻെറ പെരുമാററം കപ്പലിലെ യാത്രക്കാരനെപ്പോലെയാണു്. സംഘത്തിൻെറ ക്ഷേമത്തിൽ അയാൾ വേണ്ടത്രതാല്പര്യം പ്രകടിപ്പിക്കുന്നില്ല. സംഘത്തിലെ ഇതരാംഗങ്ങളും അയാളുടെ മനോഭാവം സ്വീകരിച്ചാൽ സംഘത്തിൻെറ സ്ഥിതി എന്തായിത്തീരുമെന്നു ഊഹ്യമാണല്ലോ.

സാധാരണ എല്ലാ കോൺഫറൻസുകളിലും എപ്പോഴും കാര്യങ്ങൾ നടത്തുന്നതു് ഏതാനും ചില അംഗങ്ങൾമാത്രമാണു്. ഈ അംഗങ്ങളുടെ കർമ്മക്ഷമതയും ത്യാഗബുദ്ധിയും ഔദാര്യശീലവും കൊണ്ടുമാത്രമാണു് കോൺഫറൻസിൻെറ പ്രവത്തനങ്ങൾ കുറെയൊക്കെ മുമ്പോട്ടുപോകുന്നതു്. എന്നാൽ ഇതു് ഒരിക്കലും അഭിലഷണീയമായ ഒരു സ്ഥിതിയല്ല. കോൺഫറൻസിൽ പരസ്നേഹചൈതന്യം കുറഞ്ഞുവരുന്നതിൻെറ ലക്ഷണമായി ഈ ദുസ്ഥിതിയെ പരിഗണിക്കാവുന്നതാണു്. ദൈവത്തിൻേറയും സാധുക്കളുടേയും നേക്കുള്ള സ്നേഹം എല്ലാ അംഗങ്ങളിലും ധാരാളമായി വളരേണ്ടതും തന്മൂലം എല്ലാ അംഗങ്ങളും സംഘകാര്യങ്ങളിൽ അതിവതല്പരരായിരിക്കേണ്ടതുമാണു്. അങ്ങനെ ഔദാര്യശീലത്തിൻെറ പോരായ്കയെ സഖ്യാംഗങ്ങളുടെ ഇടയിൽനിന്നും നിശ്ശേഷം ദൂരീകരിക്കണം.

വ്യക്തിപരമായ അസൗകര്യങ്ങൾ സഹിക്കാതെ സംഘകാര്യങ്ങളിൽ പ്രവത്തിക്കാമെന്നു വിചാരിക്കുന്നതു മൗഢ്യമാണു്. പക്ഷേ ക്രിസ്തുവിനേയും അവിടുത്തെ പ്രതിരൂപങ്ങളായ സാധുക്കളേയും സേവിക്കുന്നതിനുവേണ്ടി ഒരുവൻെറ സമയവും സൗകര്യങ്ങളും കഴിവുകളും ബലികഴിക്കുന്നതിനെക്കാൾ ഉത്തമമായ ഒരു കാര്യം ഇല്ല എന്നു് സഖ്യാംഗങ്ങൾ സദാ അനുസ്മരിക്കേണ്ടതാണു്. പാവനമായ ഈ ചിന്ത അവരുടെ എല്ലാ പ്രവൃത്തികളിലും അവക്കു പ്രേരകമായിരിക്കണം. ഈ ചിന്ത അവരുടെ ഹൃദയങ്ങളിൽ ഗാഢമായി പതിയുമ്പോൾ സഖ്യാംഗങ്ങളെന്നനിലയിൽ തങ്ങൾക്കുള്ള വിവിധകത്തവ്യങ്ങളെ ശരിയായി നിവ്വഹിക്കുന്നതിനുവേണ്ട ഔദാര്യശീലം അവക്കു ധാരാളമായി ലഭിക്കുന്നതാണു്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ രോഗശമനം ഉണ്ടായതിനു കൃതജ്ഞത.

സി. വി. അന്ന

---

## ചരമം

തൃശ്ശൂർ രൂപതാചാൻസലറായ റവ. ഡോക്ടർ ചിറയത്തു് അവർകളുടെ മാതാവു് മേയ് 23-ാംനു- 72-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ശവസംസ്കാരകർമ്മം തൃശ്ശൂർ രൂപതാവികാരി ജനറാൾ മൊററ് റവ. മോൺ. ആൻറണി പുതുശേരി ഡി. ഡി. അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 30-ൽപ്പരം വൈദികർ ശവസംസ്കാരകർമ്മത്തിൽ സംബന്ധിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ തേർമാമണു് ചരമപ്രഭാഷണം നടത്തിയതു്. R. I. P.

## അഡ്മിനിസ്ട്രേററർ

തീത്ഥാടനാത്ഥം റോമിലേക്കുപോയിരിക്കുന്ന മർ സെവേരിയോസ് തിരുമനസ്സിലെ അസാന്നിദ്ധ്യത്തിൽ തിരുവല്ലാരൂപതയുടെ അഡ്മിനിസ്ട്രേററായി റവ. ഫാ. ജോൺ കച്ചിറമററം ബി. എ. എൽ. ടി., ബി. ഡി. നിയമിതനായിരിക്കുന്നു.

## റോമിലേക്കു്

ബാംഗളൂർ മെത്രാൻ മൊററ് റവ. ഡോക്ടർ പി. തോമസ് തിരുമനസ്സുകൊണ്ടു് മേയ് 22-ാംനു- റോമിലേക്കു പുറപ്പെട്ടിരിക്കുന്നു. സെപ്റ്റംബർ മാസത്തിലേ തിരുമേനി മടങ്ങിവരുകയുള്ളു.

## ഒററ ഇതൾപോലും വാടിവീണിട്ടില്ല

ഇംഗ്ലണ്ടിൽ സ്റ്റോക്പോർട്ടിനടുത്തു ഹിററൺനോറിസ് എന്ന സ്ഥലത്തെ ദേവാലയത്തിൽ മാതാവിൻെറ പ്രതിമമേൽ ചാത്തിയ മൂന്നു പുഷ്പമുടികൾ വാടാതിരിക്കുന്ന കാര്യം പ്രസ്താവിച്ചിരുന്നല്ലോ. പുഷ്പങ്ങളുടെ ഒരൊററ ഇതൾപോലും വാടി താഴെ വീണിട്ടില്ല. ഇക്കഴിഞ്ഞ മേയ് 1-ാംനു- വേറൊരു പ്രതിമയാണു പുഷ്പമുടി ചാത്തുന്നതിനുപയോഗിച്ചതു്. തദവസരത്തിൽ ജനബാഹുല്യംനിമിത്തം എല്ലാവക്കും ദേവാലയത്തിൽ പ്രവേശിപ്പാൻ സാധിച്ചില്ല. ഇപ്പോൾ ഏതാനും രത്നവ്യാപാരികൾ ആദ്യത്തെ പ്രതിമയെ ഉദ്ദേശിച്ചു് 22 സ്വണ്ണപുഷ്പങ്ങളുള്ള ഒരു കിരീടം നിർമ്മിച്ചുവരുന്നുണ്ടു്. എന്നാൽ റോസാപുഷ്പങ്ങളുടെ ദളങ്ങൾ വീണുപോകാത്തിടത്തോളംകാലം ആ മൂന്നു പുഷ്പമുടികളും പ്രതിമയിൽനിന്നും മാററുന്നതല്ലെന്നു ഇടവകവികാരി ഫാദർ ടേർണർ പ്രസ്താവിച്ചിരിക്കുന്നു.


**ക്ഷേമവിലാസം കമ്പനി ക്ലിപ്തം**

രക്ഷാധികാരി
തൃശ്ശൂർ രൂപതയുടെ മെത്രാൻ നി. വ. ദി. ശ്രീ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു്

**തൃശ്ശിവപേരൂർ പുതിയ മാസകുറി**

ഉപരക്ഷാധികാരി
തൃശ്ശൂർ രൂപതയുടെ വികാരിജനറാൾ വന്ദ്യ ദിവ്യശ്രീ മോൺ. പുതുശ്ശേരി അന്തോണി അച്ചൻ അവർകൾ

(തിരുവിതാംകൂർ-കൊച്ചി ഗവമ്മെണ്ടിൽനിന്നും L. Dis 3662/50/R. D. നമ്പ്രായി സിദ്ധിച്ച അനുവാദപ്രകാരം തുടങ്ങുന്നതു)

നറക്കൊന്നുക്കു് 100 ക. 56 നമ്പ്ര്-നമ്പ്ര് ഒന്നിൽ രണ്ടുനറക്കു്
11200 ക. ആകെ സല

**ഒന്നാമത്തെ നറക്കെടുപ്പു്** 12—8—1950 / 27—12—1125

കുറിയിൽ കുറഞ്ഞതു് 3 ക. 2 ണ. യുടെ വീതം വരെ ചേരാം. കൂടുതൽ വിവരങ്ങൾ കമ്പനി ആപ്പീസിൽ ആവശ്യപ്പെട്ടാൽ അറിയാവുന്നതാകുന്നു.

തൃശ്ശൂർ 1—6—50

മാനേജിംഗ്ഡയറക്ടർ




## ചുമതലയുണ്ടു്

"ആരെങ്കിലും തനിക്കുള്ളവരുടെ കാര്യം, പ്രത്യേകിച്ചു് സ്വന്തം വീട്ടിലുള്ളവരുടെ കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ, അവൻ വിശ്വാസം ഉപേക്ഷിച്ചിരിക്കുന്നു; അവൻ അവിശ്വാസികളെക്കാൾ നീചനുമാകുന്നു." (1. Tim. V, 8)

ജീവസന്ധാരണത്തിനുള്ള വ്യഗ്രതകൊണ്ടു് കുടുംബനാഥന്മാർ മിക്കപേരും കുടുംബസമ്പർക്കം പാലിക്കുവാൻ സാധിക്കാത്തവിധത്തിൽ പ്രഭാതംമുതൽ പ്രദോഷംവരെ ജോലിചെയ്യേണ്ടതായി വന്നുകൂടിയിരിക്കുന്നു. ഇന്നത്തെ ജീവിതസമ്പ്രദായത്തിന്റെ ഈ ദൂഷിച്ചവശം കുടുംബശിഥിലീകരണത്തിനും വഴിതെളിക്കുന്നുണ്ടു്. പലരും അവരുടെ ജോലി കഠിനാദ്ധ്വാനത്തിനു് ഇടയാക്കുന്നതുകൊണ്ടു് ഒരു വത്സലപിതാവെന്ന നിലയിലുള്ള അവരുടെ കർത്തവ്യനിർവ്വഹണത്തിനു തീരെ ഉന്മേഷമോ ശക്തിയോ അവരിൽ അവശേഷിക്കുന്നില്ല. മററു ചിലർക്കാകട്ടെ ഉപജീവനമാർഗ്ഗത്തിനു വേണ്ടി എന്നും യാത്രകൾ ചെയ്യേണ്ടിവരുന്നു; വേറെ ചിലർ ദീർഘനാൾ ജോലിസ്ഥലത്തു് ജീവിച്ചശേഷം ഒഴിവുദിവസങ്ങളിൽമാത്രം വീട്ടിൽവരുന്നു. ഇവർക്കെല്ലാം സന്താനങ്ങളെ വളർത്തുന്നതിൽ പങ്കുവഹിക്കയെന്നുള്ളതു് വല്ലപ്പോഴുമുള്ള ഒരു യാദൃച്ഛികസംഭവമോ അപ്രധാനമായ ഒരു കാര്യമോ ആയിത്തീരുന്നു. കുടുംബസംരക്ഷണവും സന്താനപരിപാലനവും നിർവ്വഹിക്കുന്നതിൽ പരസ്പരബന്ധമില്ലാത്ത രണ്ടു വ്യത്യസ്തങ്ങളായ പ്രവർത്തനപരിധികൾ നിർമ്മിക്കുവാനുള്ള വാസന ഇന്നത്തെ "അപ്പ"ന്മാരിൽ കുടികൊള്ളുന്നതായി തോന്നുന്നു: അപ്പൻ പണംകൊണ്ടുവരുന്നു, അത്രമാത്രം; അമ്മ തനിച്ചു് വീട്ടുകാര്യങ്ങൾ നടത്തുകയും കുട്ടികളെ വളർത്തുകയും വേണം. ഇതിനെ സാധൂകരിക്കുവാനായി എത്രതന്നെ ന്യായങ്ങൾ എടുത്തുവിളമ്പിയാലും, ഇതൊരു തിന്മയാണു്; ദുരുപയോഗമാണു്; ശാപമാണു്; ഇന്നത്തെ കുടുംബങ്ങളുടെ ബലക്ഷയത്തിനും പരാജയങ്ങൾക്കും കാരണവുമാണു്. പല കുടുംബനാഥന്മാർക്കും ഇതിൽ യാതൊരു ഒഴിവുകഴിവും പറയാനില്ല. കുടുംബസംബന്ധിച്ച അവരുടെ കടമകൾ നിർവ്വഹിക്കുന്നതിലുള്ള അവരുടെ ഉദാസീനതയ്ക്കും അവർ വെച്ചുപുലർത്തുന്ന ചില സ്വാർത്ഥങ്ങൾക്കും ഒരു മൂടുപടമായി അവർ തങ്ങളുടെ ജോലിയെ എടുത്തുകാണിക്കുന്നു. "നീ എന്താണിപ്പറയണേ? എന്റെ ജോലിയെന്താണെന്നു നിനക്കറിഞ്ഞുകൂടേ? ഒരു മിനിട്ടുനേരം ഒഴിവുണ്ടോ? കുടുംബകാര്യങ്ങൾ മുഴുവനും നീതന്നെ നോക്കിയാൽമതി. എനിക്കു അതിനൊന്നും സാദ്ധ്യമല്ല" എന്നിങ്ങനെ ഭാര്യയോടു തട്ടിമുളിക്കുന്ന ചില കുടുംബനാഥന്മാരുടെ ആത്മാർത്ഥതയെപ്പററി ചോദ്യംചെയ്യേണ്ടതല്ലേ? മററു ചിലർക്കു യഥാർത്ഥത്തിൽ കഴിവുകേടുണ്ടായിരിക്കാം. എന്നാൽ സർവ്വപ്രധാനമായ കുടുംബപരിപാലനകൃത്യത്തിനു് ഇങ്ങനെയുള്ള വിലങ്ങുതടികൾ ഉണ്ടെങ്കിൽ അവയെ വല്ലവിധേനയും വെട്ടിമാററുവാൻ ഉത്സാഹിക്കേണ്ടതായ ചുമതലയും അവർക്കുണ്ടു്. ഈ വിഷയത്തിൽ കുടുംബനാഥന്മാർ ആത്മസംശോധനം ചെയ്യേണ്ട ചില കാര്യങ്ങൾ താഴെ നിർദ്ദേശിച്ചുകൊള്ളുന്നു.

ഒരു പിതാവിന്റെ പ്രധാന കർത്തവ്യങ്ങളിലൊന്നു കുടുംബാംഗങ്ങളുടെ സംരക്ഷണത്തിനാവശ്യമായ ചെലവുകൾ ചെയ്യുകയാണു്. കുടുംബത്തിന്റെ അടിത്തറ ഇളക്കുന്നതരത്തിലുള്ള ചില ദുരുപയോഗങ്ങൾ ഈ വിഷയത്തിലും വന്നു സംഭവിക്കാവുന്നതാണു്. കുടുംബഭാരം മുഴുവനും തന്റെ ചുമലിലാണെന്നു ഭാവിക്കയും പെരുമ്പറയടിക്കയും ചെയ്യുന്നവരിലാണു് ഈ ദൂഷ്യങ്ങൾ പ്രത്യക്ഷപ്പെടാറുള്ളതു്. യാതൊരു ജോലിയുമെടുക്കാതെ അലസരായിക്കഴിയുന്നവർ; യാതൊരു സ്ഥിരതയുമില്ലാതെ ഒരു ജോലിയിൽനിന്നു മറെറാരു ജോലിയിലേക്കു എപ്പോഴും ചാടിക്കൊണ്ടിരിക്കുന്നവർ; കുട്ടികളേയും തന്നേയും തീററിപ്പോററുന്നതിനായി ജോലിചെയ്യുവാൻ ഭാര്യയെ പരോക്ഷമായിട്ടെങ്കിലും നിർബന്ധിക്കുന്ന ഭാര്യോപജീവികൾ;—ഇവരെക്കുറിച്ചു് അധികമൊന്നും പറയേണ്ട ആവശ്യമില്ല. ഒരു ഭാര്യോപജീവിയെ ഞാനറിയും. അയാൾ നേരംവെളുത്താൽ സ്ഥലത്തുള്ള അഞ്ചു് ചായപ്പീടികകളിൽ മാറിമാറി ഹാജർ കൊടുക്കും. അങ്ങനെ ആ ചായക്കടകളിൽത്തന്നെ അയാൾ വൈകുന്നേരംവരെയും ചുററിത്തിരിയും. ഒരുദിവസം ആരോ ഒരാൾ അയാളുടെമേൽ അനുകമ്പ തോന്നി അയാളെ ജോലിക്കുവിളിച്ചു. എന്നാൽ നാലുരൂപയിൽ കുറഞ്ഞകൂലിക്കു അയാൾ പണിയെടുക്കുകയില്ലത്രെ! പിന്നീടു് ആരും അയാളെ ജോലിക്കു വിളിച്ചിട്ടുമില്ല. കുട്ടികൾ അയാളെ "ഇൻസ്പെക്ടർ" എന്നു വിളിച്ചുവരുന്നു. ചായക്കടകളിലെ അട്ടിപ്പേറിനു പുറമെ അവിടെ ലൈസൻസില്ലാതെ ഉണക്കമീൻ, പുകയില മുതലായവ വില്ക്കുന്നുണ്ടോയെന്നും അയാൾ അന്വേഷിക്കുന്നുണ്ടത്രെ! എന്നാൽ അതേസമയം അയാളുടെ ഭാര്യ പുലർച്ചമുതൽ ഇരുട്ടാകുന്നതുവരെ എല്ലുമുറിയെ പണിയെടുത്തു് കിട്ടുന്ന കൂലികൊണ്ടു അയാളേയും കുട്ടികളേയും തീററിപ്പോററുന്നു. ഭാഗ്യവശാൽ ഇങ്ങനെയുള്ള ഭർത്താക്കന്മാർ അധികമില്ലെന്നു തോന്നുന്നു. എന്നാൽ വളരെ പിതാക്കന്മാരിലും കുടികൊള്ളുന്നതും പലരും അംഗീകരിച്ചാദരിച്ചിട്ടുള്ളതുമായ ചില വൈകല്യങ്ങൾ ഉണ്ടു്. ചില കുടുംബനാഥന്മാർ കുടുംബത്തെ വരവിനെക്കുറിച്ചു് ഭാര്യയോടു് ഒന്നുംതന്നെ പറയുകയില്ല. പണസംബന്ധമായ കാര്യങ്ങളെക്കുറിച്ചു് അവൾക്കു മിണ്ടാൻപോലും പാടില്ലത്രെ! തന്റെ ഭർത്താവിനു ലഭിക്കുന്ന ശമ്പളം അമ്പതുരൂപയാണോ അഞ്ഞൂറുരൂപയാണോ എന്നുള്ളതിനെപ്പററി യാതൊരു എത്തുംപിടിയുമില്ലാതെ ജീവിക്കുന്ന നിരവധി ഭാര്യമാരുണ്ടു്. നാളികേരത്തിന്റെ എണ്ണവും വിലയും അവൾ അറിയേണ്ടത്രെ. ഇതെല്ലാം ഭർത്താവുമാത്രം അറിയേണ്ട പരമരഹസ്യങ്ങളായി കരുതപ്പെടുന്നു. "നിനക്കു വല്ല പണവും ആവശ്യമുണ്ടെങ്കിൽ ചോദിച്ചോ. മററു കാര്യങ്ങളൊന്നും നീ അന്വേഷിക്കേണ്ട" എന്നു കൂട്ടത്തിൽ ഒരു താക്കീതും. വരവറിയാതെ ചെലവു ചെയ്യുകയെന്നുള്ള ഒരു കസത്തുവിദ്യ ആ സാധുസ്ത്രീ സാധിക്കേണ്ടിയിരിക്കുന്നു. ഭാര്യ, അമ്മ എന്നീ നിലകളിൽ ഭർത്താവിന്റെ വരുമാനത്തെക്കുറിച്ചു് അറിയുന്നതിനും കുടുംബത്തിലെ വരവുചെലവിന്റെ ബഡ്ജററു് രൂപീകരണത്തിൽ പ്രധാന ആലോചനക്കാരിയാകുന്നതിനുമുള്ള അവകാശം ഭാര്യക്കുണ്ടെന്നുള്ളതു ഭർത്താവു സ്മരിക്കണം. മററു ചില ഭർത്താക്കന്മാർ ഒരു ക്ലിപ്തസംഖ്യ ആഴ്ചതോറും ഭാര്യയെ ഏല്പിക്കുന്നു. അതുകൊണ്ടു് അവൾ തൃപ്തിപ്പെടുകയും കുടുംബസംരക്ഷണം നടത്തുകയും ചെയ്തുകൊള്ളണം. അതൊരു സുഗ്രീവാജ്ഞയാണു്. പലപ്പോഴും ആ സംഖ്യ ചെലവിനു കമ്മിയായിരിക്കും. ദിവസേന ആവശ്യമുള്ള അരിപോലും ഭാര്യക്കു അളന്നുകൊടുത്തശേഷം അരിപ്പെട്ടി പൂട്ടി താക്കോലുമെന്തി നടകൊള്ളുന്ന കുടുംബനാഥന്മാരുമുണ്ടത്രെ! ഇങ്ങനെ ഭാര്യമാർ ഒരുതരം ശമ്പളമില്ലാത്ത വേലക്കാരായി പരിണമിക്കുന്നു. ഇതിനാണോ മിന്നും മന്ത്രവടിയും നൽകി അവളെ കെട്ടിക്കൊണ്ടുവന്നതു്? ഭാര്യ ഭർത്താവിന്റെ വരവിൽ പങ്കുകാരിയാകണം; അല്ലാതെ, ചെലവു ചെയ്യുന്ന ഒരു ചില്ലിക്കാശിനുപോലും കണക്കു ബോധിപ്പിക്കേണ്ട ഒരു വേലക്കാരിയല്ല അവൾ. വേറെ ചില ഭർത്താക്കന്മാർ സ്വന്തം സൗകര്യങ്ങൾക്കും ആനന്ദങ്ങൾക്കും വേണ്ടി ധൂർത്തടിച്ചു് പണം ചെലവു ചെയ്യും. അതിനെപ്പററി ഭാര്യക്കു അറികയോ അന്വേഷിക്കയോ ചെയ്യേണ്ട ആവശ്യമില്ലത്രെ. എന്നാൽ ഭാര്യയുടേയും കുട്ടികളുടേയും സൗകര്യങ്ങൾക്കും ഉല്ലാസങ്ങൾക്കുംവേണ്ടി ഒരു പൈപോലും ചെലവിടാൻ അവർക്കു മനസ്സില്ല. "ഞാനല്ലേ പണം സമ്പാദിക്കുന്നതു്? അതുകൊണ്ടു് എന്റെ ഇഷ്ടമനുസരിച്ചു് അതെല്ലാം ചെലവുചെയ്യുവാൻ എനിക്കു് അവകാശമുണ്ടു്. ഭാര്യയും കുട്ടികളും അത്യാവശ്യത്തിനുള്ള പണമെങ്കിലും എന്റെ പക്കൽനിന്നു ലഭിക്കുന്നതുകൊണ്ടു് സംതൃപ്തരും സന്തുഷ്ടരുമായിരിക്കയല്ലേ വേണ്ടതു്?" എന്നിങ്ങനെയുള്ള ഒരു സ്വാർത്ഥമനസ്ഥിതിയിൽ അവർ വ്യാപരിക്കുന്നു. താൻ സ്വന്തം സൗകര്യങ്ങൾക്കും ഉല്ലാസങ്ങൾക്കുംവേണ്ടി ചെലവിടുന്നത്രതന്നെ സംഖ്യ ഭാര്യക്കും ഏതൽകാര്യങ്ങൾക്കായി ചെലവിടാനുള്ള അവകാശമുണ്ടെന്നു ഒരു നല്ല ഭർത്താവിനറിയാം. എന്നാൽ അങ്ങനെയുള്ള ആനന്ദോല്ലാസങ്ങളിൽ കുടുംബാംഗങ്ങളെല്ലാവരേയും പങ്കാളികളാക്കുന്നതായിരിക്കും സ്തുത്യർഹമായ കൃത്യം. ഭാര്യാഭർത്താക്കന്മാർ എല്ലാററിലും തുല്യപങ്കാളികളാണെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്.

അമ്മയും അപ്പനും യോജിച്ചുകൊണ്ടു സന്താനങ്ങളുടെ അദ്ധ്യാപനം നിർവ്വഹിക്കേണ്ടതാണു്. കുട്ടികളുടെ ആദ്യത്തെ ഗുരുനാഥന്മാർ മാതാപിതാക്കന്മാരാണല്ലോ. ഇവരിൽ ആർക്കുംതന്നെ ഈ ജോലി രാജിവെക്കുവാനോ അതിൽനിന്നു് ഒഴിഞ്ഞുമാറുവാനോ പാടില്ല. ചില പിതാക്കന്മാർ ആ ജോലിയെല്ലാം അമ്മയ്ക്കും ഗുരുനാഥന്മാർക്കുമായി മാററിവെക്കുന്നു. ആവക ശല്യങ്ങളൊന്നും അവർക്കു കഴികയില്ലത്രെ. ജോലി കഴിഞ്ഞു് മടങ്ങിവരുമ്പോൾ അവർക്കു വലിയ ക്ഷീണമാണു്. മക്കൾ എന്തു പഠിക്കുന്നുവെന്നു അന്വേഷിക്കുവാനോ അവരോടുകൂടി കുറെ സമയം ചെലവഴിക്കുവാനോ അവർ സന്നദ്ധരാകുന്നില്ല. ഈ ഉദാസീനതയ്ക്കു പ്രകൃതിതന്നെ പ്രതികാരം ചെയ്യും. ചുരുങ്ങിയ ഒരു പരിശ്രമംകൊണ്ടു് വളരെ വലിയ ഒരു സ്വാധീനശക്തി സ്വസന്താനങ്ങളിൽ ചെലുത്തുവാനുള്ള ശക്തിവിശേഷം പ്രകൃതിതന്നെ ഒരു പിതാവിൽ നിക്ഷേപിച്ചിട്ടുണ്ടു്. ഒരു കുട്ടിക്കു തന്റെ അപ്പൻ ഒരു അത്ഭുതപുരുഷനാണു്, ആരാധനാപാത്രമാണു്, മാതൃകാദീപമാണു്. അപ്പന്റെ പ്രബോധനങ്ങളും മാതൃകകളും കണ്ണുമടച്ചു് സ്വീകരിക്കുവാനുള്ള ഒരു മനസ്ഥിതിയും അവനിലുണ്ടായിരിക്കും. തന്നിമിത്തം എത്രതന്നെ ജോലിത്തിരക്കും ക്ഷീണവുമുണ്ടായാലും ഒരു പിതാവു് മക്കളെ പഠിപ്പിക്കുവാൻ കുറച്ചെങ്കിലും ശ്രമംചെയ്യേ കഴിയൂ. സന്മാർഗ്ഗജീവിതത്തിന്റെ മൗലികങ്ങളും സാധാരണങ്ങളുമായ ചില തത്വങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കണം. കുട്ടികളോടൊപ്പം ചിലപ്പോഴൊക്കെ വേദോപദേശത്തിലെ ചില പാഠങ്ങളും സ്കൂളിൽ പഠിക്കുന്ന ചില പാഠങ്ങളും ഒന്നു പുനരാവർത്തിക്കുന്നതും നന്നായിരിക്കും. ശുദ്ധതയുടേയും അടക്കത്തിന്റേയും മൗലികപാഠങ്ങളും അവരെ ഗ്രഹിപ്പിക്കണം. അവരോടൊന്നിച്ചു് ചിലപ്പോൾ കളിക്കുവാനും തന്റെ അനുഭവത്തിൽപെട്ട ചില ബിസിനസ്സ് രഹസ്യങ്ങൾ അവരെ പറഞ്ഞു കേൾപ്പിക്കുവാനും മടിക്കേണ്ടതില്ല. അമ്മയോ ഗുരുനാഥന്മാരോ ഈ കൃത്യനിർവ്വഹണത്തിനു പര്യാപ്തരല്ല. ചില പിതാക്കന്മാർ കുട്ടികൾക്കു നൽകുന്ന പ്രബോധനം ശകാരവർഷത്തിലും അസഭ്യം പുലമ്പുന്നതിലുമാണു് അടങ്ങിയിരിക്കുന്നതു്. തന്റെ സ്വകാര്യസുഖങ്ങളേയും ആനന്ദസമാധികളേയും കുട്ടികൾ ഭഞ്ജിക്കയോ ശല്യപ്പെടുത്തുകയോ ചെയ്യുന്നെങ്കിൽ പിന്നെ പറയാനില്ല. ചിലപ്പോൾ വളരെ ക്രൂരവും കഠിനവുമായ നിയമങ്ങൾ ഉണ്ടാക്കുകയും അവയെ ലംഘിക്കുന്ന കുട്ടികളെ മൃഗീയമായവിധത്തിൽ ശിക്ഷിക്കയും ചെയ്യുന്ന പിതാക്കന്മാർ ഉണ്ടു്. അങ്ങനെ കുട്ടികൾ അവരുടെ വളർച്ചയിൽത്തന്നെ മുരടിച്ചുപോകുന്നു. തെററുകൾ ചൂണ്ടിക്കാണിക്കയും മിതമായ വിധത്തിൽ ശിക്ഷിക്കയും ചെയ്യേണ്ടതു് അദ്ധ്യാപനത്തിന്റെ ഒരു ഭാഗംമാത്രമാണു്. അതോടൊപ്പം കുട്ടികളെ വിജ്ഞാനികളും നല്ലവരുമാക്കിത്തീർക്കാനുള്ള നിർണ്ണിതമായ പരിശ്രമവും കൂടിയേ കഴിയൂ.

(ജെ. ചെമ്മണൂർ)

---

## സത്യദീപം

(കേക)

ഇരുളാം മാർഗ്ഗങ്ങളിൽ
വെളിച്ചം പകർന്നേകാൻ
പാരിതിൽ സത്യത്തിന്റെ
ദീപമങ്ങുദിച്ചന്നാൾ
പാർത്തലം രക്ഷിച്ചിടാൻ
പാവനാശയം പേറി-
യാത്തമോദത്താലങ്ങു
ഭൂവിങ്കലണഞ്ഞല്ലോ!
കേവലം കാലിത്തൊഴു-
ത്താണു താനങ്ങേകുന്നു
ഭാവുകം മുകർന്നേകാൻ
ലഭിച്ച പുണ്യസ്ഥലം
നരജന്മത്തിൻ മുഖ്യ
ലക്ഷ്യമെന്താണെന്നങ്ങു
പൊരുളാർന്നോതിക്കൊണ്ടു-
"അജ്ഞർതൻ തമസ്സിങ്കൽ"
ഇരുളിൻ കൂമ്പാരത്തെ
നിശ്ശേഷം നിർമ്മാർജ്ജിക്കാൻ
പുലരിപ്രഭയായി
വന്നുദിച്ചല്ലോ ഭവാൻ
"നീശ"തൻ മാറിൽക്കൊണ്ട
തുംഗസന്ദേശാസ്ത്രങ്ങൾ
നിഷ്ഠുരരവർക്കന്നു
കർക്കശമായിത്തോന്നി
ഭർത്സിച്ചു പുണ്യാത്മാവെ,
ത്താഴിച്ചുപഴിച്ചവർ
രോഷാഗ്നിയാളിക്കത്തി;
പുണ്യത്തിൻ ഫലമിതോ!
ചതിച്ചു നിഷ്കാമിയെ,
ദുഷിച്ചു സൽക്കർമ്മത്തെ
പതിപ്പിച്ചാധമാം
ഗർത്തത്തിലാഴ്ത്തി നീചർ
ലോകത്തിന്നനുഗ്രഹാ-
ശിസ്സുകൾ നല്കാൻ വന്നോൻ
ദീനനായ്, നിണസേക-
മാന്തരം കുരിശിലായ്!
നിർണ്ണയം ഭയനീയ-
മായൊരക്കാഴ്ചകണ്ടു
കണ്ണുനീർ പൊഴിച്ചനു-
കമ്പയാൽ ഘനാഘനം
വഞ്ചിച്ച ഘോരഘോര-
മാം "യൂദാ" പ്രഭൃതികൾ
വഞ്ചനയറിയാത്ത
ത്യാഗിവര്യനെ, കഷ്ടം!
എന്നിട്ടും മർത്ത്യരക്ഷാ-
കർത്തവ്യം മറക്കാതെ
ചൊല്ലിനാ:"നീവർക്കങ്ങു
മാപ്പുനല്കണേ, താതാ"
വാത്സല്യത്യാഗത്തിന്റെ
പാരമ്യം കാണിച്ചൊരാ
ക്രിസ്തുവിന്നാദർശങ്ങ-
ളണയാതിന്നും നില്പൂ!
സത്യമാമദ്ദീപത്തെ
മുക്തിമാർഗ്ഗദർശിയായ്
നിത്യമായുപാസിപ്പിൻ
സത്വരമാകുവിൻ, നമ്മൾ.

(എസ്. അബ്ദുൽഖാദർ, വിദ്യാർത്ഥി, സെൻറു് വിൻസെൻറു് ഇംഗ്ലീഷ് ഹൈസ്കൂൾ, കണിയാപുരം.)

---

## മക്കളെല്ലാം

### സന്യാസം വരിച്ചു

1928-ൽ കുടുംബസമേതം ഐർലൻറിൽനിന്നു ആസ്ട്രേലിയായിലേക്കു കുടിയേറിപ്പാർത്ത ഒരാളാണു മി. ഡബ്ളിയു. ക്രീഡ്. അദ്ദേഹത്തിന്റെ എട്ടുമക്കളും സന്യാസം വരിച്ചിരിക്കുന്നു. രണ്ടു പുത്രന്മാർ നേരത്തേതന്നെ പുരോഹിതപട്ടം സ്വീകരിച്ചതാണു്. മൂന്നാമത്തെ മകൻ രണ്ടുകൊല്ലത്തിനകം വൈദികനായി ഉയർത്തപ്പെടും. പുത്രിമാർ അഞ്ചുപേരും കന്യാസ്ത്രീകളായി. അവരിലൊരാൾ ഈയിടെ പരലോകപ്രാപ്തയായിരിക്കുന്നു.

# മിഷൻപെട്ടി

(ജി. സി. ടീലാർ)

"അമ്മച്ചീ, ഇനിച്ചോരണ." ജോർജ്ജുകുട്ടി അടുത്തു നിൽക്കുന്നുണ്ടായിരുന്നു അച്ചാമ്മ കുല എണ്ണിക്കൊടുത്തു പണം വാങ്ങിച്ചപ്പോൾ. പൂർവ്വപരിചയം പുതുക്കുന്നമട്ടിൽ അണത്തുട്ടുകൾ തമ്മിൽ കൂട്ടിമുട്ടിയപ്പോൾ ഉണ്ടായ സ്വരം ജോർജ്ജുകുട്ടിയെ ആകർഷിച്ചു. "എന്റെ കുഞ്ഞിനു് എന്തെടുക്കാനാ അണ?" ചോദിച്ചു അച്ചാമ്മ. "പെട്ടിലിടാൻ." —അവൻ പറഞ്ഞു. അച്ചാമ്മയുടെ കണ്ണുകളിൽ ബാഷ്പകണങ്ങൾവന്നുനിറഞ്ഞു. ആ മുത്തുമണികൾ മകനെ കാണിക്കാതെ തുടച്ചുകളഞ്ഞു അവർ; ഒരു രണ്ടണെത്തുട്ടെടുത്തു് അവന്റെ കൈയിൽ വച്ചുകൊടുക്കയും ചെയ്തു.

ജോർജ്ജുകുട്ടിക്കു് നാലുവയസ്സേ പ്രായമുള്ളു. പതിനാലുവയസ്സു പ്രായമുള്ള ഒരു സഹോദരിയാണു കൊച്ചുത്രേസ്യാ. അവൾ കോഴിയെ വളർത്തി വിറ്റും മറ്റും പണമുണ്ടാക്കി ഒരുതരം പ്രത്യേകപെട്ടിയിൽ നിക്ഷേപിക്കുന്നതു് അവൻ കണ്ടിട്ടുണ്ടു്. ഒരുദിവസം അവൻ ചോദിച്ചു: "എന്തിനാ ചേച്ചീ ഈ കാശെല്ലാം ഇതിന്റാത്തിടുന്നേ?" കൊച്ചുത്രേസ്യാക്കു് ഒരു നീണ്ടചരിത്രം പറയുവാനുണ്ടായിരുന്നു. "കാശിട്ടിട്ടു് ഈ പെട്ടി നിറേമ്പഴേ, ഇതെടുത്തു ചെറുപുഷ്പമിഷൻ ലീഗിനു കൊടുക്കും."

"ചെറുപ്പ മീശനോ?"

"അതെ, അതെ, ചെറുപുഷ്പമിഷൻ ലീഗ്."

"എന്തൂട്ടാ എന്നതാ?"

"അങ്ങങ്ങു ദൂരെ നിന്നെപ്പോലെയുള്ള കൊച്ചുകുഞ്ഞുങ്ങളുണ്ടു്. അവർക്കു പുസ്തകം മേടിക്കാൻ പണമില്ല; പള്ളിയിൽ പോകാൻ തുണിയില്ല. ചോറു കിട്ടാതെ അവരു പഞ്ഞം കെടക്കും. നമുക്കു ചോറുവേണോന്നു പറേമ്പം അമ്മച്ചീ വെളമ്പിത്തരുവേലേ? മുണ്ടുവേണോന്നു പറേമ്പം അപ്പച്ചൻ മേടിച്ചു തരുവേലേ?"

"ഇന്നാളപ്പച്ചൻ ഒരു മുണ്ടു മേടിച്ചോണ്ടു വന്നല്ലോ ഇനിച്ചു്."

"അതെ മേടിച്ചോണ്ടുവന്നു. നമ്മുടെ അപ്പച്ചനു പണമുണ്ടു്. എന്നാൽ ആ കുഞ്ഞുങ്ങളുടെ അപ്പച്ചനു പണമില്ല. അതുകൊണ്ടവർക്കു വലിയ സങ്കടമാ. നീ ഇന്നാളൊരു പാവയെ മേടിക്കാൻ എട്ടണകൊടുത്തില്ലേ? മുട്ടായി മേടിക്കാൻ അമ്മച്ചീ നാലണതന്നില്ലേ?"

"ഞാൻ പാവേനേം മേടിച്ചു, മുട്ടായീം മേടിച്ചു."

"അതെ, ആ പാവയുടെ കാലൊടിഞ്ഞപ്പം നീ അതു ദൂരെ വലിച്ചെറിഞ്ഞു. മുട്ടായി തിന്നുംതീർത്തു. എന്നാൽ ആ പണം നീ ഈ പെട്ടിക്കകത്തിട്ടിരുന്നെങ്കിൽ വെശന്നു പൊരിയുന്ന ആ കുഞ്ഞുങ്ങൾക്കു് അയച്ചുകൊടുക്കാമായിരുന്നു."

"അവരു നമ്മുടെ ആരാ ചേച്ചീ?"

"നീ ഉണ്ണീ ഈശോയെ അറിയേലേ?"

"ഉണ്ണീ ഈശോയെ അറിയും. ഉണ്ണീ ഈശോ എന്റേർത്തേ വരുന്നാണ്ടു വരുവെന്നു് അമ്മച്ചീ പറഞ്ഞല്ലോ."

"അതെ, ആ ഉണ്ണീ ഈശോയുടെ കുഞ്ഞുങ്ങളാണു് അവർ."

"എന്നാ ഇഞ്ഞീം ഞാൻ കിട്ടണതെല്ലാം ഈ പെട്ടിന്റകത്തിട്ടേക്കാം."

"കൊള്ളാം; നല്ല കാര്യം: മുട്ടായീയും പാവയും മേടിക്കാൻ കിട്ടുന്നപണം ഇതിന്റകത്തു് ഇട്ടേക്കണം."

"അമ്മച്ചീയോടു മേടിച്ചും നമ്മക്കിടാം."

"മിഷൻപെട്ടി" എന്നാണു് അവിടെ എഴുതി ഒട്ടിച്ചിരിക്കുന്നതു്. അതിന്റെ മുകളിലുണ്ടു് പണം അകത്തേക്കു കടക്കാൻ മാത്രമുള്ള ഒരു തുള. മാസത്തിൽ ഒരിക്കൽ മിഷൻ ലീഗുകാർ അവിടെ വരും. അപ്പോഴാണു പെട്ടി തുറക്കുക. അഞ്ചോ ആറോ രൂപാ അതിൽ കാണുമെന്നുള്ളതു തീർച്ചയാണു്. പലേ വീടുകളിൽനിന്നും അങ്ങനെ അവർ പണം ശേഖരിക്കുന്നു. വിശാഖപട്ടണം, നെല്ലൂർ, സേലം മുതലായ സ്ഥലങ്ങളിലേക്കു് അവർ വൻതുകകൾ അയച്ചുകൊണ്ടാണിരിക്കുന്നതു്. പലേ സ്ഥലങ്ങളിൽ പള്ളികൾ പണിതുവരുന്നു. സ്കൂളുകൾ നടന്നുകൊണ്ടിരിക്കുന്നു. അനേകംപേർ മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. കേരളകത്തോലിക്കരുടെ ഇടയിൽ വ്യാപിച്ചിട്ടുള്ള മിഷൻ അഭിരുചി അത്ഭുതകരമാണു്.

കാണ്ടിയിലെ പേപ്പൽ സെമ്മിനാരിയുടെ വാതിൽക്കൽ പിച്ചളത്തകിടിൽ വാർത്തിട്ടുള്ള ഒരു വാക്യം കാണാം: "ഓ ഭാരതമേ, നിന്റെ രക്ഷ നിന്റെ പുത്രന്മാർ ആയിരിക്കും." പതിമൂന്നാം ലേയോൻ മാർപ്പാപ്പായാണു് 1893-ൽ കാണ്ടി സെമ്മിനാരിയുടെ സ്ഥാപനത്തിനുള്ള അധികാരപത്രത്തിൽ ഈ സുസ്മരണീയമായ വാക്യം എഴുതിച്ചേർത്തതു്. ഇക്കാലത്തു് അതു് അന്വർത്ഥമായിത്തീർന്നിരിക്കുന്നു.

"ചെറുപുഷ്പമിഷൻ ലീഗ്" എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചിട്ടു് അധികമായിട്ടില്ല. ഇപ്പോൾ ഭരണങ്ങാനമാണു് അതിന്റെ പ്രവർത്തനകേന്ദ്രം. 52 ശാഖകളാണുള്ളതു്. പ്രവർത്തകരോ, അധികവും ബാലികാബാലന്മാർ. അനേകം പ്രസ്ഥാനങ്ങളുടെ ജനനമരണങ്ങൾ കണ്ടിട്ടുള്ള ഒരു വലിയ സ്ഥാപനമാണു കത്തോലിക്കാസഭ. വിശ്വാസപ്രചരണസഖ്യം, ദിവ്യബാലസഖ്യം, ഏതദ്ദേശീയ വൈദികർക്കായുള്ള വി. പത്രോസിന്റെ സഖ്യം എന്നിങ്ങനെ മൂന്നു സംഘടനകൾ 18,19 എന്നീ നൂററാണ്ടുകളിലായി ജന്മമെടുത്തിട്ടുണ്ടു്. ഇതിൽ വിശ്വാസപ്രചരണസഖ്യത്തിന്റെ സ്ഥാപക പൗളിൻ ജാരിക്കോ എന്ന പേരിൽ ജഗൽപ്രസിദ്ധയായ ഒരു ഫ്രഞ്ചുവനിതയാണു്. അവളെ ഈ മഹാപ്രസ്ഥാനത്തിനു പ്രേരിപ്പിച്ചതു് ഒരു നിസ്സാരസംഭവം. ഫിലെയസ് ജാരിക്കോക്കു് അന്നു് ഒമ്പതു വയസ്സുണ്ടായിരുന്നു. ഒരു ദിവസം ഒരു പുസ്തകവും കൈയിൽ പിടിച്ചുകൊണ്ടു് അവൻ സ്കൂളിൽനിന്നും വീട്ടിലേക്കു വരികയുണ്ടായി. തന്നെ സ്വീകരിക്കാൻ നിന്ന കൊച്ചുസഹോദരിയോടു അവൻ ധൃതഗതിയിൽ പറഞ്ഞു: "ഞാനൊരു പ്രേഷിതനാകുവാൻ പോകയാണു്; സാത്താന്റെ അധീനതയിലിരിക്കുന്ന ചൈനയിലേക്കു ഞാൻ പോകുന്നു. ഞാനവിടെ നമ്മുടെ കർത്താവിനെപ്പോലായിരിക്കും. അവർ എന്നെ കൊല്ലുന്നെങ്കിൽ അത്യും നല്ലതു്. രക്തസാക്ഷികളുടെ ചോരയിൽനിന്നു വളരെ ക്രിസ്ത്യാനികൾ ഉണ്ടാകുന്നുവെന്നു് എന്റെ ഈ പുസ്തകത്തിൽ പറയുന്നു." ഇതു കേട്ടപ്പോൾ അവൾക്കു രോമാഞ്ചമുണ്ടായി. "ഞാനും പോരും" എന്നവൾ ഉദീരണം ചെയ്തു. "നിന്നെപ്പോലുള്ള ഒരു പെൺകുട്ടിക്കു് അവിടെ എന്തു ചെയ്യാൻ കഴിയും?"—ചോദിക്കയായി ഫിലെയസ്.

"എനിക്കു രോഗികളെ ശുശ്രൂഷിക്കുവാനും കുട്ടികളെ വേദപാഠം പഠിപ്പിക്കുവാനും സാധിക്കും. അൾത്താരകൾ അലങ്കരിക്കുവാനും കഴിയും." പക്ഷേ ഫിലെയസ് തടഞ്ഞുകൊണ്ടു പറഞ്ഞു: "അവിടെ ചെന്നെത്തിയാൽ നിനക്കു വല്ലതും കഴിഞ്ഞേക്കാം. പക്ഷേ സ്ത്രീകൾക്കു ചൈനായ്ക്കു പോകുവാൻ സാധിക്കയില്ല. ഒട്ടകത്തിന്റെയും കുതിരയുടെയും മററും പുറത്തു് യാത്രചെയ്യുവാൻ ഒരു പെൺകുട്ടിക്കു സാധിക്കുമോ? ജോഷീ, നിനക്കു് ഒരു പ്രകാരത്തിലും ഇത്തരം രാജ്യങ്ങളിൽ യാത്രചെയ്യുവാൻ കഴികയില്ല." അല്പം ആലോചിച്ചതിനുശേഷം പൗളിൻ പ്രതിവചിച്ചു: "നിന്റെ പുറകിൽ ഇരുന്നു യാത്രചെയ്യുവാൻ എനിക്കു കഴിഞ്ഞേക്കാം. നിനക്കു് എന്നെ നിന്റെ കുതിരയുടെ പുറത്തു് ബലമായി ബന്ധിച്ചുവയ്ക്കുവാൻ കഴിയും; ഇല്ലേ?" ഫിലെയസ് പൊട്ടിച്ചിരിച്ചുപോയി. എന്നിട്ടു ഖണ്ഡിതമായി പറഞ്ഞു: "പൗളിൻ, പുരുഷന്മാർക്കു മാത്രമേ മിഷനറിമാരാകുവാൻ സാധിക്കയുള്ളു." അവൾ വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു ചോദിച്ചു: "അപ്പോൾ എനിക്കു് ഒന്നും ചെയ്യുവാൻ കഴികയില്ലേ?" ഫിലെയസ് പറഞ്ഞു: "നിശ്ചയമായും കഴിയും. നിനക്കു് എനിക്കുവേണ്ടി പ്രാർത്ഥിക്കാം. മിഷനറിമാർക്കുവേണ്ടി അൾത്താരവിരികളും തിരുവസ്ത്രങ്ങളും ഉണ്ടാക്കാം. മിഷനുവേണ്ടി ധാരാളം പണം ശേഖരിക്കാം. ഈ പണം കൊണ്ടു് എനിക്കു വാങ്ങിക്കുവാൻ കഴിയും കുഞ്ഞുങ്ങളെ, ദുഷ്ടമനുഷ്യർ കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞുങ്ങളെ."

അവൾ ഗാഢമായി ചിന്തിച്ചു തന്റെ പ്രവർത്തനപദ്ധതിയെപ്പററി. 23 വയസ്സു് പ്രായമാകുന്നതുവരെ അവൾ പ്രവർത്തിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ടിരുന്നു. 1822 മേയ് 3-ാംനു-യാണു് വിശ്വാസപ്രചരണസഖ്യം ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടതു്. ആ കൊല്ലം സഖ്യത്തിനു 80 പവൻ സംഭാവന ചെയ്യുവാൻ കഴിഞ്ഞു. 1827-ൽ അതു 4000 പവൻ ആയി വധിച്ചു. 1842-ലെ തുക 13,0000 പവൻ. ഇങ്ങനെ തുക വർദ്ധിച്ചു വർദ്ധിച്ചുപോയി. 1922-ൽ ഇൻഡ്യയിലും വിശ്വാസപ്രചരണസഖ്യത്തിനു പ്രചാരംസിദ്ധിച്ചു. ഭാരതത്തിന്റെ നാനാഭാഗങ്ങളിലും ഇതിനു ശാഖകളുണ്ടിപ്പോൾ. നമ്മുടെ "ചെറുപുഷ്പമിഷൻ ലീഗ്" ഇതിന്റെ ഒരു വകഭേദമെന്നു പറയാം. അനേകം നല്ല കാര്യങ്ങൾ അതു ചെയ്തുകൊണ്ടിരിക്കുന്നു.

വിശ്വാസപ്രചരണസഖ്യത്തിന്റെ ഒരു സഹവിഭാഗമാണു് ദിവ്യബാലസഖ്യം. മിഷന്റെ പാപ്പായായ പരിശുദ്ധ പിതാവു് 11-ാം പിയൂസിന്റെ വാക്കുകളിൽ: "പരിത്യജിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുവാനിടയുള്ള അക്രൈസ്തവശിശുക്കളെ രക്ഷിക്കുന്നതിനും, കത്തോലിക്കരായി വളർത്തുന്നതിനും ഉപയോഗിക്കുന്നതിനായി, തങ്ങൾക്കു കിട്ടുന്ന പണത്തിന്റെ ഒരംശം നീക്കിവയ്ക്കുന്നതിനു് കത്തോലിക്കരായ കുട്ടികളെ പ്രേരിപ്പിക്കുന്നതിനുള്ള ഒരു സംഘടനയാണിതു്." ഫ്രാൻസിലെ നാൻസിരൂപതയുടെ മെത്രാനായിരുന്ന ചാറൽസ് ഡി ഫോർബിൻ ജാൻസൻ എന്ന വന്ദ്യദേഹമാണു് പൗളിൻ ജാരിക്കോയുടെ സഹകരണത്തോടുകൂടി ഈ സഖ്യം സ്ഥാപിച്ചതു്. ചുരുങ്ങിയ കാലംകൊണ്ടു് ലോകത്തിന്റെ നാനാഭാഗങ്ങളിലും ഈ സഖ്യം പ്രചരിച്ചു. "ചെറുപുഷ്പ മിഷൻ ലീഗി"നു് ഈ സഖ്യത്തോടും ഒരു കടപ്പാടുണ്ടെന്നു് അതിന്റെ പ്രവർത്തനങ്ങളിൽ നിന്നും കാണാം.

രണ്ടു വിനീതവനിതകളുടെ പരിശ്രമത്തിൽനിന്നും മറെറാരു പ്രസ്ഥാനം മുളയെടുത്തു. ഏതദ്ദേശീയ വൈദികർക്കായുള്ള വി. പത്രോസിന്റെ സഖ്യം. നോർമൻഡിയിലെ മാഡം ബിഗാർഡും അവരുടെ ഏക പുത്രി മിസ്സ് ജീൻ ബിഗാർഡുമായിരുന്നു ഇതിന്റെ പ്രവർത്തകർ. അവർ ഇരുവരും വീടുകൾതോറും പണം യാചിച്ചു് കിട്ടുന്ന തുക ഏതദ്ദേശീയവൈദികരുടെ പഠനച്ചെലവിനായി പലേ രാജ്യങ്ങളിലേക്കും അയച്ചുകൊടുത്തുകൊണ്ടിരുന്നു. ഇൻഡ്യയിലെയും മററുരാജ്യങ്ങളിലെയും അനേകംസെമ്മിനാരികൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നവൻതുകകൾ ഇപ്പോൾ വരുന്നതു് അവർ സ്ഥാപിച്ച സഖ്യംവഴിയത്രേ. ഇത്ര വമ്പിച്ച തുകകൾ എങ്ങനെ ഉണ്ടാകുന്നു എന്നു ചോദിച്ചാൽ നമുക്കു ചൂണ്ടിക്കാണിക്കാനുള്ളതു മിഷൻപെട്ടികളാണു്. മിക്കവീടുകളിലും മിക്കപീടികകളിലും അതുണ്ടു്. നമ്മുടെ ആഡംബരങ്ങളിൽ ചിലവകുറച്ചിട്ടു് പണം മിഷൻപെട്ടിയിൽ നിക്ഷേപിക്കുക. ദൈവംനമ്മുടെകടക്കാരനായിത്തീരുന്നതുകാണാം അപ്പോൾ.


## ഹിന്ദിപഠിക്കുവാൻ ഏററവും എളുപ്പവഴി

"ഹിന്ദിശിക്ഷക്" നെപ്പററി ഇൻഡ്യൻ പാർലിമെൻറു് സ്പീക്കർ ശ്രീ ജി. വി. മവലങ്കർ പറയുന്നു.

പ്രിയപ്പെട്ട പണ്ഡിററു് ജോസഫ്,

ഹിന്ദിഭാഷയുമായി ജനങ്ങളെ അടുപ്പിക്കുന്നതിനു അഭിനന്ദനാർഹമായ പരിശ്രമമാണു് നിങ്ങൾ നടത്തിയിട്ടുള്ളതു്. ഹിന്ദി ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കാൻ തീരുമാനിച്ചിട്ടുള്ള ഈഘട്ടത്തിൽ നിങ്ങളുടെ ഈ പ്രസിദ്ധീകരണം തികച്ചും അവസരോചിതമായിട്ടുണ്ടു്.

"സുന്ദര്കഹാനിയാം" (വില 8 ണ.)

By Pandit C. V. Joseph R. B. V. P. H. P.

21 ഹിന്ദി ചെറുകഥകളുടെ സമാഹാരം. ഹിന്ദി വായിക്കുവാൻ മാത്രം അറിയാവുന്നവർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും ഈ വിശിഷ്ടഗ്രന്ഥം ഏററവും അത്യുത്തമമാണു്.

"ഹിന്ദികഥാകലികാ" (വില 10 ണ.)

By Pandit C. V. Joseph R. B. V. P. H. P.

21 സദാചാരവും സന്മാർഗ്ഗവും ആയ ഹിന്ദിചെറുകഥകൾ. ഹിന്ദി ഭാഷാ കഥാസാഹിത്യം ആസ്വദിക്കാനുള്ള ഏകപുസ്തകം.

ആവശ്യപ്പെടുക:—

സി. ഡി. വക്കി, ഹിന്ദിപുസ്തകാലയം

നെല്ലിമററം, കോതമംഗലം


—

## ബഥനി പുനരുദ്ധരിച്ചു

ലാസറിന്റേയും മർത്തായുടേയും മേരിയുടേയും ഭവനമായിരുന്ന ബഥനി മുസ്ലീമുകളുടെ കൈയിലകപ്പെട്ടുപോയിരുന്നെങ്കിലും കുറേശ്ശെ കുറേശ്ശെ ആ സ്ഥലം തിരികെവാങ്ങി ഇപ്പോൾ അതു മുഴുവനും കത്തോലിക്കരുടെ കൈവശമായിരിക്കുന്നു. ആദിമക്രിസ്ത്യാനികൾ അവിടെ പണിചെയ്തിരുന്ന ദേവാലയത്തിന്റെ നഷ്ടശിഷ്ടങ്ങൾ അവിടെ കാണാമായിരുന്നു. ഇപ്പോൾ അവയെല്ലാം പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ടു്.

## ലിപ്പായെപ്പററി

ഔദ്യോഗികാന്വേഷണം

മാനിലയ്ക്കു സമീപം ലിപ്പായിലെ തെരേസിററ എന്ന ഒരു സന്യാസാർത്ഥിനിക്കു മാതാവു് 1948 സെപ്ററംബർ മാസത്തിൽ കാണപ്പെട്ട കാര്യം പ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. ഏതത്സംബന്ധമായി വത്തിക്കാൻ ഇപ്പോൾ ഔദ്യോഗികാന്വേഷണം നടത്തിവരുകയാണു്.

## ജൂൺ 25-ാംനു-

ചാരിത്ര്യസംരക്ഷണാർത്ഥം ജീവനർപ്പിച്ച മരിയാഗൊരേത്തിയുടെ ഭൗതികാവശിഷ്ടങ്ങൾ മദ്ധ്യഇററലിയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലുംകൂടി ആഘോഷസമേതം സംവഹിച്ചശേഷം ഈയിടെ അവളുടെ സ്വദേശമായ കൊർനാൾദോയിലേക്കു മടക്കിക്കൊണ്ടുവന്നിരിക്കുന്നു. തദവസരത്തിൽ, 87 വയസ്സായ അവളുടെ മാതാവും 12 ഗവമെൻറുദ്യോഗസ്ഥന്മാരും സന്നിഹിതരായിരുന്നു. ഈ ജൂൺ 25-ാംനു- അവളെ പുണ്യവതി എന്നു നാമകരണം ചെയ്യുമ്പോൾ റോമിൽ അഭൂതപൂർവ്വകമായ ഒരു ജനക്കൂട്ടം ഉണ്ടായിരിക്കുമെന്നാണു പ്രതീക്ഷ. അവളുടെ മാതാവിനെക്കൂടാതെ, അവളുടെ സഹോദരൻ 62 വയസ്സായ ആൻജെലൊ ഗൊരേത്തിയും നാമകരണച്ചടങ്ങിൽ സംബന്ധിക്കുന്നതാണു്. അമേരിക്കൻ ഐക്യനാടുകളിലെ ന്യൂ ജെഴ്സി എന്ന സ്ഥലത്തെ ഒരു ചായപ്പണിക്കാരനായ അദ്ദേഹം റോമിലേക്കു പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

# Sathya Deepam

Vol 23 | Ernakulam June 7 1950 | No 39


വിമർശനവീഥി

## ആദത്തിന്റെ ആദ്യത്തെ സ്ഥിതി

ആദം പാപം ചെയ്യുമെന്നു ദൈവം അനാദിമുതൽ അറിഞ്ഞെങ്കിലും ആ അറിവല്ല ആദത്തിന്റെ പാപത്തിനു കാരണമെന്നും, ആദംതന്നെയാണു തന്റെ പാപത്തിനുത്തരവാദിയെന്നും കഴിഞ്ഞ ലേഖനങ്ങളിൽ സമർത്ഥിച്ചിരുന്നുവല്ലോ. ദൈവത്തിന്റെ മുൻകൂട്ടിയുള്ള അറിവല്ല ആദത്തിന്റെ പാപത്തിനു കാരണമായതെങ്കിലും, ദൈവം അതു മുൻകൂട്ടി അറിഞ്ഞതുകൊണ്ടു് ആദത്തെ പാപം ചെയ്യാനിടവരുന്ന നിലയിൽ സൃഷ്ടിച്ചുവയ്ക്കാതിരിക്കാമായിരുന്നില്ലേയെന്നാണു് ഇനിയത്തെ ചോദ്യം. ഇതിനു മറുപടി പറയുന്നതിനുമുൻപു്, ദൈവം ആദത്തെ സൃഷ്ടിച്ചുവച്ച സ്ഥിതിയെന്തായിരുന്നുവെന്നു വിവരിക്കാം. ഈ വിവരണം കത്തോലിക്കാതിരുസ്സഭയുടെ ഔദ്യോഗികമായ, വിശ്വാസസത്യങ്ങളും വേദശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായങ്ങളും അനുസരിച്ചുള്ള, ഒന്നായിരിക്കണമല്ലോ. കത്തോലിക്കാസഭ സ്വീകരിക്കുന്നതും പഠിപ്പിക്കുന്നതുമായ സംഗതികളുടെ വെളിച്ചത്തിലാണു് ആദത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പ്രവൃത്തിയുടെ നീതീകരണം അന്വേഷിക്കേണ്ടതു്. ഈ തത്വം വിസ്മരിച്ചാൽ ഉന്നയിച്ച ചോദ്യത്തിനു സമാധാനം കണ്ടെത്തുവാൻ സാധ്യമല്ല. പ്രസ്തുത ചോദ്യം ഉന്നയിക്കുന്നവർ പലപ്പോഴും ഈ തത്വം വിസ്മരിക്കാറുണ്ടു്. ആദത്തെ ദൈവം സൃഷ്ടിച്ചുവച്ച ആദ്യത്തെ സ്ഥിതിയെപ്പററി കത്തോലിക്കാസഭയുടെ തത്വോപദേശങ്ങൾ അറിയാതെയോ തെററിദ്ധരിച്ചോ ദൈവത്തിന്റെ പ്രവൃത്തിയുടെ നീതിയേയോ മററു ഗുണലക്ഷണങ്ങളേയോ ചോദ്യംചെയ്യുന്നതിൽ യാതൊരു യുക്തിയുമില്ലല്ലോ. അതുകൊണ്ടാണു ദൈവം ആദത്തെ സൃഷ്ടിച്ചുവച്ച സ്ഥിതിയെന്തായിരുന്നുവെന്നു് ഇവിടെ വിവരിക്കുവാൻ ആവശ്യമായിരിക്കുന്നതു്.

### പ്രകൃതിസഹജമായ ദാനങ്ങൾ

ദൈവം യാതൊരു ജീവിയേയും സൃഷ്ടിക്കുന്നതു് അതിന്റെ പ്രകൃതിയെ സംബന്ധിച്ച തന്റെ മനസ്സിൽ അനാദിമുതൽക്കുള്ള ഒരു മാതൃകയനുസരിച്ചായിരിക്കണമല്ലോ. ആ മാതൃക ദൈവത്തിന്റെ മനസ്സിലിരിക്കുന്നതു് നമുക്കു നേരിട്ടറിയാൻ സാധ്യമല്ല. സൃഷ്ടിയെ കണ്ടശേഷം അതിന്റെ അംശങ്ങളും ശക്തികളും മററും പരിശോധിച്ചാണു് നമുക്കു് അതറിയുവാൻ സാധിക്കുക. മനുഷ്യനായി സൃഷ്ടിക്കപ്പെട്ട ആദത്തിന്റെ പ്രകൃതിസഹജമായ അംശങ്ങളും ശക്തികളും എന്തൊക്കെയാണെന്നറിയുന്നതിനു് മനുഷ്യപ്രകൃതിയിൽപെട്ട ഏതു വ്യക്തിയുടേയും സാമാന്യമായ അംശങ്ങളും ശക്തികളും പരിശോധിച്ചാൽ മതിയാകും. മനുഷ്യനു് ആത്മാവും ശരീരവുമുണ്ടു്. ആ രണ്ടംശങ്ങൾക്കും പ്രത്യേകങ്ങളായ ശക്തികളും അവനിലുണ്ടു്. അവന്റെ ജീവൻ നിലനിത്തുന്നതിനും അവന്റെ ശക്തികൾ യഥാവിധി പ്രവത്തിക്കുന്നതിനും മററു പലതും അവനു് ആവശ്യകമാണു്. ഉദാഹരണമായി ഭക്ഷണവും വായുവും കൂടാതെ അവനു ജീവിക്കുവാൻ സാധ്യമല്ല. ആകയാൽ ഈ വിഭവങ്ങൾ അവന്റെ ആന്തരികങ്ങളായ അംശങ്ങളിൽ ഉൾപ്പെട്ടവയല്ലെങ്കിലും, അവനിൽനിന്നു വേർപെട്ടു ബാഹ്യമായി സ്ഥിതിചെയ്യുന്നവയാണെങ്കിലും, അവ അവന്റെ പ്രകൃതിക്കു് ആവശ്യകങ്ങളും തന്മൂലം സഹജങ്ങളുമായി ഗണിക്കപ്പെടാം. ആ പ്രകാരംതന്നെ അവന്റെ ജ്ഞാനശക്തികൾ അവയുടെ പരമമായതോതിൽ പ്രയോഗിക്കുവാനുള്ള ഒരു രംഗമായും അവനു യോഗ്യമായ വിധത്തിൽ കഴിഞ്ഞുകൂടുവാനുള്ള വാസസ്ഥാനമായും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ദൃശ്യപ്രപഞ്ചവും അവന്റെ പ്രകൃതിക്കു് ആവശ്യകവും തന്മൂലം സഹജവുമാണെന്നു പറയാം. ബുദ്ധിശക്തികളും മററു പ്രവത്തനശക്തികളും ഉപയോഗിച്ചു് അവൻ പ്രപഞ്ചത്തിൽ നടത്തുന്ന കണ്ടുപിടുത്തങ്ങളും കൈവരിക്കുന്ന നേട്ടങ്ങളും പ്രകൃതിസഹജങ്ങളായിത്തന്നെ ഗണിക്കപ്പെടാം. ഉദാഹരണമായി ആകാശത്തിൽക്കൂടി പറക്കുന്ന കാര്യമെടുക്കുക. ആകാശത്തിൽക്കൂടി പറക്കാൻ കഴിവില്ലാതെതന്നെ കോടാനുകോടി മനുഷ്യർ എത്രയോ ശതാബ്ദങ്ങളായി പൂർണ്ണമായ ജീവിതം കഴിച്ചുപോന്നിരിക്കുന്നു. എന്നുവരികിലും ആകാശത്തിൽക്കൂടി പറക്കുന്നതു് മനുഷ്യന്റെ കാര്യത്തിലും പ്രകൃതിസഹജമാണെന്നു പറയാം. എന്തുകൊണ്ടെന്നാൽ പ്രപഞ്ചത്തിലെ വസ്തുക്കളേയും ശക്തികളേയും മനുഷ്യൻ സ്വതഃസിദ്ധമായ കഴിവുകളുപയോഗിച്ചു സ്വാധീനപ്പെടുത്തിയതിന്റെ ഫലമായിട്ടാണു് അവനു പറക്കാൻ കഴിഞ്ഞിട്ടുള്ളതു്. പ്രപഞ്ചകർത്താവായ ദൈവത്തെപ്പററിയും തന്റെ ശക്തികളുടെ പ്രയോഗത്താൽ മനുഷ്യനു വളരെയധികം ജ്ഞാനം സമ്പാദിക്കുവാൻ കഴിയും. ഇപ്പറഞ്ഞവയെല്ലാം മനുഷ്യന്റെ പ്രകൃതിസഹജങ്ങളായ അംശങ്ങളും ശക്തികളും പരിതസ്ഥിതികളും നേട്ടങ്ങളുമാണു്. അവന്റെ സത്വത്തിന്റെ അംശങ്ങളായുള്ളവയെല്ലാം, സ്വതഃസിദ്ധങ്ങളായ അവന്റെ ശക്തികൾക്കു പ്രവത്തിക്കുവാൻ കഴിയുന്നതെല്ലാം, ജന്മസിദ്ധമായ അവന്റെ ആഗ്രഹങ്ങളുടേയും ശക്തികളുടേയും സമുചിതമായ തൃപ്തിക്കും പ്രയോഗത്തിനും ആവശ്യകമായവയെല്ലാം മനുഷ്യപ്രകൃതിക്കു സഹജങ്ങളാണെന്നു് ഒരു വാക്കിൽ പറയാം.

### പ്രകൃത്യതീതങ്ങളായ ദാനങ്ങൾ

ആദ്യത്തെ മനുഷ്യനെന്ന നിലയിൽ പ്രകൃതിസഹജങ്ങളായ ദാനങ്ങൾ വളരെ ഉൽകൃഷ്ടമായ തോതിൽ കൊടുത്തുകൊണ്ടാണു് ദൈവം ആദത്തെ സൃഷ്ടിച്ചുവച്ചതു്. എന്നാൽ അവയ്ക്കുപുറമെ പ്രകൃത്യതീതങ്ങളായ, മനുഷ്യപ്രകൃതിക്കു യാതൊരു ന്യായത്താലും ആവശ്യപ്പെടാനർഹതയോ അതിനു കൊടുക്കുവാൻ കടമയോ ഇല്ലാത്ത, ദാനങ്ങളും നൽകിക്കൊണ്ടാണു് ദൈവം ആദത്തെ സൃഷ്ടിച്ചുവച്ചതു്. സൃഷ്ടികളിൽനിന്നുള്ള ജ്ഞാനംവഴിയായിട്ടാണല്ലോ മനുഷ്യനു പ്രകൃത്യാ ദൈവത്തെപ്പററി അറിയുവാൻ കഴിയുന്നതു്. ഈ അറിവു് വളരെ വളരെ മികച്ചതോതിൽ ദൈവത്തെപ്പററി ലഭിക്കുകയും അതു വഴിയായി ദൈവത്തിൽ ആനന്ദംകൊള്ളുകയും അങ്ങനെ നിത്യസൗഭാഗ്യം അനുഭവിക്കുകയും ചെയ്യുവാനേ മനുഷ്യപ്രകൃതിക്കു സഹജമായി കഴിവും അവകാശവുമുള്ളു. എന്നാൽ ദൈവം ആദത്തിനു നിശ്ചയിച്ചുവച്ച നിത്യസൗഭാഗ്യം ഇതല്ലായിരുന്നു. ഈ ലോകജീവിതത്തിനുശേഷം ദൈവത്തെ അഭിമുഖമായി ദർശിക്കുവാനും തദനുസരണമായ നിത്യാനന്ദമനുഭവിക്കുവാനുമുള്ള പരമലക്ഷ്യമാണു് ദൈവം ആദത്തിനു് ആദ്യമേ നിശ്ചയിച്ചുവച്ചതു്. ആ ദർശനവും ആനന്ദവും മനുഷ്യപ്രകൃതിയുടെ സകല കഴിവിനും അർഹതയ്ക്കും വളരെ ഉപരിയായതിനാൽ പ്രകൃത്യതീതമായ കഴിവും അർഹതയും ആദത്തിനു നൽകേണ്ടിയിരുന്നു. ദിവ്യപ്രസാദവരം എന്ന ദാനത്താലാണു് ദൈവം ഈ കഴിവും അർഹതയും ആദത്തിനു നൽകിയതു്. ഈ ദിവ്യപ്രസാദവരത്തിന്റെ ഫലമായും അതിനോടനുബന്ധിച്ചും പ്രകൃത്യതീതങ്ങളായ ദൈവികപുണ്യങ്ങളും സാന്മാർഗ്ഗികപുണ്യങ്ങളും ദൈവം ആദത്തിനു നൽകി. ഇവയെല്ലാം നൽകിക്കൊണ്ടാണു് ദൈവം ആദത്തെ പ്രകൃതിസഹജമായ നിലയിൽനിന്നും ഉയത്തി പ്രകൃത്യതീതമായ നിലയിൽ സൃഷ്ടിച്ചുവച്ചതു്.

### പ്രകൃത്യേതരദാനങ്ങൾ

പ്രകൃത്യതീതങ്ങളായ ഈ ദാനങ്ങൾക്കുപുറമെ വേറെയും ചില വരങ്ങൾ ദൈവം ആദത്തിനു നൽകിയിരുന്നു. അവയിലൊന്നു് മരണമില്ലായ്മയാണു്. മരിക്കാതെ, മരണവാതിലിൽക്കൂടി കടക്കാതെ, ആദം ഈ ലോകത്തിൽനിന്നു പരലോകത്തിൽ പ്രവേശിക്കണമെന്നായിരുന്നു ദൈവനിശ്ചയം. ആത്മാവോടും ശരീരത്തോടുംകൂടിയ മനുഷ്യൻ മരിക്കുക അവന്റെ പ്രകൃതിക്കു ചേന്നതാണു്. മരണമില്ലായ്മ അവന്റെ പ്രകൃതിയുടെ അവശ്യാവശ്യകമായ ഒരു ലക്ഷണമല്ല. ദൈവം കേവലം സൗജന്യമായ ഒരു ദാനമായിട്ടാണു് ആദത്തിനു് അതു നൽകിയതു്. മനുഷ്യപ്രകൃതിക്കു സ്വതവേ ഈ വരം കൈവരുത്തുവാൻ സാധ്യമല്ലെങ്കിലും, മനുഷ്യപ്രകൃതിക്കതീതമായ ഒരു ജീവിതമണ്ഡലത്തിലേക്കു്, ദിവ്യപ്രസാദവരത്തെപ്പോലെ, മരണമില്ലായ്മയെന്ന വരം മനുഷ്യനെ ഉയത്തിവയ്ക്കുന്നില്ല. മാനുഷികമായ ജീവിതമണ്ഡലത്തിന്റെ അതിത്തിക്കുള്ളിൽ കൂടുതൽ വിശിഷ്ടവും പൂർണ്ണവുമായ ഒരു നിലയിലേക്കു് അതു് അവനെ ഉയത്തിവയ്ക്കുന്നേയുള്ളു. തന്മൂലം ഈ വിശിഷ്ടദാനത്തെ പ്രകൃത്യതീതമെന്നല്ല, പ്രകൃത്യേതരമെന്നാണു് വേദശാസ്ത്രജ്ഞന്മാർ വിളിക്കുന്നതു്.

മരണമില്ലായ്മയോടു് അടുത്തു ബന്ധപ്പെട്ട വേറൊരു പ്രകൃത്യേതരദാനവും ദൈവം ആദത്തിനു നൽകിയിരുന്നുവെന്നു് കത്തോലിക്കാവേദശാസ്ത്രജ്ഞന്മാർ പൊതുവായി പഠിപ്പിക്കുന്നു. വേദനയിലും സഹനത്തിലും നിന്നുള്ള വിമുക്തിയാണു് ഈ വരം. പാപത്തിന്റേയും അജ്ഞതയുടേയും മൂഢതയുടേയും നേരിട്ടുള്ളതോ പരോക്ഷമോ ആയ വേദനകളേയും സഹനങ്ങളേയും ഒഴിച്ചുവയ്ക്കുവാൻ ആദത്തിനെ പ്രാപ്തനാക്കുന്ന ഒരു വരമായിരുന്നു ഇതു്. മനുഷ്യോചിതവും ക്രമീകൃതവുമായ ഒരു ജീവിതം നയിക്കുവാൻ ആവശ്യകമായ ജ്ഞാനം സൃഷ്ടിയോടുകൂടിത്തന്നെ ആദത്തിൽ ദൈവം നിക്ഷേപിച്ചിരുന്നുവെന്നും വേദശാസ്ത്രജ്ഞന്മാർ പൊതുവായി പഠിപ്പിക്കുന്നുണ്ടു്. ഈ വരവും പ്രകൃത്യേതരദാനങ്ങളിൽ പെട്ടതാണു്.

പ്രകൃത്യേതരമായ മറെറാരു പ്രധാന വരം ദൈവം ആദത്തിനു നല്കിയിരുന്നതു ദുർമ്മോഹങ്ങളിൽനിന്നുള്ള വിമുക്തിയാണു്. മനുഷ്യനു ബുദ്ധിയും മനസ്സുമെന്ന കേവലം ആദ്ധ്യാത്മികങ്ങളായ ഉന്നതശക്തികൾക്കുപുറമെ ഐന്ദ്രികങ്ങളായ താഴ്ന്ന ശക്തികളുമുണ്ടല്ലോ. ഈ രണ്ടാമതു പറഞ്ഞവ ദൈവത്തിൽനിന്നുള്ളതും സ്വതവേ നല്ലവയുമാണു്. അവയ്ക്കു പ്രത്യേകങ്ങളായ പ്രവൃത്തികൾ ചെയ്തു തൃപ്തിയടയുവാൻ വാസനയുള്ളവയുമാണു്. ഈ വാസനയും സ്വതവേ നിർദ്ദോഷമാണു്. എന്നാൽ മനുഷ്യൻ ഇതരജന്തുക്കളിൽനിന്നു വ്യത്യാസപ്പെട്ടു് ഉൽകൃഷ്ടജീവിയായിരിക്കുന്നതു ബുദ്ധിയും മനസ്സുമെന്ന ആദ്ധ്യാത്മികങ്ങളായ ശക്തികളാലാണല്ലോ. അവയുടെ നിയന്ത്രണത്തിനു് ഐന്ദ്രികശക്തികൾ പരിപൂർണ്ണമായും വിധേയമായിരിക്കണം. അതിലാണു് മനുഷ്യന്റെ ക്രമീകൃതമായ ജീവിതമടങ്ങിയിരിക്കുന്നതു്. ഈ അവസ്ഥ ആദത്തിനു് ആദ്യംമുതലുണ്ടായിരുന്നു. ഐന്ദ്രികശക്തികൾ ആദത്തിൽ ബുദ്ധിക്കും മനസ്സിനും എതിരായി ഒരിക്കലും പ്രവത്തിച്ചിരുന്നില്ല. ദൈവം ആദത്തിനു നൽകിയ ഈ വരമാണു് ദുർമ്മോഹത്തിൽനിന്നുള്ള വിമുക്തിയെന്നു പറയുന്നതു്. മരണമില്ലായ്മയുൾപ്പെടെ ഇപ്പറഞ്ഞ വരങ്ങളെല്ലാം മനുഷ്യപ്രകൃതി സ്വതവേ അർഹിക്കാത്തതുകൊണ്ടും അവ പ്രകൃത്യതീതമായ ജീവിതമണ്ഡലത്തിലേക്കു് മനുഷ്യനെ ഉയത്തിവയ്ക്കാത്തതുകൊണ്ടുമാണു് ഇവയ്ക്കു് പ്രകൃത്യേതരദാനങ്ങളെന്നു വേദശാസ്ത്രജ്ഞന്മാർ പേർകൊടുത്തിരിക്കുന്നതെന്നു വീണ്ടും പറഞ്ഞുകൊള്ളട്ടെ.

ഇപ്രകാരം പ്രകൃത്യതീതങ്ങളും പ്രകൃത്യേതരങ്ങളുമായ വരദാനങ്ങളോടുകൂടിയാണു് ദൈവം ആദത്തേയും ഹവ്വായേയും ഭൗമികപറുദീസായിൽ സൃഷ്ടിച്ചുവച്ചതു്. ഈ ദാനങ്ങളെല്ലാം ആദത്തിന്റെ സന്താനങ്ങളായ സകല മനുഷ്യർക്കും ഉല്പാദനംവഴി ജന്മനാ ലഭിക്കണമെന്നായിരുന്നു ദൈവത്തിന്റെ നിശ്ചയം. എന്നാൽ നിർഭാഗ്യവശാൽ ആദത്തിനും സന്താനങ്ങൾക്കു മുഴുവനും അവ നഷ്ടപ്പെടുകയാണുണ്ടായതു്. അതിനെപ്പററി അടുത്തലക്കത്തിൽ.

---

## അറിയിക്കാതെ കടന്നുകളഞ്ഞു

ചെക്കോസ്ലോവാക്യയിൽനിന്നും വത്തിക്കാനിലേക്കു അയച്ചിരുന്ന നയതന്ത്രപ്രതിനിധിയും കീഴുദ്യോഗസ്ഥന്മാരും കഴിഞ്ഞമാസത്തിൽ ഓഫീസെല്ലാം പൂട്ടി, വിവരം വത്തിക്കാനെ അറിയിക്കപോലും ചെയ്യാതെ കടന്നുകളഞ്ഞിരിക്കുന്നു.

## വേലയുടെ മാഹാത്മ്യം

“ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വേല ദൈവസേവനമാണു്; വിശുദ്ധീകരണത്തിനുള്ള ഏററവും പ്രധാനപ്പെട്ട ഒരു മാർഗ്ഗമാണു്; ദൈവഹിതം അനുവത്തിക്കുന്നതിനും സ്വർഗ്ഗം നേടുന്നതിനുമുള്ള ഏററവും കാര്യക്ഷമമായ ഒരുപാധിയുമാണു്” എന്നത്രെ പരിശുദ്ധ പിതാവു് കഴിഞ്ഞമാസം ഇററലിയിലെ ബാങ്കുദ്യോഗസ്ഥന്മാർക്കും കീഴ്ജീവനക്കാർക്കും ഒരു സന്ദർശനമനുവദിച്ച അവസരത്തിൽ പ്രസ്താവിച്ചതു്.

## വിശ്വസനീയമല്ല

ബവേറിയായിലെ ഒരു ഗ്രാമത്തിൽ ചില കുട്ടികൾക്കു മാതാവു് കാണപ്പെട്ടുവെന്ന വാത്ത അച്ചർ പ്രചരിപ്പിച്ചിരുന്നെങ്കിലും, തൽസംബന്ധമായി അന്വേഷണം നടത്തുന്നതിനു് നിയുക്തമായ ഔദ്യോഗികകമ്മീഷൻ പ്രസ്തുത വാത്ത വിശ്വാസയോഗ്യമല്ലെന്നു പ്രസ്താവിച്ചിരിക്കുന്നു.

## കത്തോലിക്കാ ശാസ്ത്രജ്ഞൻ

ഐക്യനാടുകളിലെ അറോമിക് എനെർജി കമ്മീഷനിലെ ഒരംഗമായി നിയമിതനായിരിക്കുന്ന മി. തോമസ് ഇ. മുറെ ഉത്തമനായ ഒരു കത്തോലിക്കനും വി. ഗ്രിഗരിയുടെ ഒരു മാടമ്പി (K. S. G.) യുമാണു്. അദ്ദേഹത്തിന്റെ 11 മക്കളിൽ 2 പേർ ഈശോസഭയിൽ ചേന്നു വൈദികവിദ്യാഭ്യാസം നടത്തിവരുന്നു.

## കത്തോലിക്കാമാതാവു്

അമേരിക്കൻ ഐക്യനാടുകളിലെ ഉത്തമയായ ഒരു കത്തോലിക്കാമാതാവിനു കൊല്ലംതോറും അവിടത്തെ “ദി നാഷനൽ കാത്തലിക്കു് കോൺഫറൻസ് ഓൺ ഫാമിലി ലൈഫ്” എന്ന സംഘം ഒരു ബഹുമതിമുദ്ര കൊടുത്തുവരാറുണ്ടല്ലോ. 1950-ലേക്കുള്ള സമ്മാനം ലഭിച്ചിരിക്കുന്നതു മിച്ചിഗനിലെ മിസിസ് ജോൺ ബാവെർ എന്ന വനിതയ്ക്കാണു്. അവരുടെ 14 മക്കളിൽ 4 പേർ വൈദികരും 5 പേർ കന്യാസ്ത്രീകളുമാണു. ഉത്തമയായ ഈ കത്തോലിക്കാമാതാവു് ഒരു സന്യാസിനിയാകാൻ ബാല്യകാലത്തു വിഫലശ്രമം നടത്തിയ ആളാണെന്നുള്ളതു പ്രസ്താവ്യമത്രെ.

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam